# സത്യദീപപ്രചാരണസ്പെഷൽലക്കം

Reg. No. M. 2293
പുസ്തകം 27,
ലക്കം 35.

ഒററപ്രതി 2ണ.
1954 മേയ് 5
1129 മേടം 22




വിവിധവിഷയങ്ങളെ
കുറിച്ചുള്ള പണ്ഡിതന്മാരുടെ വിശിഷ്ട
**ലേഖനങ്ങളും** പ്രബുദ്ധമായ **മുഖപ്രസംഗവും**
അബദ്ധാഭിപ്രായങ്ങളെ പ്രതിപക്ഷ ബഹുമാനത്തോടെ നിശിത
മായി ഖണ്ഡിക്കുന്ന **വിമർശനങ്ങളും** വിദഗ്ദ്ധവും സന്ദർഭോ
ചിതവുമായ **പ്രസാധകക്കുറിപ്പുകളും** വിവിധവൃത്താന്തങ്ങൾ, ചെറുകഥകൾ, **ജീവചരിത്രങ്ങൾ,** വീട്ടുപകടങ്ങൾ, വിനോദവീഥികൾ, പദ്യങ്ങൾ, ഗാനങ്ങൾ, സ്വദേശവിദേശ വാർത്താസംഗ്രഹം മുതലായ വിവിധപംക്തികളും സമാകർഷകമായി ഉള്ളടക്കി മനോഹരങ്ങളായ ചിത്രങ്ങളാൽ സമലംകൃതമായി വിജ്ഞാനത്തിൻെറയും കലാബോധത്തിൻെറയും
പ്രകാശകിരണങ്ങൾ എമ്പാടും വിതറിക്കൊണ്ടു്

# സത്യദീപം



എല്ലാ ബുധനാഴ്ചയും
പന്ത്രണ്ടു പേജിൽ പുറത്തുവരുന്നു.
ഇരുപത്തിഏഴു കൊല്ലത്തെ
പ്രശസ്തമായ സേവനചരിത്രം
ജാതിമതഭേദമെന്യേ എല്ലാ ജനങ്ങൾക്കും
അതു സ്വാഗതാർഹമാക്കിക്കഴിഞ്ഞിരിക്കുന്നു.
**നിങ്ങൾ അതിൻെറ ഒരു വരിക്കാരനല്ലെങ്കിൽ**
**ഇന്നുതന്നെ**
**ഒരു സ്ഥിരവരിക്കാരനായി പേരു കൊടുക്കുക.**
ഏജൻസിവഴിക്കോ തപാൽവഴിക്കോ ആഴ്ചതോറും പത്രം
നിങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കും.

**വരിസംഖ്യ**

| | | | |
|---|---|---|---|
| ആണ്ടിൽ | Rs. 6 | 8 | 0 |
| ,, (ഇന്ത്യക്കു പുറമെ) ,, | 8 | 12 | 0 |

**ഒററപ്രതിക്കു് രണ്ടണ**
വരിസംഖ്യ എപ്പോഴും മുൻകൂർ
ഏജൻസിവ്യവസ്ഥകൾക്കു ആപ്പീസിലേക്കെഴുതുക




സത്യദീപം
മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം-1

Sathyadeepam
Mar Louis Memorial Press,
Ernakulam-1

Phone No. 110

# മക്കളുടെ ദൈവവിളി

(ഫാ. ജോസഫ് ഹാരോൾഡ്, ററി. ഒ. സി. ഡി)

തങ്ങളുടെ മക്കളെ ശാരീരികമായി പോഷിപ്പിക്കുന്നതുകൊണ്ടും ബുദ്ധിപരമായുള്ള വികസനത്തിനായി വിദ്യാഭ്യാസം നൽകുന്നതുകൊണ്ടും മാതാപിതാക്കന്മാർ തങ്ങളുടെ മക്കളോടുള്ള കടമ മുഴുവനായി നിർവ്വഹിച്ചുവെന്നു് കരുതാവുന്നതല്ല. അവരുടെ ഭാവിജീവിതത്തെ സാരമായി സ്പർശിക്കുന്ന ജീവിതാന്തസ്സ് തിരഞ്ഞെടുപ്പിലും മാതാപിതാക്കന്മാർ അവരെ സഹായിക്കണം. ഇക്കാര്യത്തിൽ മാതാപിതാക്കന്മാർ പക്ഷപാതികളും നിർബന്ധബുദ്ധികളുമാകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. "ഇന്ന ജീവിതാന്തസ്സിൽ മാത്രമേ എന്റെ മകൻ അല്ലെങ്കിൽ മകൾ പ്രവേശിക്കാവൂ" എന്നു് ശഠിക്കുന്ന കത്തോലിക്കാ മാതാപിതാക്കന്മാർ ദൈവപിതാവിന്റെ പരമാധികാരത്തിൽ കൈകടത്തുകയാണു് ചെയ്യുന്നതു്. ദൈവസ്വരമായ മനഃസാക്ഷി പ്രചോദനത്താൽ തനിക്കു് ഉത്തമമെന്നു ബോദ്ധ്യമുള്ള ജീവിതസ്ഥിതി തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം ഓരോരുത്തന്റെയും മനഃസാക്ഷിസ്വാതന്ത്ര്യത്തിന്റെ വലയത്തിൽ പെട്ടതാണെന്നുള്ളതിൽ സംശയലേശമില്ല.

ദൈവത്താൽ പ്രത്യേകവിധം വിളിക്കപ്പെടുന്നവർക്കു മാത്രമേ വൈദികസന്യാസാന്തസ്സുകളിൽ പ്രവേശനം സിദ്ധിക്കുവാൻ യഥാർത്ഥമായ അവകാശമുള്ളൂ എന്ന സംഗതി ഇവിടെ വിസ്മരിക്കുന്നില്ല. സുകൃതജീവിതത്തിൽ അഭിരുചി, ആത്മശരീരശുദ്ധതയിൽ നിഷ്ഠ, പരിത്യാഗമനോഭാവം, തിരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്ന ജീവിതസ്ഥിതിയോടു് സ്വാഭാവികമായി ഒരു ചാച്ചിൽ, ശരീരാരോഗ്യം, നിശ്ചയിക്കപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസയോഗ്യത, അത്യാവശ്യം വേണ്ടതായ സമ്പത്തികകഴിവു്, സർവ്വോപരി സഭാദ്ധ്യക്ഷരാലുള്ള തിരഞ്ഞെടുപ്പു് ഇങ്ങനെ പല ഘടകങ്ങൾ ഇക്കാര്യത്തിൽ ഒത്തിണങ്ങുവാനുണ്ടു്. ഇതിൽ ഏതെങ്കിലും ഒന്നിന്റെ അഭാവത്താൽ ദൈവവിളി ലഭിച്ചിട്ടില്ലെന്നുവരാം.

ഓരോരുത്തനും പ്രവേശിക്കുവാൻ ഉദ്ദേശിക്കുന്ന ജീവിതസ്ഥിതിയെപ്പററി വേണ്ട ജ്ഞാനം സമ്പാദിക്കുകയും തന്റെ കഴിവിനെപ്പററി ദൈവാനുഗ്രഹത്തിൽ ആശ്രയിച്ചു് പ്രാർത്ഥനാസമന്വിതം പരിശോധിക്കുകയും ചെയ്തശേഷം ജീവിതാന്തസ്സു് തിരഞ്ഞെടുക്കുന്നപക്ഷം പിന്നീടു് തന്റെ തിരഞ്ഞെടുപ്പിനെപ്പററി ഖേദിക്കേണ്ടിവരുകയില്ല. യഥാർത്ഥത്തിൽ ദൈവവിളിയുള്ളവർ അതുപേക്ഷിക്കുന്നതും ദൈവവിളിയില്ലാത്തവർ അതിൽ പ്രവേശിക്കുന്നതും ആത്മനാശഹേതുകമാണു്. ഈ തെററായ തിരഞ്ഞെടുപ്പു് ഭാവിജീവിതത്തെ മലീമസമാക്കുമെന്നുള്ളതു് നിർവ്വിവാദമാണു്.

തങ്ങളുടെ മക്കൾ വൈദികപദവിയിൽ അല്ലെങ്കിൽ സന്യാസപദവിയിൽ ആരോഹണം ചെയ്തുകാണുന്നതിൽ പരമായി യഥാർത്ഥ കത്തോലിക്കാ മാതാപിതാക്കന്മാർക്കു് കാമ്യമായി മറെറാന്നില്ല. പ. പിതാവു് പന്ത്രണ്ടാം പീയൂസു് മാർപ്പാപ്പായുടെ ഉൽബോധനം ഇത്തരുണത്തിൽ ശ്രദ്ധേയമാണു്. അവിടുന്നു് പറയുന്നു: "ഒരു ക്രിസ്തീയഭവനം പുത്രന്മാരാലും പുത്രിമാരാലും അനുഗൃഹീതമായി അവിടെ സന്തോഷവും പരിശുദ്ധമായ സൗഭാഗ്യവും തുളുമ്പിക്കൊണ്ടിരിക്കുമ്പോൾ കർത്താവു് കയറിവന്നു് തന്റെ ഓഹരി ആവശ്യപ്പെട്ടേക്കും. അവരിൽ ഒരാൾ തന്നെ അനുഗമിക്കണമെന്നു് അവിടുന്നു് ആജ്ഞാപിച്ചേക്കാം. ആ സമയത്തു് ആ ദിവ്യാഹ്വാനത്തെ ശ്രവിക്കുവാനും അനുസരിക്കുവാനുമുള്ള ശ്രദ്ധയും ധൈര്യവും മക്കൾക്കും അതിനു് അവരെ പ്രോത്സാഹിപ്പിക്കുവാനുള്ള ഉദാരത മാതാപിതാക്കന്മാർക്കും ഉണ്ടാകണം."

എന്നാൽ ധനമോഹത്താൽ പ്രേരിതമായി ഉദ്യോഗഅപ്പക്കഷണത്തിനുവേണ്ടി, ദൈവം വിളിക്കുന്ന മക്കളെ നിരുത്സാഹപ്പെടുത്തുന്നതും, സന്യാസജീവിതം അല്ലെങ്കിൽ മിഷനറി വൈദികത്വം ആരായുന്ന ഒരുവനെ ഇടവകവൈദികനാകണമെന്നു് നിർബന്ധിക്കുന്നതും തികച്ചും അപലപനീയമാണു്. അതുപോലെ സന്യാസിനിയാകാൻ ഇച്ഛിക്കുന്ന മകളെ സാഹചര്യങ്ങളെല്ലാം അനുകൂലമായിരുന്നിട്ടും പ്രാഭവത്തിൽ മികച്ച ഒരു കുടുംബവുമായി ബന്ധുതയിൽ ഏർപ്പെടണമെന്നുള്ള മോഹത്താൽ വിവാഹത്തിനായി ബലികഴിക്കുന്ന പരിതാപകരരംഗങ്ങളും ലോകം ദർശിച്ചിട്ടുണ്ടു്. മക്കളുടെ അതിശ്രേഷ്ഠമായ ഭാവിക്കു് ബീജാവാപം ചെയ്യാൻ കടപ്പെട്ട കത്തോലിക്കാ മാതാപിതാക്കന്മാർക്കു് ഇതു് ഒട്ടും ഭൂഷണമല്ല. ഇത്തരത്തിൽ വർത്തിക്കുന്നവർ തങ്ങളുടെ മക്കൾക്കുവേണ്ടി കർശനമായ ഒരു കണക്കു കൊടുക്കേണ്ട നാൾ വരുമെന്നു് ഓർക്കുന്നില്ലായിരിക്കാം. പ. പിതാവിനെ സന്ദർശിച്ചു് ആശീർവ്വാദം സ്വീകരിപ്പാൻവന്ന ഒരു ഗണം നവദമ്പതികളോടു് അവിടുന്നു് ചെയ്ത പ്രസംഗമദ്ധ്യേ ഇങ്ങനെ ചോദിക്കയുണ്ടായി: "ദിവ്യഗുരുവിന്റെ ഓഹരിയായി നിങ്ങളുടെ പുത്രന്മാരെയോ, പുത്രിമാരെയോ ചോദിച്ചാൽ നിങ്ങൾ എന്തു ചെയ്യും?" "തീർച്ചയായും നൽകും" എന്നു് അവർ ഉത്തരം പറഞ്ഞു. ഈ മറുപടി എല്ലാ മാതാപിതാക്കന്മാരും എല്ലാക്കാലത്തും തങ്ങളുടെ പ്രവർത്തനത്താൽ ആവർത്തിക്കേണ്ടതാണു്.

മക്കളുടെ ദൈവവിളി സംബന്ധിച്ചു് മാതാപിതാക്കന്മാർ നൽകേണ്ട പ്രോത്സാഹനം ഏതു വിധത്തിലായിരിക്കണമെന്നു കൂടി പരിചിന്തനം ചെയ്യേണ്ടതായുണ്ടു്. ദൈവവിളി മൊട്ടിടുന്നതു് ഉത്തമകത്തോലിക്കാചൈതന്യമാകുന്ന വളംമുററിയ കുടുംബാരാമങ്ങളിലാണു്. ഉത്തമമായ കത്തോലിക്കാകുടുംബങ്ങളിലെ മാതൃകാപരമായ ജീവിതത്തിലും കുട്ടികളുടെ നല്ല വളർത്തലിലും അതു ഉടലെടുക്കുകയും വളരുകയും ചെയ്യുന്നു. മാതാപിതാക്കളുടെ ഭക്തിപ്രചുരിമ മക്കളുടെ അസ്ഥിത്വത്തോടുകൂടി തന്നെ അവരിൽ പകരപ്പെടുന്നു. മാതാപിതാക്കന്മാരുടെ വാക്കും പ്രവൃത്തിയും എന്നല്ല അവർ നൽകുന്ന പരിശീലനവും ദൈവവിളിയാകുന്ന മൊട്ടിനു് വളർച്ചനൽകുന്നു. "സന്യാസാന്തസ്സ് മറെറല്ലാ ജീവിതസ്ഥിതികളെക്കാളും ഉയർന്നതാണു്" (കാനോൻ നിയമം) "വൈദികപദവി രാജപദവിയെക്കാളും മെച്ചമാണു്" എന്നീ തത്വങ്ങൾ ചെറുപ്പകാലം മുതൽതന്നെ മക്കളുടെ പിഞ്ചുഹൃദയങ്ങളിൽ നിക്ഷേപിക്കുന്നതിനു് മാതാപിതാക്കന്മാർ പരിശ്രമിക്കുന്നുവെങ്കിൽ ദൈവവിളി ധാരാളമായി നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകാതിരിക്കയില്ല. മറിച്ചു് വൈദികരേയും സന്യാസികളേയും അപലപിച്ചുകൊണ്ടുള്ള സംസാരവും വിമർശനവും ഏതൊരു കുടുംബത്തിലുണ്ടാകുന്നുവോ അതിലെ അംഗങ്ങൾക്കു് ദൈവവിളി ലഭിക്കുക സാമാന്യമായി സാദ്ധ്യമല്ല.

ഭക്താഭ്യാസങ്ങളിലുള്ള ജാഗ്രതയ്ക്കു പുറമെ വിശിഷ്ടഗ്രന്ഥങ്ങളുടെ പാരായണം അശ്ലീലങ്ങളായ സകലത്തിൽനിന്നുമുള്ള പിൻമാററം, മാതൃകാപരമായ ജീവിതം, ശാന്തവും സ്നേഹമസൃണവുമായ തെററുതിരുത്തൽ, നലംതികഞ്ഞ ക്രിസ്തീയ ജീവിതം ഇവയെല്ലാംകൊണ്ടും മക്കളുടെ ദൈവവിളിയെ പോഷിപ്പിക്കാൻ കടപ്പെട്ട മാതാപിതാക്കന്മാർ അതിനെതിരായി പ്രവർത്തിക്കുന്നതു ദൈവത്തോടുള്ള എതിർപ്പാണെന്നു് പറയേണ്ടിയിരിക്കുന്നു. തങ്ങളുടെ മക്കൾക്കു് ദൈവവിളി ലഭിക്കുന്നതിനുവേണ്ടി ദൈവത്തെ സദാ പ്രാർത്ഥിക്കുന്നതിനും മാതാപിതാക്കന്മാർ സദാ ശ്രദ്ധാലുക്കളായിരിക്കണം. മാതാപിതാക്കന്മാരുടെ കടമകളായി മേൽ പ്രസ്താവിക്കപ്പെട്ടവ കുട്ടികളുടെ രക്ഷാകർത്താക്കന്മാരേയും അദ്ധ്യാപകന്മാരേയും ആത്മപാലകരായ വൈദികരേയും സാഹചര്യങ്ങൾക്കനുസൃതമായി ബാധിക്കുന്നുണ്ടെന്നുള്ളതു് സ്പഷ്ടമാണല്ലോ. ക്രിസ്തുനാഥന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാർ വർദ്ധിച്ചുവരുവാൻ നമുക്കു പ്രാർത്ഥിക്കാം.

# റഷ്യയിലെ മെയ്മാസാചാരം

(മാത്യു ജെ. മരങ്ങാട്ടിക്കാലാ)

റഷ്യയിലെ കത്തോലിക്കാസഭ ഇപ്പോൾ ബോൾഷെവിസത്തിന്റെ — കമ്മ്യൂണിസത്തിന്റെ—പിടിയിൽ കുടുങ്ങി എരിപൊരികൊള്ളുകയാണു്. പ്രസ്തുതസഭ സ്വൈരം വളർന്നു ബലപ്പെട്ടിരുന്ന ഒരുകാലം കാണാനുണ്ടു് റഷ്യൻ ചരിത്രത്തിലും. അക്കാലത്തു് മേയ്മാസത്തിന്റെ ആദ്യദിവസത്തിൽ കത്തോലിക്കർ വളർത്തുന്ന പക്ഷികളെയെല്ലാം പൊതുജനങ്ങൾ കൂടുന്ന നഗരങ്ങളിൽ കൊണ്ടുചെന്നു് സ്വതന്ത്രമാക്കി വിട്ടയച്ചിരുന്ന ഒരു പതിവുണ്ടായിരുന്നു. റഷ്യക്കാർക്കു പക്ഷികളോടു് വലിയ വാത്സല്യമാണു്. എങ്കിലും അവയെ ഇങ്ങനെ വിട്ടയക്കുന്നതു വസന്തകാലസുഖം അനുഭവിക്കുന്നതിനാണു്. മേയ്മാസം ഒന്നാം തീയതിതന്നെ ഇതു അനുഷ്ഠിക്കുന്നതു, അന്നു പരിശുദ്ധ കന്യകമറിയത്തിനു പ്രത്യേകം പ്രതിഷ്ഠിച്ചിരിക്കുന്ന മാസത്തിന്റെ പ്രാരംഭദിനമായതുകൊണ്ടു്, ഈ പക്ഷികൾ സ്വർഗ്ഗത്തിൽച്ചെന്നു തങ്ങളുടെ ആഗ്രഹങ്ങളും അപേക്ഷകളും മധുരഗാനങ്ങളായി ദൈവമാതാവിന്റെ മുൻപിൽ സമർപ്പിക്കട്ടെ എന്ന ആശംസകൂടിയുള്ളതുകൊണ്ടായിരുന്നു. എന്നാൽ നിർദ്ദോഷവും ബാലിശവുമായ ഇത്തരം വിനോദങ്ങൾക്കൊന്നും ഇന്നു റഷ്യയിൽ സ്ഥാനമില്ല. മതത്തിന്റെ നാമം പറഞ്ഞു യാതൊരു പ്രസ്ഥാനവും അവിടെ പാടില്ലപോലും. "ക്രിസ്തുവിനെത്തന്നെയും തങ്ങളുടെ രാജ്യത്തുനിന്നു ഓടിക്കണമെന്നാണു അവരുടെ ഭാവം. കത്തോലിക്കാമതം ഇന്നു റഷ്യയുടെ കമ്മ്യൂണിസ്റ്റ്ബഹളത്തിനിടയിൽ മറഞ്ഞു രഹസ്യമായിട്ടാണു് അവിടെ ജീവിതസന്ധാരണം ചെയ്യുന്നതു്.

എപ്രിൽ മുപ്പതാംതീയതി; പ്രശാന്തരമണീയമായ സായാഹ്നം; ജോലിത്തിരക്കു കഴിഞ്ഞു ഭവനങ്ങളിലേക്കു മടങ്ങുന്നവരും, സ്വഗൃഹങ്ങളിൽനിന്നു വിനോദാർത്ഥം പട്ടണത്തിലുള്ള ഓരോ സങ്കേതങ്ങളിലേക്കു പോകുന്നവരുമായി ധാരാളം ജനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും തിടുക്കത്തിൽ തിക്കിത്തിരക്കിസഞ്ചരിക്കുന്നു. ജനബാഹുല്യത്തിൽനിന്നു ഒഴിഞ്ഞുമാറി നിരത്തിന്റെ ഒരുവശത്തുകൂടി സംഭാഷണംചെയ്തുകൊണ്ടു രണ്ടു കുട്ടികൾ പോകുന്നുണ്ടു്. അവർ വളരെ രഹസ്യത്തിലാണു സംസാരിക്കുന്നതു്; വളരെ ശ്രദ്ധിച്ചാലും കേൾക്കാൻ മററാർക്കും സാധിക്കുമെന്നു തോന്നുന്നില്ല. അവരുടെ കൂടെക്കൂടെയുള്ള നോട്ടവും ഭാവവും കണ്ടാൽ അവർ എന്തോ മഹാരഹസ്യങ്ങൾ പറയുകയാണെന്നുതന്നെ തോന്നും. പക്ഷെ, അതു മറയ്ക്കുവാൻ കുട്ടികൾ യത്നിക്കുന്നുണ്ടു്. കുറെ സംഭാഷിച്ചശേഷം പെൺകുട്ടി അവരുടെ സംസാരത്തെ ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു: "അലക്സി, നിന്റെ ഇഷ്ടംപോലെ "വസലങ്കി"യേ നാളെത്തന്നെ സ്വർഗ്ഗത്തിലേക്കു വിട്ടുകൊൾക." "ഈ ഭൂമുഖത്തു് നാം അധികം സ്നേഹിക്കുന്ന വസ്തുക്കളിൽ ഒന്നാണു് ഈ ചെറുജീവി. അതിനെ വിട്ടുകളവാൻ നമുക്കു തീരെ മനസ്സു വരുന്നില്ല. എങ്കിലും നമുക്കു മിശിഹായെ സ്വീകരിക്കുന്നതിനുള്ള ആഗ്രഹത്തെ അതു സ്വർഗ്ഗത്തിൽച്ചെന്നു നമ്മുടെ അമ്മയെ അറിയിക്കുമെന്നല്ലെ നീ പറയുന്നതു്. ഏതായാലും ഒന്നു തീർച്ചയാണു്. നമ്മൾ ക്രിസ്തുവിനെ പ്രതി ചെയ്യുന്ന ഈ ചെറിയ ത്യാഗത്തിനു അവിടുന്നു നമുക്കു നിശ്ചയമായും പ്രതിഫലം നൽകും." ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ അവർ വീട്ടിലെത്തി. ഈ കുട്ടികൾ രണ്ടുപേരും കത്തോലിക്കരാണു്. ഇവരുടെ മാതാവു് മരിച്ചിട്ടു് കുറെ കൊല്ലങ്ങളായി. പിതാവു് ജീവിച്ചിരിപ്പുണ്ടു്. പക്ഷെ മരിച്ചതിലും കഷ്ടമായ സ്ഥിതിയിലാണു്. കമ്മ്യൂണിസ്റ്റുകാരുടെ ദുഷ്പ്രേരണകൾക്കു വഴിപ്പെടായ്കയാൽ അയാളെ കാരാഗൃഹത്തിൽ അടച്ചിട്ടിരിക്കയാണു്. കുട്ടികളുടെ താമസം അവരുടെ മാതുലനോടുകൂടിയാണു്. സഹോദരിക്കു പതിമൂന്നും സഹോദരനു ഒമ്പതും വയസ്സുപ്രായമേ അന്നുണ്ടായിരുന്നുള്ളു. മാതാവിന്റെ മരണവും പിതാവിന്റെ ജയിൽവാസവും കാരണത്താൽ സഹോദരന്റെ ജീവിതത്തിൽ ആ സഹോദരി വളരെ ശ്രദ്ധപതിക്കുന്നുണ്ടു്. മാതാപിതാക്കളുടെ ജോലികൾ അവൾ തന്നെ ഏറെറടുത്തു നടത്തുകയാണു്. അലക്സിയെ അവൾ പല സംഗതികളും പറഞ്ഞു പഠിപ്പിച്ചിട്ടുണ്ടു്. കത്തോലിക്കാമതത്തെപ്പററി ആവശ്യം വേണ്ട അറിവു് അവനുണ്ടു്.

ഒരിക്കൽ അലക്സിയോടു ദിവ്യകാരുണ്യം സ്വീകരിക്കേണ്ട സംഗതി സംബന്ധിച്ചു സഹോദരിയായ "മരീൻകാ" വളരെ ഹൃദയംഗമമായവിധത്തിൽ സംസാരിച്ചു. അതു ബാലന്റെ മൃദുലഹൃദയത്തിൽ ശക്തിയായി പതിഞ്ഞു. പരിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുള്ള ആഗ്രഹം പ്രതിദിനം അവനിൽ ശക്തിപ്പെട്ടുതന്നെവന്നു. ഈ ആഗ്രഹസിദ്ധിക്കു വഴികാണാതെ രണ്ടുപേരും ദുഃഖിച്ചിരിക്കുകയായിരുന്നു. വേഷപ്രച്ഛന്നരായി രഹസ്യസഞ്ചാരം ചെയ്യുന്ന കത്തോലിക്കാവൈദികരെ മററുള്ളവരിൽനിന്നു തിരിച്ചറിയുവാൻ ഈ കുട്ടികൾക്കുണ്ടോ സാധിക്കുന്നു? ഇങ്ങനെ വിഷമിച്ചു കഴിയുമ്പോഴാണു് അലക്സി ഒരു കൗശലം കണ്ടുപിടിച്ചതു്. "വസലങ്കി" എന്നു പേരുള്ള ഒരു പക്ഷി ഈ കുട്ടികൾക്കുണ്ടായിരുന്നു. ഈ ചെറുജീവിയെ കുട്ടികളെന്നല്ലാ വീട്ടിലുള്ളവരെല്ലാംതന്നെ വളരെ ലാളിച്ചു വളർത്തിയിരുന്നു. കുട്ടികൾ ഇതിനെ തീററിപ്പോററി രക്ഷിക്കുവാൻ നന്നെ ക്ലേശിച്ചിട്ടുണ്ടു്. മുൻപു കത്തോലിക്കർ ചെയ്തുവന്നിരുന്ന പതിവനുസരിച്ചു ഈ പക്ഷിയെ പിറേറദിവസം സ്വർഗ്ഗത്തിലേക്കു വിട്ടു് തന്റെ അപേക്ഷയെ ദൈവജനനിയെ ഗ്രഹിപ്പിക്കണമെന്നാണു അലക്സി തീർച്ചപ്പെടുത്തിയതു്. ഈ കാര്യത്തിനു തന്റെ സഹോദരിയുടെ അനുമതി ചോദിച്ചതിനെത്തുടർന്നുണ്ടായതാണു മുൻപ്രസ്താവിച്ച സംഭാഷണം.

അന്നു ഭവനത്തിലെത്തിയിട്ടും കുട്ടി ആലോചനയിൽത്തന്നെ സമയം കഴിച്ചു. ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ആഗ്രഹം കൊണ്ടു അവനു അന്നത്തെ ഭക്ഷണത്തിനു തീരെ രുചി തോന്നിയില്ല. നിദ്രയും പോയി. എങ്കിലും കുട്ടി പിറേറദിവസത്തിൽ ചെയ്യേണ്ട സംഗതികളെ ആലോചിച്ചു നിശ്ചയിക്കാൻ ആ രാത്രി മുഴുവനും കഴിച്ചുകൂട്ടി. ഭയവും ഉൽകണ്ഠയും അവനെ അലട്ടി. തന്റെ പ്രവൃത്തി വല്ല കമ്മ്യൂണിസ്റ്റ്ഭടന്മാരുടേയും ദൃഷ്ടിയിൽപെട്ടാൽ വന്നേക്കാവുന്ന ഭയങ്കരഭവിഷ്യത്തുകളെ ഓർത്തു അവൻ ഞെട്ടാതിരുന്നില്ല. എങ്കിലും അതിരാവിലെ കുട്ടി ആരുമറിയാതെ പക്ഷിക്കൂട്ടും കൈയിലാക്കിവീട്ടിനു വെളിയിലായി. ധീരനായ നെപ്പോളിയനേയും അയാളുടെ സൈന്യത്തേയും ആയുധം വെപ്പിച്ചു മടക്കിവിട്ട റഷ്യയിലെ ദുസ്സഹമായ ശൈത്യത്തെ അവഗണിച്ചു ഒമ്പതു വയസ്സുമാത്രം പ്രായമുള്ള ആ ബാലൻ പോകുന്നതു കാണുന്നവരാരും അവനെ ആ യാത്രയ്ക്കു് പ്രേരിപ്പിക്കുന്നതു് ഒരു ദിവ്യശക്തിയാണെന്നു് സശിരഃകമ്പം സമ്മതിക്കും. കുട്ടി നിശ്ചിതസ്ഥലത്തെത്തി. അവൻ തിരിഞ്ഞും മറിഞ്ഞും നാലുംപാടും നോക്കി. സമീപത്തെങ്ങും ആരുമില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ, അതുവരെ അവൻ മറച്ചുവച്ചിരുന്ന കൂടുതുറന്നു് ആ പക്ഷിയെ കൈയിലെടുത്തു അതിന്റെ ചെവിയിൽ ഇങ്ങനെ മന്ത്രിച്ചു: "നീ ഒട്ടും കാമസിക്കാതെ നേരെ സ്വർഗ്ഗത്തിൽ ചെന്നു; ദിവ്യകാരുണ്യമുൾക്കൊള്ളുവാൻ അതിയായി ആഗ്രഹിക്കുന്ന ഒരു റഷ്യൻ ബാലൻ നിന്നെ തന്റെ അടുക്കലേക്കു അയക്കുന്നു എന്നു പരിശുദ്ധ ദേവമാതാവിനോടു പറഞ്ഞു എന്റെ ആഗ്രഹവും അപേക്ഷയും അവളെ അറിയിക്കണം."

വളരെ താണസ്വരത്തിൽ മന്ത്രിക്കാനാണു കുട്ടി ശ്രമിച്ചതെങ്കിലും അവന്റെ ഉള്ളിലെ ഭക്തിയും ഭയവും ഇടകലർന്നുദിച്ച വികാരങ്ങളാൽ ഈ വാക്കുകൾ കുറെ ഉച്ചത്തിൽ ധ്വനിച്ചുപോയി. പക്ഷിയെ വിട്ടു; അതു അദൃശ്യമാകുന്നതുവരെ അതിനെ സൂക്ഷിച്ചു നിന്നശേഷം വീട്ടിലേക്കു മടങ്ങുന്നതിനു അവൻ തിരിഞ്ഞു. അപ്പോൾ ഒരാൾ എതിരേ വരുന്നതുകണ്ടു് അലക്സി അമ്പരന്നു ഇതികർത്തവ്യതാമൂഢനായി നിന്നുപോയി. "നീ പറഞ്ഞതും പ്രവർത്തിച്ചതും എനിക്കു മനസ്സിലായി." എന്നു വളരെ താണസ്വരത്തിൽ വന്നയാൾ അവനോടു പറഞ്ഞു. കുട്ടിയുടെ പരിഭ്രമം വർദ്ധിച്ചു; അവിടെനിന്നും ഓടിരക്ഷപെടുവാനായിരുന്നു കുട്ടിയുടെ

# സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം

## എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗുസ്തീനോസ് തിരുമനസ്സിലെ

### ശ്രദ്ധേയമായ ഇടയലേഖനം

#### ആ വെല്ലുവിളി

1833-ൽ പാരീസ് സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിയായിരുന്ന ഫ്രഡറിക്ക് ഒസ്സാനാമിനോടും സഹപ്രവർത്തകരോടും പ്രതിപക്ഷത്തിൽപ്പെട്ട അവരുടെ സതീർത്ഥ്യർ ചോദിച്ച ചോദ്യമാണ് താഴെ ചേർക്കുന്നത്.

"പഴയ കാലങ്ങളെപ്പററി നിങ്ങൾ പറയുന്നതൊക്കെ ശരി. മുൻകാലങ്ങളിൽ ക്രിസ്തുമതം ചെയ്തിട്ടുള്ള സംഗതികൾ വിസ്മയാവഹങ്ങൾതന്നെ. എന്നാൽ മനുഷ്യർക്കുവേണ്ടി ഇന്നു് അതു് എന്തുചെയ്യുന്നു? കത്തോലിക്കരെന്നു സ്വയം അഭിമാനിക്കുന്ന നിങ്ങൾ, നിങ്ങളുടെ വിശ്വാസത്തിൻെറ ജീവനും ശക്തിയും പ്രകാശിപ്പിക്കുവാൻവേണ്ടി, അതിൻെറ മാഹാത്മ്യം വിശദമാക്കുവാൻവേണ്ടി എന്തുചെയ്യുന്നു?"

ആ വെല്ലുവിളിക്കുള്ള ശക്തിയുക്തമായ പ്രത്യുത്തരമാണ് ഫ്രഡറിക്ക് ഒസ്സാനാമിൻെറ നേതൃത്വത്തിൽ സമാരംഭിച്ച വിൻസെൻറ് ഡി പോൾ സഖ്യം.

#### ഇന്നത്തെ അതിൻെറ പ്രതിദ്ധ്വനി

1952 ഏപ്രിൽ 27-ാം തീയതി റോമിൽ സമ്മേളിച്ച വിൻസെൻറ് ഡി പോൾ സംഘാംഗങ്ങളോടായി മാർപ്പാപ്പാ തിരുമേനി ചെയ്ത പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ, മേലുദ്ധരിച്ച ചോദ്യം കത്തോലിക്കാ തിരുസ്സഭയുടെ ജീവച്ഛക്തിയേയും പരമലക്ഷ്യത്തേയുംപററി വേണ്ട ജ്ഞാനമില്ലാത്തതിൽനിന്നു് ഉദയം ചെയ്യുന്നതാണെന്നിരുന്നാലും നമ്മൾ ഇക്കാലത്തും സദാ കേൾക്കുന്ന ഒരു ചോദ്യമാണിതു്: "നിങ്ങൾ പട്ടിണിപ്പാവങ്ങൾക്കുവേണ്ടി എന്തുചെയ്യുന്നു?" വാസ്തവത്തിൽ നമ്മൾ ഇപ്പോൾത്തന്നെ വളരെയധികം ചെയ്തുവരുന്നുണ്ടു്. അനാഥശാലകൾ, ആസ്പത്രികൾ, സാധുജനമന്ദിരങ്ങൾ തുടങ്ങി എത്രയേറെ ധർമ്മസ്ഥാപനങ്ങളാണ് നമ്മൾ നടത്തിവരുന്നതു്. യഥാർത്ഥത്തിൽ കത്തോലിക്കാസഭ ആരംഭംമുതൽതന്നെ എല്ലാററിലും വലിയ ധർമ്മസ്ഥാപനമായിട്ടാണു് പ്രവർത്തനങ്ങൾ നടത്തീട്ടുള്ളതു്. ക്ഷയം, കുഷ്ഠം മുതലായ മഹാവ്യാധികളാൽ വലയുന്നവരെ, "സമത്വം, സാഹോദര്യം." എന്നു മുറവിളികൂട്ടുന്ന കൂട്ടർ തന്നെ സാവകാശത്തിൽ വിഷം കുത്തിവെച്ചും മററോരോ വിധത്തിലും കൊന്നുകളയുമ്പോൾ നാം



അവരെ കരുണാപുരസ്സരം ആതുരാലയങ്ങളിൽ സ്വീകരിച്ചു് ശുശ്രൂഷിക്കുന്നു. സഭയുടെ സ്വത്തിൻെറ ഗണ്യമായ ഒരു ഭാഗം സാധുസംരക്ഷണത്തിനായിട്ടാണു് ഉപയോഗിച്ചുവരുന്നതു്. പള്ളിയുടെ വരവിൽ നാലിലൊരുഭാഗം ധർമ്മകാര്യങ്ങൾക്കായി വിനിയോഗിക്കണമെന്നാണു് നിശ്ചയം. ഇപ്രകാരമെല്ലാം നമ്മൾ സാധുജനസേവനം ചെയ്യുന്നുണ്ടെങ്കിലും, നമ്മുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ മററുള്ളവരുടെ ശ്രദ്ധയിൽ പെടുന്നില്ല. "അവർക്കു് ജീവനുണ്ടാകുവാനും സമൃദ്ധമായി അതുണ്ടാകുവാനും വേണ്ടിയാണു് ഞാൻ വന്നിരിക്കുന്നതു്" (യോഹ 10; 10) എന്നാണു് ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നതു്. ആ മനുഷ്യർക്കു് ആദ്ധ്യാത്മികജീവൻ പ്രദാനംചെയ്യുക എന്നതായിരുന്നു ദിവ്യരക്ഷകൻെറ ലക്ഷ്യം. അവിടുത്തെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ നിയുക്തമായിരിക്കുന്ന തിരുസ്സഭയുടെ ലക്ഷ്യവും ഇതുതന്നെ. ആ ലക്ഷ്യപ്രാപ്തിക്കുള്ള സുഗമമാർഗ്ഗങ്ങളാണ് പരസ്നേഹപ്രവൃത്തികൾ.

വിശക്കുന്നവർക്കു് ആഹാരം കൊടുക്കുക, ദാഹിക്കുന്നവർക്കു് കുടിപ്പാൻ കൊടുക്കുക, വസ്ത്രമില്ലാത്തവർക്കു് വസ്ത്രംകൊടുക്കുക, പാർപ്പിടം ഇല്ലാത്തവർക്കു് പാർക്കാൻ സ്ഥലംകൊടുക്കുക, അറിവില്ലാത്തവരെ പഠിപ്പിക്കുക തുടങ്ങി മനോഗുണപ്രവൃത്തികൾ പതിനാലുണ്ടെന്നു് നമ്മൾ പഠിച്ചിട്ടുണ്ടു്. അവ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ പരിശ്രമിച്ചെങ്കിലേ ക്രിസ്ത്യാനികൾ എന്ന പേരിനു് നമ്മൾ അർഹരായിത്തീരുകയുള്ളൂ. നമുക്കു് നിത്യസമ്മാനം ലഭിക്കുവാനും ഇവ ഒഴിച്ചുകൂടാത്തവയാണു്. "പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാകുന്നു" (യാക്കോ. 2, 17) എന്നു് വേദപുസ്തകം സാക്ഷിക്കുന്നുണ്ടു്. ജീവകാരുണ്യപ്രവൃത്തികളാൽ സ്വജീവിതം ധന്യമാക്കുന്നവരാണല്ലോ ലോകാവസാനത്തിൽ ദിവ്യരക്ഷകൻെറ പ്രതിസമ്മാനത്തിനു് പാത്രീഭവിക്കുവാൻ പോകുന്നതു്. പരോപകാരകൃത്യങ്ങളിൽ വ്യാപരിക്കാത്തവർ ശിക്ഷാർഹരാകുമെന്നും ദിവ്യരക്ഷകൻ വ്യക്തമാക്കിയിരിക്കുന്നു. "ജീവിതത്തിൻെറ സായാഹ്നത്തിൽ സ്നേഹത്തിൻെറ മാനദണ്ഡംവച്ചു് നിന്നെ അവർ അളക്കുന്നതായിരിക്കും" എന്ന വിശുദ്ധ യോഹന്നാൻ ക്രിസോസ്തോമോസിൻെറ വാക്കുകളും പ്രത്യേകം ശ്രദ്ധേയമായിരിക്കുന്നു.

#### നമ്മുടെ കർത്തവ്യം

ആകയാൽ ബ സഹോദരരേ, പ്രിയ മക്കളേ, നമ്മുടെ ജീവിതവിശുദ്ധീകരണത്തിനും നിത്യസൗഭാഗ്യപ്രാപ്തിക്കും അത്യന്താപേക്ഷിതമായ പരസ്നേഹപ്രവൃത്തികളിൽ നാം എത്രമാത്രം ശ്രദ്ധചെലുത്തുന്നു എന്നു് നമ്മളൊന്നു പരിശോധിച്ചുനോക്കുന്നതു് ഉചിതമായിരിക്കും. പാവങ്ങൾക്കുവേണ്ടി നാമോരോരുത്തരും എന്തു ചെയ്യുന്നു! അദ്ധ്വാനിക്കുകയും അവശതയനുഭവിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങളെ ഉദ്ധരിക്കുവാൻവേണ്ടി നാം എന്തു ചെയ്യുന്നു? ആഹാരത്തിനു വഴിയില്ലാതെ നമ്മുടെ പക്കൽ വരുന്നവനു് നമ്മാൽ പാടുള്ള സഹായം എല്ലായ്പോഴും നമ്മൾ ചെയ്യുന്നുണ്ടോ? അവരോടു് എല്ലായ്പോഴും നമ്മൾ നല്ലവാക്കു പറയാറുണ്ടോ? മററുള്ളവരെ കുററം പറയുന്നതുകൊണ്ടു് പ്രയോജനമില്ല. നമ്മുടെ സ്വന്തം പ്രവൃത്തികളെയാണു് നമ്മൾ പരിശോധിക്കേണ്ടതു്, നമ്മുടെ ഹൃദയത്തിൻെറ ഉള്ളറകളിലേക്കാണു് നമ്മൾ നടന്നുചെല്ലേണ്ടതു്. സാധാരണയായി ഒന്നും ചെയ്യാത്തവരായിരിക്കും മററുള്ളവരെ വിമർശിക്കുന്നതിൽ അഗ്രഗണ്യർ. ഒരുവൻ ഏതു ജീവിതരംഗത്തു വർത്തിക്കുന്നവനായാലും, അവൻെറ കഴിവുകൾ എത്ര പരിമിതമായിരുന്നാലും തന്നാലാവതു് ചെയ്യാൻ അവൻ സന്നദ്ധനാകണം. അങ്ങനെ എല്ലാവരും തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുമ്പോൾ ലോകം പുരോഗമിക്കും; സമാധാനത്തിൻെറ തണുത്ത കാററു് എങ്ങും വീശുകയുംചെയ്യും. ഇരുണ്ട അമേരിക്കയിലെ സുപ്രസിദ്ധനായ ഫാദർ കെല്ലറിൻെറ നേതൃത്വത്തിൽ സമാരംഭിച്ചിരിക്കുന്ന ക്രിസ്റ്റഫർ പ്രസ്ഥാനത്തിൻെറ മൗലികതത്വം. വിപ്ലവക്കൊടുങ്കാററു് നാടെങ്ങും വീശിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു്, പട്ടിണിപ്പാവങ്ങളെ തെററിദ്ധരിപ്പിച്ചു് പാട്ടിലാക്കാൻ സഭാശത്രുക്കൾ സംഘടിതപരിശ്രമം നടത്തിവരുന്ന ഇക്കാലത്തു്, തൊഴിലാളികളെ വഞ്ചനാത്മകമായ വാഗ്ദാനങ്ങളാൽ വശീകരിക്കുവാൻ ഒരുകൂട്ടമാളുകൾ ബദ്ധകങ്കണരായി ഇറങ്ങി പുറപ്പെട്ടിരിക്കുന്ന ഇക്കാലത്തു് ഓരോ ക്രിസ്ത്യാനിയും തൻെറ ജീവിതസാഹചര്യങ്ങളിൽ ഒരു പ്രേഷിതനായി വർത്തിക്കുവാൻ, നന്മസ്ഥായുള്ള ഒരു പ്രേരണാശക്തിയായിത്തീരുവാൻ, എത്രയോ കടപ്പെട്ടിരിക്കുന്നു! "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ടു് സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5; 16) എന്നുള്ള നമ്മുടെ കർത്താവിൻെറ വാക്കുകൾ നമ്മുടെ ഓരോരുത്തരുടേയും ഓർമ്മയിലിരിക്കട്ടെ.

#### സെൻറ് വിൻസെൻറിൻെറ മാതൃക

പലവിധ ധർമ്മപ്രവൃത്തികളും പരസഹായങ്ങളും ഓരോരുത്തരും ചെയ്യുന്നുണ്ടെന്നുള്ളതു് സ്തുത്യർഹമാണ്. എന്നാൽ നമ്മുടെ പരസ്നേഹപ്രവൃത്തികൾക്കു് ഒരു സംഘടിതരൂപം കൊടുക്കുവാനും അവ കൂടുതൽ കാര്യക്ഷമവും മാതൃകായോഗ്യവുമാക്കുവാനുമുള്ള ഏററവും പററിയ മാർഗ്ഗമാണ് ഓരോ ഇടവകയിലും വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ശാഖ സ്ഥാപിക്കുകയെന്നുള്ളതു്. ഈ സഖ്യത്തെക്കുറിച്ചു് എല്ലാവർക്കും അറിവുള്ളതിനാൽ ഇതിൻെറ ഉദ്ദേശത്തേയും സ്വഭാവത്തേയും പററി അധികം പറയേണ്ട ആവശ്യമില്ല. ഈ സഖ്യത്തിൻെറ നാമഹേതുകനായ വിൻസെൻറ് ഡി പോൾ, 17-ാം നൂററാണ്ടിൽ ഫ്രാൻസിൽ നടമാടിയിരുന്ന തിന്മകളെ ദൂരീകരിക്കുന്നതിനു് സ്വജീവിതം മുഴുവനും ചിലവഴിച്ച ഒരു മഹാപുണ്യവാനാണ്. അടിമകളെ ഉദ്ധരിക്കുക, തെരുവീഥികളിലും മററും ഉപേക്ഷിക്കപ്പെടുന്ന ശിശുക്കളെയെടുത്തു് സംരക്ഷിക്കുക മുതലായവ ഈ വിശുദ്ധൻെറ പ്രധാനപ്പെട്ട പ്രേഷിതകൃത്യങ്ങളായിരുന്നു. ഇന്നു് രോഗാതുരശുശ്രൂഷയിൽ അഖിലലോക പ്രശസ്തമായിത്തീർന്നിരിക്കുന്ന "ഉപവിയുടെ സഹോദരികൾ" എന്ന സന്യാസസഭ സ്ഥാപിച്ചതു് ഈ പുണ്യവാനാണ്. തിരുസ്സഭയുടെ അഭിമാനസ്തംഭമായി വിരാജിക്കുന്ന ഈ പുണ്യവാൻെറ സന്മാതൃകയാണു് വിൻസെൻറ് ഡി പോൾ സഖ്യം സ്ഥാപിക്കുവാൻ ഫ്രഡറിക്ക് ഒസ്സാനാമിനും സഹപ്രവർത്തകർക്കും പ്രചോദനം നൽകിയതു്. "നമുക്കു് പാവങ്ങളുടെ പക്കലേക്കു പോകാം" എന്നതായിരുന്നു ആരംഭത്തിൽ ഏഴുപേർ മാത്രമടങ്ങിയിരുന്ന ആ ചെറുസംഘത്തിൻെറ മുദ്രാവാക്യം. പാവപ്പെട്ടവരിൽ അവർ ക്രിസ്തുവിനെ ദർശിച്ചു. ഈ വസ്തുതയാണു് വലിയ ത്യാഗങ്ങൾ അനുഷ്ഠിക്കുന്നതിനു് അവരെ സന്നദ്ധരാക്കിയതു്. അപ്രകാരം ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്ന പാവപ്പെട്ടവരെ ശുശ്രൂഷിച്ചുകൊണ്ടു് സ്വയം വിശുദ്ധീകരിക്കുവാൻ അവർ പരിശ്രമിച്ചു. വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒന്നാമത്തെ പ്രസിഡണ്ടായിരുന്ന ബെയിലി സഖ്യാംഗങ്ങൾക്കു കൊടുത്തിരിക്കുന്ന ഉദ്ബോധനം നോക്കുക: "നിങ്ങളെത്തന്നെയും പാവങ്ങളെയും സഹായിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ സഹായം ഭൗതികമെന്നതിനെക്കാൾ ആദ്ധ്യാത്മികവും ധാർമ്മികവും ആയിരിക്കട്ടെ; സാധുക്കളിൽ കഷ്ടതയനുഭവിക്കുന്ന ഈശോയെ ദർശിച്ചുകൊണ്ടു് സ്വയം വിശുദ്ധീകരിക്കുവിൻ." എല്ലാക്കാലത്തും ഈ ഉദ്ബോധനം വിൻസെൻറ് ഡി പോൾ സഖ്യാംഗങ്ങൾക്കു് മാർഗ്ഗദർശകമായിരുന്നിട്ടുണ്ടു്.

#### ഫ്രഡറിക്ക് ഒസ്സനാമിൻെറ ആദർശം

"എൻെറ വിശ്വാസത്തെ ഉപവിപ്രവൃത്തികൾവഴി സുസ്ഥിരമാക്കുകയാണു് ഞാൻ ചെയ്യുന്നതു്" എന്നു പറഞ്ഞുകൊണ്ടു് ഒസ്സനാം സർവ്വകലാശാലാപ്രഫസ്സർ, വക്കീൽ, ജഡ്ജി മുതലായ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നപ്പോഴും തൻെറ ജീവിതകാലം മുഴുവനും പരസ്നേഹപ്രവൃത്തികളിൽ ചിലവഴിക്കുകയാണുണ്ടായതു്.

"പാവപ്പെട്ടവരിൽ ക്രിസ്തുവിനെ ദർശിച്ചുകൊണ്ടു്, പാവപ്പെട്ടവരിൽക്കൂടി ക്രിസ്തുവിനെ സേവിക്കുക," എന്ന ആദർശമാണു് പ്രാരംഭയോഗത്തിൽവച്ചു് ഫ്രഡറിക്കും സഹപ്രവർത്തകരും സ്വീകരിച്ചതു്. ഇതിനു് സാധുക്കളുടെ വസതികൾ സന്ദർശിച്ചു് അവർക്കു് ശാരീരികസഹായങ്ങൾ ചെയ്തുകൊണ്ടു് ആദ്ധ്യാത്മികമായി ഉണരുന്നതിനു് അവരെ ശക്തരാക്കുക എന്നതാണു് അവർ സ്വീകരിച്ച പ്രവർത്തനപരിപാടി. ആരംഭത്തിൽ ഓരോരുത്തർക്കും ഓരോ കുടുംബം ഏല്പിക്കപ്പെട്ടു. ക്രമേണ കൂടുതൽ കുടുംബങ്ങൾ ഓരോരുത്തർക്കും നിശ്ചയിച്ചുകൊടുത്തു. അവർ തികഞ്ഞ വിശ്വാസത്തോടും ആദർശനിഷ്ഠയോടും കൂടി പ്രവർത്തിച്ചുവന്നു. ഉയർപ്പുതിരുനാളിൽ പൊതുദിവ്യകാരുണ്യസ്വീകരണത്തിനുശേഷം ഫ്രഡറിക്ക് ഒസ്സനാം സാധുകുടുംബങ്ങളെ സന്ദർശിച്ചതിനുശേഷമേ സ്വഭവനത്തിലേക്കു് മടങ്ങുമായിരുന്നുള്ളൂ. "ഉയിർപ്പുതിരുനാളിൽ എൻെറ കർത്താവു് എന്നെ സന്ദർശിച്ചിരിക്കുന്നതിനാൽ അവിടുത്തെ പ്രതിനിധാനം ചെയ്യുന്ന സാധുക്കളെ സന്ദർശിച്ചുകൊണ്ടു് അങ്ങേക്കു പ്രതിസന്ദർശനം നടത്തുവാൻ എനിക്കുള്ള ചുമതല നിർവ്വഹിക്കേണ്ടിയിരിക്കുന്നു" എന്നതായിരുന്നു അദ്ദേഹത്തിൻെറ മനോഗതി.

ഫ്രെഡറിക്ക് ഓസാനാമിൻെറ ഈ മാതൃക അനുകരിക്കുവാൻ വിൻസെൻറ് ഡി പോൾ സഖ്യത്തിൽ പെട്ടവരും അല്ലാത്തവരും അശ്രാന്തം പരിശ്രമിക്കേണ്ടതാണു്. ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാംപിയൂസ് മാർപ്പാപ്പാ അരുളിച്ചെയ്തിരിക്കുന്നതു നോക്കുക:- "സാധുക്കളുടെ പക്കലേക്കു പോകുവിൻ; അവരെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുവിൻ.....നിങ്ങളുടെ പ്രേഷിതവൃത്തിയുടെ ആയുധം പ്രാർത്ഥനയായിരിക്കട്ടെ; ക്ഷമയും കരുണയും വിവേകവും വിവേചനവും സർവ്വോപരി ഉപവിയും നിങ്ങൾക്കു് ഉണ്ടായിരിക്കട്ടെ." 1952 ഏപ്രിൽ 27-ാംനു വിൻസെൻറ് ഡി പോൾ സംഘാംഗങ്ങളെ സംബോധന ചെയ്തുകൊണ്ടു് തിരുമേനി അരു

---

ബദ്ധപ്പാടു്. പക്ഷേ, വന്നയാൾ അവനെ കൈക്കുപിടിച്ചു നിറുത്തി ആശ്വസിപ്പിച്ചിട്ടു ഇങ്ങനെ പറഞ്ഞു: "പ്രിയ കുട്ടി, ഭയപ്പെടേണ്ട; ഞാൻ ഒരു കത്തോലിക്കാ വൈദികനാണു്." ഇതു കേട്ടപ്പോൾ കുട്ടിയുടെ പരിഭ്രമം പാടേ വിപാടനംചെയ്യപ്പെട്ടു. അടുത്തുണ്ടായിരുന്ന ഒരു ഭവനത്തിലേക്കു വൈദികൻ അവനെ കൂട്ടികൊണ്ടുപോയി. അവർ അകത്തു പ്രവേശിച്ചു. കുറെക്കഴിഞ്ഞു അലക്സിമാത്രം പുറത്തുവന്നു. നവമായ ഒരു ചൈതന്യവും പ്രസരിപ്പും അവനിൽ കളിയാടി അവൻ ആനന്ദഭരിതനായി ഗൃഹത്തിലേക്കോടി. എന്തുകൊണ്ടെന്നാൽ അവൻ അഭിലഷിച്ചതുപോലെ, അവൻ മിശിഹായെ സ്വീകരിച്ചുകഴിഞ്ഞിരുന്നു.

കുട്ടി പോയി സ്വല്പംകഴിഞ്ഞു വൈദികൻ വാതിൽ തുറന്നു പുറത്തിറങ്ങിയതും ഒരു കമ്മ്യൂണിസ്റ്റ് ഭടൻ അദ്ദേഹത്തെ പിടികൂടിയതും ഒന്നിച്ചുകഴിഞ്ഞു. സസന്തോഷം അദ്ദേഹം ആ പടയാളിയെ അനുഗമിച്ചു. അലക്സിയാകട്ടെ, വീട്ടിലെത്തിയപ്പോൾ കണ്ടതു തൻെറ സഹോദരിയുടെ കൈയിലിരുന്ന വസിലങ്കിയെയാണു്. ഈ കാഴ്ച അവനെ വളരെ ആശ്ചര്യപ്പെടുത്തി. പക്ഷി തനിക്കു ചിരപരിചിതമായ വാസസ്ഥലം തിരിച്ചറിഞ്ഞു മടങ്ങിപ്പോന്നെന്ന കഥ അവനു മനസ്സിലായില്ല. പരിശുദ്ധമറിയം തൻെറ പക്ഷിയെ തിരിച്ചുവിട്ടുകൊടുത്തു എന്നു ആ പരമാർത്ഥിയായ ബാലൻ വിശ്വസിച്ചു.

അലക്സിക്കു പക്ഷി നഷ്ടപ്പെടാതെ തന്നെ തൻെറ ആഗ്രഹം സാധിച്ചതിൽ വലിയ ആഹ്ലാദമുണ്ടായി. അന്നുരാത്രി മണി ഏകദേശം എട്ടായി. വാതുക്കലാരോ മുട്ടുന്നതുകേട്ടു അലക്സി ചെവിപാർത്തിരിപ്പായി. ഉടനെ തന്നെ ഒരു കമ്മ്യൂണിസ്റ്റ്ഭടൻ ഭവനത്തിൽ വന്നിരിക്കുന്നുവെന്നും തൻെറ മാതുലനോടു തന്നെയും പക്ഷിയേയുംപററി സംസാരിക്കുന്നുവെന്നും അവനു മനസ്സിലായി. ബാലൻെറ പിഞ്ചുഹൃദയം ശക്തിയായി തുടിക്കുവാൻ തുടങ്ങി. തൻെറ ഹൃദയത്തിൽ വസിക്കുന്ന മിശിഹായെ അവൻ ശരണം പ്രാപിച്ചു പ്രാർത്ഥിച്ചു. ബാലൻെറ മനോവിശ്വാസത്തോടുകൂടിയ പ്രാർത്ഥന നിഷ്ഫലമായില്ല. എന്തുകൊണ്ടെന്നാൽ, തൻെറ ഗൃഹത്തിൽ ഒരു പക്ഷിയേ ഉള്ളൂ എന്നും അതു അവിടെ ഉണ്ടു് എന്നും പറഞ്ഞു അലക്സിയുടെ മാതുലൻ വസിലങ്കിയെ കാണിച്ചുകൊടുത്തു. അതു കണ്ടു തൃപ്തനായി ആ പടയാളി മടങ്ങിപ്പോയി. ആ മഹാരാജ്യത്തുനിന്നും ബഹിഷ്കൃതനായിരിക്കുന്ന മിശിഹായെ അവൻെറ പരിശുദ്ധഹൃദയത്തിൽ അവിടുത്തെ വാസം ഉറപ്പിച്ചു.

ളിച്ചെയ്തതിപ്രകാരമാണ്:- "ക്രിസ്തീയസ്നേഹത്തിന്റെ കൊടിക്കീഴിൽ വിശ്വസ്തതയോടും ഐക്യബോധത്തോടുംകൂടി ഒററക്കെട്ടായി നിലകൊള്ളുവിൻ. ഉത്സാഹത്തോടും എളിമയോടുംകൂടി വേലചെയ്യുവിൻ. ക്രിസ്തുവിന്റെ വിനയശീലത്തോടുകൂടി കഷ്ടതയുടെയും നിർഭാഗ്യത്തിന്റെയും ചെററപ്പുരകളിലേക്ക് കടന്നുചെല്ലുവിൻ. രോഗശമനം നൽകിയും നന്മചെയ്തും ഈ ഭൂമിയിൽ ചുററിസഞ്ചരിച്ച രക്ഷകനെ അവിടെ പ്രവേശിപ്പിക്കുവിൻ. ആ ദിവ്യഹൃദയത്തിന്റെ ചൂട് ആദ്യമതന്നെ നിങ്ങളുടെ ആത്മാക്കളിൽ ഉണ്ടായിരിക്കട്ടെ. അനന്തരം അത് അഹങ്കാരവും മന്ദതയും നിറഞ്ഞ ലോകത്തെ പ്രകാശമാനമാക്കുകയും അനേകരുടെ ആത്മരക്ഷയ്ക്ക് നിദാനമായി ഭവിക്കുകയും ചെയ്യട്ടെ."

## പ്രായോഗികപദ്ധതി

പ്രിയ ബഹുമാനപ്പെട്ട സഹോദരരേ, വാത്സല്യമക്കളേ, മേല്പറഞ്ഞ കാര്യങ്ങൾ സാധിതപ്രായമാകുന്നതിന് നമ്മുടെ എല്ലാ ഇടവകകളിലുംവിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ശാഖ സ്ഥാപിക്കേണ്ടിയിരിക്കുന്നു. മുൻ അവസരങ്ങളിൽ ഇതു സംബന്ധിച്ച് നാം ഉൽബോധനം നൽകിയിട്ടുള്ളതാണ്. നാം വീണ്ടും അവ ആവർത്തിക്കുന്നു. പ്രവർത്തനോൽസുകരായ യുവാക്കന്മാർ എല്ലാ ഇടവകകളിലും കാണും. സേവനസന്നദ്ധതയോടെ അവർ മുന്നോട്ടുവരണം. യുവാക്കന്മാർക്കുവേണ്ടി യുവാക്കന്മാരാൽ സ്ഥാപിതമായതാണ് ഈ സഖ്യം. യുവജനങ്ങൾ, പ്രത്യേകിച്ചും കോളെജിലെയും ഹൈസ്കൂളിലെയും വിദ്യാർത്ഥികൾ ഓസാനാമിനെപ്പോലെ മതതീക്ഷ്ണതയും ക്രിസ്തീയസ്നേഹവും ഉള്ളവരായിത്തീരുന്നതിന് സഹായിക്കുന്ന ഏററവും ഉത്തമമായ പരിശീലനക്കളരിയാണ് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ കോൺഫറൻസുകൾ അഥവാ സമിതികൾ. 1927 ജാനുവരിയിൽ 11-ാംപീയൂസ് മാർപ്പാപ്പാ ഒരു സംഘം ഇററാലിയൻ വിദ്യാർത്ഥികൾക്കു സന്ദർശനം അനുവദിച്ചുകൊണ്ടുചെയ്ത ഉപദേശത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:— "വിദ്യാർത്ഥികൾ സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസുകളിൽ പ്രവർത്തകാംഗങ്ങളായി ചേരണം. ഈ കോൺഫറൻസുകൾ ആത്മവിശുദ്ധീകരണത്തിനും അഭിവൃദ്ധിക്കുമുള്ള ശ്രേഷ്ഠമായ മാർഗ്ഗങ്ങളാണ്. പഠിപ്പിക്കുന്നതുവഴി അദ്ധ്യാപകൻതന്നെ വളരെയധികം പഠിക്കുന്നതുപോലെ തനിക്കുതന്നെ നന്മ കൈവരുത്തുന്നതിനുള്ള ഉത്തമമായ മാർഗ്ഗം അന്യർക്ക് ഉപകാരം ചെയ്യുകയാണ്. കാരണം, ക്രിസ്തീയ ഉപവിയുടെ പ്രവർത്തനത്തിൽ സഹായം സ്വീകരിക്കുന്നതിനെക്കാൾ കൂടുതൽ ഫലം സഹായം നൽകുന്നവർ അനുഭവിക്കുന്നു. ഇപ്രകാരം സ്വന്തം വിശുദ്ധീകരണത്തിനും അന്യരുടെ ഉദ്ധാരണത്തിനും സഹായകമായ ഈ സഖ്യത്തിൽ അംഗങ്ങളായിച്ചേരുവാൻ യുവജനങ്ങളെ നാം പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു.

## സഖ്യത്തിന്റെ ചൈതന്യം

സഖ്യത്തിന്റെ പ്രവർത്തകാംഗങ്ങൾ ആകുന്നവർ മാതൃകായോഗ്യമായ ക്രിസ്തീയജീവിതം നയിക്കുന്നവരായിരിക്കണമെന്ന സംഗതി അനുസ്മരിപ്പിച്ചുകൊള്ളട്ടെ. എത്രതന്നെ സേവനസന്നദ്ധതയുള്ളവരായിരുന്നാലും സുകൃതജീവിതം നയിക്കാത്തവരും ആദ്ധ്യാത്മികശുഷ്കാന്തി ഇല്ലാത്തവരുമാണെങ്കിൽ അവരുടെ സാന്നിദ്ധ്യം സഖ്യശാഖയ്ക്ക് ഹാനികരമായിഭവിക്കും. വിശ്വാസത്തിനനുസൃതമായ ജീവിതത്താൽ സ്വസഹോദരങ്ങളെ ഉൽബുദ്ധരാക്കുവാൻ കഴിവുള്ളവരെ—മതകാര്യങ്ങളിൽ മന്ദതകാണിക്കാതെ ക്രിസ്തുനാഥന്റെയും തിരുസ്സഭയുടെയും പ്രബോധനങ്ങളെ ആദരിച്ചു ജീവിക്കുന്നവരെ—മാത്രമേ അംഗങ്ങളാക്കാവൂ എന്ന് ഈ സഖ്യത്തിന്റെ കേന്ദ്രഭരണസമിതിയായ കൗൺസിൽ ജനറൽ നിഷ്കർഷിക്കുന്നുണ്ട്. മാത്രമല്ല, "മററംഗങ്ങളെ വിശുദ്ധീകരിക്കുന്നതിനും, സ്വയം വിശുദ്ധീകരിക്കപ്പെടുന്നതിനും, സഹപ്രവർത്തകരെയും പാവങ്ങളെയും സഹോദരങ്ങളായി സ്നേഹിക്കുന്നതിനും ഒരുക്കമുള്ളവരെയല്ലാതെ അംഗങ്ങളായി സ്വീകരിക്കരുത്" എന്നു നിയമവ്യവസ്ഥയും ഉണ്ട്.

ഈ സഖ്യത്തിൽ അംഗങ്ങളായി ചേരുന്നവരും സഖ്യശാഖകൾ സ്ഥാപിക്കുന്നവരും അവയുടെ നേതൃത്വം വഹിക്കുന്നവരും മേല്പറഞ്ഞ കാര്യങ്ങളിൽ സവിശേഷമായ ശ്രദ്ധ പതിക്കേണ്ടതാണ്. വേണ്ട യോഗ്യതയില്ലാത്തവരെ അംഗങ്ങളായിച്ചേർത്ത് നാമമാത്രമായ ഒരു ശാഖ സ്ഥാപിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ലോകബഹുമാനത്തെയോ പ്രശസ്തി

---

"വിവിധകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു മഠത്തിലെ മററെല്ലാ കന്യാസ്ത്രീകളെക്കാൾ കൂടുതൽ അവിടെ ദീനക്കിടക്കയിൽ കിടക്കുന്ന ഒരു കന്യാസ്ത്രീ ആ സ്ഥാപനത്തിനു ഉപകാരപ്രദമായി എന്നുവരാവുന്നതാണ്. അതുപോലെതന്നെ ഒരിടവകയിൽ ആരോഗ്യപൂർണ്ണരും പ്രവർത്തനോന്മുഖരുമായ ഉദാരതയും ഭക്തിയുമുള്ള ജനവിഭാഗത്തെക്കാൾ കൂടുതൽ ദൈവസ്തുതിക്കുവേണ്ടി പ്രവർത്തിക്കുന്നതിനു അവിടത്തെ രോഗികൾക്കു സാധിക്കുന്നതാണ്."

—ബിഷപ്പ് ഫ്ളീൻ—

---

യെയോ ലക്ഷ്യമാക്കി ആരും ഇതിൽ അംഗങ്ങളായി ചേരാതിരിക്കേണ്ടതുമാകുന്നു. ഈദൃശമായ സംഗതികൾ അവഗണിക്കുന്നപക്ഷം കോൺഫറൻസുകൾ അവയുടെ ലക്ഷ്യത്തിൽനിന്നും ചൈതന്യവിശേഷത്തിൽനിന്നും വ്യതിചലിക്കും; സഖ്യം അധഃപതിക്കുകയും ചെയ്യും.

ഇക്കാലത്തു ഭക്തജീവിതം നയിക്കുന്ന പലരും സേവനസന്നദ്ധതയും പരസ്നേഹചൈതന്യവും ഇല്ലാത്തവരായി കാണപ്പെടുന്നുണ്ട്. എന്നാൽ യഥാർത്ഥമായ ക്രിസ്തീയജീവിതം പരസ്നേഹചൈതന്യത്താലും തൽപ്രേരിതമായ സേവനോൽസുകതയാലും പരിശോഭിതമായിരിക്കണമെന്നസംഗതിവിസ്മരിച്ചുകൂടാത്തതാകുന്നു. നമ്മുടെ വിശ്വാസത്തെ ഉപവിവഴി നാം പ്രകാശിപ്പിക്കണം. എന്നാൽ അതുപോലെതന്നെ സാക്ഷാത്തായ വിശ്വാസത്തിൽ അധിഷ്ഠിതമല്ലാത്ത ജീവകാരുണ്യപ്രവർത്തനങ്ങളും ഉദ്ദിഷ്ടഫലം പുറപ്പെടുവിക്കുന്നതല്ല. പരസ്നേഹപ്രവൃത്തികൾ വിശ്വാസത്തെ വികസിപ്പിക്കുകയും ഫലസമ്പുഷ്ടമാക്കുകയും ചെയ്യുമെന്നുകൂടി സ്മരിക്കേണ്ടതുണ്ട്. മേല്പറഞ്ഞ ന്യായങ്ങളാൽ യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കുവാനും ഭക്തി അഭ്യസിക്കുവാനും ആഗ്രഹിക്കുന്നവരാണ് വിൻസെൻറ് ഡി പോൾ സഖ്യത്തിൽ അംഗങ്ങളായി ചേരേണ്ടത്.

ഈ സഖ്യത്തിന്റെ ശാഖകൾ ഇപ്പോൾ പല ഇടവകകളിലും ഉണ്ട്. പക്ഷെ, അവ സഖ്യത്തിന്റെ ആദർശങ്ങൾ പരിരക്ഷിക്കുകയും ശരിയായി നിയമങ്ങൾ പാലിക്കയും ചെയ്യുന്നുണ്ടോയെന്നു ഈ അവസരത്തിൽ പരിശോധിച്ചുനോക്കുന്നതു നന്നായിരിക്കും. ഭൗതികസഹായം നൽകുന്നതിനുവേണ്ടി മാത്രമുള്ള ഒരു സംഘടനയല്ല ഇത്. പ്രസ്തുത സഖ്യത്തിലെ അംഗങ്ങളുടെയും അവരുടെ സേവനത്തിനു വിഷയമാകുന്ന ആളുകളുടെയും ആദ്ധ്യാത്മികമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയുള്ള ഒരു സംഘടനയാണിത്. സഖ്യസ്ഥാപകനായ ഫ്റെഡറിക്ക് ഓസാനാം പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: "കത്തോലിക്കാ വിശ്വാസത്തിൽ ദൃഢമായി നിൽക്കുകയും ആ വിശ്വാസം പരസ്നേഹംവഴി മററുള്ളവരിലേക്ക് പകരുകയും ചെയ്യുക എന്നതായിരുന്നു ഞങ്ങളുടെ ഉദ്ദേശം......സാക്ഷാൽ വിശ്വാസമുള്ളവരാകുന്നതിന് ദൈവത്തിനു ഏററവും ഇഷ്ടമുള്ളതു ചെയ്യുകയല്ലാതെ മററന്താണു കരണീയം? ക്രിസ്തുനാഥൻ ചെയ്തതുപോലെ നമുക്കും നമ്മുടെ അയൽക്കാരനെ സഹായിക്കാം. നമ്മുടെ വിശ്വാസത്തെ പരസ്നേഹത്തിന്റെ പരീക്ഷണത്തിനു വിധേയമാക്കുകയും ചെയ്യാം." സഖ്യത്തിന്റെ ഈ പ്രധാനസ്വഭാവം എല്ലാവരുടെയും ഓർമ്മയിലിരിക്കേണ്ടതാണ്.

---

ഈ സഖ്യത്തിൽ പ്രവർത്തകാംഗങ്ങളായി ചേർന്നു സേവനമനുഷ്ഠിക്കുവാൻ സമയവും സൗകര്യവുമില്ലാത്തവർക്കു പ്രോത്സാഹകാംഗങ്ങളോ, വരിക്കാരോ ആയിച്ചേർന്ന് ഇതിന്റെ പ്രവർത്തനങ്ങളെ വിജയപ്രദമാക്കുവാൻ പുണ്യഫലങ്ങൾ പ്രാപിക്കുവാനും സാധിക്കുന്നതാണ്. സാമ്പത്തികമായി അനുഗ്രഹീതരായിട്ടുള്ളവർ, നമ്മുടെ ദിവ്യരക്ഷകന്റെ "കൊച്ചുസഹോദരങ്ങളായ" പാവങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഈ സഖ്യത്തെ ഉദാരമായ സംഭാവനകൾ നൽകി പ്രോത്സാഹിപ്പിക്കുവാൻ മടിക്കരുത്. അത്തരം സംഭാവനകൾ തനിക്കുതന്നെ നൽകപ്പെട്ടവയായി ദിവ്യരക്ഷകൻ പരിഗണിക്കുമെന്ന് അവിടുന്ന് നമുക്ക് ഉറപ്പുനൽകിയിട്ടുള്ളതാണല്ലോ.

## ഇടവകതോറും സഖ്യം പ്രവർത്തിക്കണം

എല്ലാ ഇടവകകളിലും സഖ്യത്തിന്റെ ശാഖകൾ സ്ഥാപിക്കേണ്ടതാണ്. ഇടവക വിസ്തൃതമാണെങ്കിൽ പ്രവർത്തനസൗകര്യത്തെ ഉദ്ദേശിച്ച് ഒരിടവകയിൽതന്നെ പല ശാഖകൾ "സെററു"കൾ അനുസരിച്ചോ മററോ ഉണ്ടാക്കാവുന്നതാണ്. പല ഇടവകശാഖകൾ ഒന്നിച്ചുചേർന്നു പ്രാദേശികകൗൺസിലുകൾ (Particular council) രൂപീകരിക്കുന്നതു് നന്നായിരിക്കും. ഇതു സൗകര്യംപോലെ ഫൊറോനയുടെ അടിസ്ഥാനത്തിലോ പ്രാദേശികമായ മറേറതെങ്കിലും അടിസ്ഥാനത്തിലോ ചെയ്യാവുന്നതാണ്. നമ്മുടെ അതിരൂപതയിൽ ഒരു സെൻട്രൽ കൗൺസിലും താമസംവിനാ രൂപീകരിക്കേണ്ടതായിട്ടുണ്ട്. എല്ലാ ശാഖകളും പാരീസിലുള്ള കൗൺസിൽ ജനറലിനോട് സംഘടിപ്പിക്കേണ്ടതാണ്. എങ്കിൽ മാത്രമേ സഖ്യാംഗങ്ങൾക്കും ഉപകാരികൾക്കും സഹായം സ്വീകരിക്കുന്നവർക്കും തിരുസ്സഭ അനുവദിച്ചിട്ടുള്ള ദണ്ഡവിമോചനങ്ങൾ ലഭിക്കുകയുള്ളൂ. ഇതിനകം ഇങ്ങനെ സംഘടിപ്പിച്ചിട്ടില്ലാത്ത ശാഖകൾക്ക് വേണ്ട നിർദ്ദേശങ്ങൾ സെൻട്രൽ കൗൺസിൽ ഉണ്ടാകുന്നതുവരെ അതിരൂപതാ ഡയറക്ടറിൽനിന്നും ലഭിക്കുന്നതായിരിക്കും. സഖ്യത്തിന്റെ പാരമ്പര്യവും നടപടിയും അനുസരിച്ച് ഓരോ ശാഖയ്ക്കും ഓരോ ആദ്ധ്യാത്മികോപദേഷ്ടാവു ഉണ്ടായിരിക്കണം. ഈ സ്ഥാനം വഹിക്കേണ്ടതു ഓരോ ഇടവകയിലെ ബ. വികാരിയോ, വികാരി നിർദ്ദേശിക്കുന്ന മറേറതെങ്കിലും വൈദികനോ ആയിരിക്കണം.

ബ. സഹോദരരേ, പ്രിയ മക്കളേ, മേൽവിവരിച്ചവണ്ണം പഴയ ശാഖകൾ ഉദ്ധരിച്ചു പുതിയ ശാഖകൾ സ്ഥാപിച്ചും വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ പ്രവർത്തനങ്ങൾ നമ്മുടെ അതിരൂപതയിൽ ഊർജ്ജിതപ്പെടുത്തുവാൻ എല്ലാവരും ഒത്തൊരുമിച്ചു പ്രവർത്തിക്കുമെന്നു നാം പ്രത്യാശിക്കുന്നു. സഖ്യത്തിൽ ചേരാത്തവർക്കും പാവങ്ങളെ സഹായിക്കുവാൻ കടമയുണ്ടെന്നുള്ള സംഗതി മറന്നുകളയാതിരിക്കണം. അങ്ങനെ പരസ്നേഹപ്രവൃത്തികൾ ചെയ്തുകൊണ്ട് ദിവ്യരക്ഷകനെ പ്രസാദിപ്പിക്കുവാനും ലോകത്തിന്റെ അവസാനത്തിൽ "എന്റെ പിതാവിനാൽ ആശീർവ്വദിക്കപ്പെട്ടവരേ വരുവിൻ; ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യം അവകാശമായി അനുഭവിപ്പിൻ" എന്ന് അവിടുത്തെ അധരങ്ങളിൽനിന്ന് ആ അനുഗ്രഹീതമായ വിധി കേൾപ്പാനും എവർക്കും ഭാഗ്യമുണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ബാവായുടേയും പുത്രന്റെയും റൂഹാദക്കുദശായുടേയും നാമത്തിൽ നിങ്ങളെ എവരേയും നാം ആശീർവ്വദിക്കുന്നു.

—ഠ—

## ലിബേറിയായിലെ പ്രഥമപുരോഹിതൻ

ആഫ്രിക്കായുടെ പടിഞ്ഞാറെ തീരത്തുള്ള ഒരു ചെറിയ നീഗ്രോറിപ്പബ്ളിക്കാണ് ലിബേറിയാ. അമേരിക്കായുടെ സംരക്ഷണയിൻകീഴാണ് അതു സ്വതന്ത്രപദത്തിലെത്തിയതു്. അവിടെനിന്നു ഒന്നാമതു കത്തോലിക്കാപുരോഹിതപദത്തിലെത്തുവാൻ ഭാഗ്യമുണ്ടായ ദേഹമാണ് ഫാദർ പാട്രിക്ക് ജെവുലേ എന്ന നീഗ്രോ. അദ്ദേഹത്തിന്റെ നവപൂജാർപ്പണാവസരത്തിൽ റിപ്പബ്ളിക്കിന്റെ പ്രസിഡണ്ടായ വില്യംടബ്മാനും അദ്ദേഹത്തിന്റെ മന്ത്രിസഭാംഗങ്ങളും സന്നിഹിതരായിരുന്നു. പ്രസിഡണ്ട് ഒരു മെത്തോഡിസ്റ്റുസഭാംഗമാണ്. എങ്കിലും കത്തോലിക്കരുടെ നേരേ അനല്പമായ അനുഭാവം പ്രദർശിപ്പിക്കുന്നുണ്ട്.

## കമ്മ്യൂ: രാജ്യങ്ങളിലെ അടിമവേലക്കാർ

തടങ്കൽപ്പാളയസമ്പ്രദായങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു് നിയുക്തമായിരിക്കുന്നതും ഐക്യരാഷ്ട്രസംഘടനയോട് ബന്ധമുള്ളതുമായ ഒരു അനൗദ്യോഗികകമ്മീഷനിലെ അംഗങ്ങളായ മി. ഡേവിസ് റൂസററ്, പ്രൊഫസർ എ. എസ്. ബലാച്ചോസ്കി എന്നിവർ ബോംബെയിൽവച്ച് ഏപ്രിൽ 23-ാംനു നടത്തിയ ഒരു പ്രസ്കോൺഫറൻസിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: കമ്മ്യൂണിസ്റ്റു സർക്കാരിനെ എതിർത്ത മുതലാളിമാരും തൊഴിലാളികളും ലക്ഷക്കണക്കിനു് ഭീകരങ്ങളായ തടങ്കൽ ക്യാമ്പുകളിൽക്കിടന്നു നരകയാതനകൾ അനുഭവിക്കുകയാണ്. റഷ്യയിൽ ബാൾട്ടിക്ക്തോട് പണിയുന്ന ഘട്ടത്തിൽ 7 ലക്ഷം അടിമവേലക്കാർ മൃതിയടഞ്ഞു. സൈബീരിയായിലെ രഹസ്യതടങ്കൽപ്പാളയങ്ങളിൽ ഇപ്പോഴും പതിനായിരക്കണക്കിനു് തടവുകാരുണ്ടെന്ന് പശ്ചിമജർമ്മൻ ഡെമോക്രാററിക്ക് പാർട്ടി വെളിപ്പെടുത്തിയിരിക്കുന്നു. രണ്ടാംലോകമഹായുദ്ധത്തിൽ ജർമ്മൻപക്ഷത്തു ചേർന്ന റഷ്യാക്കാരും യുക്രൈൻകാരുമാണ് തടവുകാരിൽ അധികംപേരും.

—ഠ—




---

സുറിയാനി കർമ്മലീത്താ സഭയുടെ തിരുഹൃദയപ്രോവിൻസിൽ ചേർന്നു വൈദികരായി മതസേവനം ചെയ്യുന്നതിനു യോഗ്യരായ സ്കൂൾഫൈനൽ വിദ്യാർത്ഥികളെ സ്വീകരിക്കുന്നതാണ്.

ഉടനെ അപേക്ഷിക്കുക."

V. Rev. Fr Provincial, St Antony's Monastery,
Alwaye P. O.

# അഖിലേന്ത്യാ കത്തോലിക്കാ സർവ്വകലാശാലാ ഫെഡറേഷൻ

## ലീഡർഷിപ് കോഴ്സ്

ആൾ ഇൻഡ്യാ കാത്തലിക്ക് യൂണിവേഴ്സിററി ഫെഡറേഷൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ലീഡർഷിപ്പ് കോഴ്സിൻെറ വിദ്യാർത്ഥിവിഭാഗത്തിൻെറ ഉൽഘാടനം ഏപ്രിൽ 25-ാംനു- ഞായറാഴ്ച രാവിലെ തേവര സേക്രഡ് ഹാർട്ട് കോളേജിൽവച്ചു ചാപ്ലയിൻ ജനറൽ റവ. ഫാദർ സിറാക്ക് അവർകൾ നിർവ്വഹിച്ചു. തദവസരത്തിൽ അദ്ദേഹം "നേതൃത്വത്തിനുള്ള ആഹ്വാനം" എന്ന വിഷയത്തെ പുരസ്കരിച്ച് ഒരു ലഘുപ്രസംഗം നടത്തി. അതിനെ തുടർന്നു പ്രവർത്തനസൗകര്യത്തെ ഉദ്ദേശിച്ച് വിവിധകമ്മിററികൾ രൂപീകരിച്ചു. വിദ്യാർത്ഥിനികളെ ഉദ്ദേശിച്ചുള്ള ക്യാമ്പു സെൻറ് തെരേസാസ് കോളേജിൽവച്ച് റവ. ഫാദർ ജോസഫ് കോയിൽപ്പറമ്പ് അവർകൾ "നേതൃത്വത്തിനുള്ള ആഹ്വാനം" എന്ന വിഷയത്തെപ്പററി ഒരു ലഘുപ്രസംഗത്തോടുകൂടി ഉൽഘാടനംചെയ്തു. കൽക്കട്ടാ, മദ്രാസ്, മാംഗളൂർ, ബാങ്കളൂർ, സേലം, ആജ്മീർ, കോഴിക്കോട്, തൃശ്ശിനാപ്പള്ളി, പാളയംകോട്, തൂത്തുക്കുടി, മൈസൂർ, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, പാലാ, തിരുവനന്തപുരം, നാഗർകോവിൽ, കൊല്ലം മുതലായ സ്ഥലങ്ങളിൽനിന്നു് വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ക്യാമ്പിൽ സംബന്ധിച്ചു. അന്നേദിവസം ഉച്ചകഴിഞ്ഞു് വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ സംയുക്തയോഗത്തിൽ റവ. ഫാദർ ജറോം ഡിസൂസാ "ബുദ്ധിപരമായ സജ്ജീകരണവും നേതൃത്വവും" എന്ന വിഷയത്തെ പുരസ്കരിച്ച് ഒരു പ്രഭാഷണം നടത്തി.

മി. കെ. സി. ചാക്കോ "നേതൃത്വവും വ്യക്തിത്വവും" എന്ന വിഷയത്തെപ്പററി ഒരു പ്രസംഗം ചെയ്തു. പിന്നീട് പ്രസിദ്ധ വാഗ്മികളായ റവ. ഫാദർ ഡിമാൽഡർ, റവ. ഫാദർ ബ്രന്നൻ, റവ. ഫാദർ ഹിലാരിയൻ, മി. ഏയസ്വാമി മുതലായവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

ക്യാമ്പിൻെറ ഒരു പ്രധാന പരിപാടിയായ സാമൂഹ്യസേവനം ഒരു വമ്പിച്ച വിജയമാണു. വിദ്യാർത്ഥിവിഭാഗം പരിസരങ്ങളിലുള്ള സാധുഭവനങ്ങൾ സന്ദർശിച്ച് സഹായങ്ങൾ നൽകി. വിദ്യാർത്ഥിനിവിഭാഗം റിലീഫ് സെററിൽമെൻറും മററു സാധുഭവനങ്ങളും സന്ദർശിച്ച് അവർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു. പൊതുജനങ്ങളെ ഉദ്ദേശിച്ച് അംഗങ്ങളുടെ സ്വയം പ്രയത്നംകൊണ്ടു് ഒരു കെട്ടിടം പണിതുകൊണ്ടിരിക്കുന്നു. ഇതു് ഇവിടെ ഒരു പൊതുവായനശാലയ്ക്കു വേണ്ടി വിട്ടുകൊടുക്കണമെന്നാണു് ഉദ്ദേശം. ക്യാമ്പിൻെറയും സ്റ്റഡിക്ലാസിൻെറയും പ്രവർത്തനം വളരെ വിജയപ്രദമാണു്. അംഗങ്ങൾ പത്തുപേർവീതമടങ്ങിയ പല സെല്ലുകളായി തിരിഞ്ഞു് സാമുദായികവും മതപരവുമായ വിഷയങ്ങളെക്കുറിച്ച് സുദീർഘങ്ങളായ വാദപ്രതിവാദങ്ങൾ നടത്തുന്നു. ക്യാമ്പംഗങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട എഡിറേറാറിയൽ ബോർഡിൻെറ നേതൃത്വത്തിൽ വിദ്യാർത്ഥിവിഭാഗത്തിൽനിന്നും "മരിയൻ" എന്ന പേരിലും വിദ്യാർത്ഥിനിവിഭാഗത്തിൽനിന്നു "ന്യൂസ്റീൽ" എന്ന പേരിലും ഓരോ പത്രം നടത്തുന്നതിനു തീരുമാനിച്ചു.

### റീജനൽ കോൺഫറൻസ്

കത്തോലിക്കാ സർവ്വകലാശാലാ ഫെഡറേഷൻെറ റീജനൽ കോൺഫറൻസ് ഏപ്രിൽ 30-ാംനു- എറണാകുളം സെൻറ് ആൽബർട്ട്സ് കോളേജിൽ വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് ഉൽഘാടനംചെയ്തു. ദക്ഷിണേന്ത്യയിലെ എല്ലാ കോളെജുകളിൽനിന്നുമുള്ള പ്രതിനിധികളും സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.

ആദ്യമായി, സമ്മേളനത്തിനു് വിജയമാശംസിച്ചുകൊണ്ടു് അത്യുന്നത കർദ്ദിനാൾ വലേര്യൻ ഗ്രേഷ്യസ് തിരുമേനിയും ബ്രസ്സൽസിലെ ഒരു പ്രമുഖ കത്തോലിക്കാ പ്രവർത്തകനായ മോൺ. ജോസഫ് കാർഡയിനും അയച്ചിരുന്ന സന്ദേശങ്ങൾ യോഗത്തിൽ പാരായണം ചെയ്യപ്പെട്ടു. തുടർന്നു് ഡോ. അട്ടിപ്പേററി തിരുമേനി തൻെറ ഉൽഘാടനപ്രസംഗം ആരംഭിച്ചു. ഈ രാജ്യത്തു ഉയർന്നുവരുന്ന കത്തോലിക്കാ ജനതയുടെ നേതാക്കളായിത്തീരാനുള്ള ഇവിടത്തെ അഭ്യസ്ഥവിദ്യരായ കത്തോലിക്കാ യുവജനങ്ങളുടെ തോളുകളിൽ അർപ്പിക്കപ്പെട്ടിരിക്കുന്ന ഭാരമേറിയ ചുമതലയെ വിവരിച്ചശേഷം തിരുമനസ്സുകൊണ്ടു് തൻെറ പ്രസംഗത്തിൽ യുവജനങ്ങളെ ക്രിസ്തുവിൻെറ കൊടിക്കീഴിൽ അണിനിരക്കുവാൻ ആഹ്വാനംചെയ്തു.

അനന്തരം ഷെവ. ജോസഫ് പെട്ട എം. എ. "ആദ്ധ്യാത്മിക ലക്ഷ്യം" എന്ന വിഷയത്തെ പുരസ്കരിച്ച് ഒരു പ്രസംഗംനടത്തി. ലോകത്തിൽ ഭൗതികത്വത്തിനും തന്മൂലം അസാന്മാർഗ്ഗികത്വത്തിനും ലഭിച്ചുകൊണ്ടിരിക്കുന്ന വളർച്ചയെ ചൂണ്ടിക്കാണിച്ചശേഷം ഇൻഡ്യയിലും പ്രസ്തുത അരക്ഷിതാവസ്ഥ ഉണ്ടാകാതിരിക്കുവാൻ ദൈവവിശ്വാസവും ആദ്ധ്യാത്മികചിന്തയും ജനമദ്ധ്യത്തിൽ വളർത്തേണ്ടതിൻെറ ആവശ്യകതയെപ്പററി അദ്ദേഹം ഉൽബോധനം നൽകി. മിസ് ഷീലാ പാപ്പാളിയുടെ കൃതജ്ഞതാ പ്രകടനത്തിനുശേഷം യോഗം സമാപിച്ചു.

വൈകുന്നേരം 5-30നു് റവ. ഫാ. ടി. എൻ. സെക്യൂര എസ്. ജെ. അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനമാരംഭിച്ചു. മി. കെ. ജെ. ജോസഫ്, മിസ് പി. സീതാമ്മാൾ എന്നിവരുടെ പ്രസംഗങ്ങൾക്കു ശേഷം ഫാദർ സെക്യൂര അവർകൾ കത്തോലിക്കാ ജീവിതത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യത്തെക്കുറിച്ച് സുദീർഘമായി ഉൽബോധനം നൽകി. യോഗാനന്തരം 8-30നു് സിൻഡറല്ല എന്ന സിനിമാപ്രദർശനവും നടത്തപ്പെട്ടു.

രണ്ടാംദിവസമായ മേയ് 1-ാം തീയതി കാലത്തു് 9-30നു് എറണാകുളം സഹായമെത്രാൻ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനമാരംഭിച്ചു കല്ക്കട്ടാ സർവ്വകലാശാല വിദ്യാർത്ഥിയായ മി. നിഷതു മുക്കർജി "മാർക്സിസ്റ്റു് വെല്ലുവിളി" എന്ന വിഷയത്തെ അധികരിച്ചും ചങ്ങനാശേരി അസംഷൻ കോളെജ് ലക്ചറർ "ചരിത്രത്തെ മാററിയ സ്ത്രീ" എന്ന വിഷയത്തെപ്പററിയും മദ്രാസ് മെഡിക്കൽ കോളെജ് വൈസ്പ്രിൻസിപ്പാൾ ഡോക്ടർ ജി. ഡി. വേലിയത്തു് "Man my brother is" എന്ന വിഷയത്തെപ്പററിയും ഓരോ പ്രസംഗം ചെയ്തു. തുടർന്നു് ഡോ. പാറേക്കാട്ടിൽ തിരുമേനി തൻെറ അദ്ധ്യക്ഷപ്രസംഗമാരംഭിച്ചു. ബുദ്ധിപരമായ പ്രേഷിതപ്രവർത്തനങ്ങളുടെ ആവശ്യകതയെപ്പററി സുദീർഘമായ ഉൽബോധനം നൽകിയശേഷം തിരുമേനി തൻെറ പ്രസംഗം ഇപ്രകാരം സമാപിച്ചു: "പ്രിയ യുവാക്കന്മാരെ, നിങ്ങൾ ചന്തസ്ഥലത്തും പൊതുവീഥികളിലും തെരുവീഥികളിലും പോയി ക്രിസ്തുവിൻെറ സന്ദേശം അറിയിക്കുക ഇതിലേക്കു് ആദ്യമായി നമ്മിൽത്തന്നെ സ്വഭാവരൂപീകരണം വരുത്തുക; ഉറച്ച ആദർശമുള്ളവരാകുക; ദൈവസ്നേഹത്തിൽ അടിയുറച്ചവരാകുക. ആദ്യമായി നാം നന്നാവുകയാണെങ്കിൽ അതനുസരിച്ചു ലോകവും നന്നായിക്കൊള്ളും."

ഉച്ചകഴിഞ്ഞു 3 മണിക്കു് പഠനക്കളരികൾ നടത്തപ്പെട്ടു. 5-30നു് ജസ്റ്റിസ് ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളനമാരംഭിച്ചു. മദ്രാസ് ലയോളാകോളേജ് വിദ്യാർത്ഥി മി. ജോർജ്ജ് മാത്യു കളപ്പുര കലാലയവിദ്യാർത്ഥികളുടെ ചുമതലയെ പുരസ്കരിച്ചു പ്രസംഗിച്ചു. തുടർന്നു നടന്ന അദ്ധ്യക്ഷപ്രസംഗത്തിൽ ഇൻഡ്യൻ സംസ്കാരത്തിൽ അടങ്ങിയിരിക്കുന്ന ആദ്ധ്യാത്മികത്വത്തെപ്പററി പ്രതിപാദിക്കുകയുണ്ടായി. അതിനുശേഷം ഫാ. ഡിമോൾഡർ ഇൻഡ്യയെ ഇന്നു അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യപ്രശ്നത്തിൻെറ പ്രധാന ഘടകങ്ങളെപ്പററിയും പ്രഫസർ ഏയസ്വാമി "സൃഷ്ടിപരമായ പ്രവർത്തനപരിപാടികൾ" എന്ന വിഷയത്തെപ്പററിയും ഓരോ പ്രസംഗം ചെയ്തു. (കൂടുതൽ വിവരങ്ങൾ അടുത്തതിൽ)

## ഇൻഡ്യാവാർത്തകൾ

### മരുന്നുകളുടെ പരസ്യം നിയന്ത്രിക്കുന്നു

രോഗശമനാർത്ഥം മരുന്നുകളും മന്ത്രങ്ങളും പരസ്യം ചെയ്യുന്ന ഏർപ്പാടു നിർത്തലാക്കുന്നതിനുള്ള ഒരു ബിൽ ആരോഗ്യമന്ത്രിണി ശ്രീമതി അമൃത്കോർ കേന്ദ്രജനസഭയിൽ അവതരിപ്പിച്ചിരിക്കുന്നു. പല തരത്തിലുള്ള രോഗങ്ങൾക്കു സിദ്ധൗഷധങ്ങളെന്നു പറഞ്ഞു പത്രങ്ങളിൽ പരസ്യം ചെയ്യപ്പെടുന്ന മരുന്നുകൾ പലതും അജ്ഞരായ പലരേയും കബളിപ്പിക്കുകയും ചൂഷണം ചെയ്കയും ചെയ്യുന്നുണ്ടെന്നും പരസ്യം ചെയ്യപ്പെടുന്ന മരുന്നുകൾ സ്വയം ചികിത്സയ്ക്കു രോഗികളെ പ്രേരിപ്പിക്കുന്നതിനാൽ പല അപായങ്ങളും സംഭവിക്കുന്നുണ്ടെന്നും ബില്ലിൻെറ ഉദ്ദേശങ്ങൾ വിവരിക്കുകയിൽ മന്ത്രിണി വെളിപ്പെടുത്തുകയുണ്ടായി.

### ഔദ്യോഗികപ്രതിപക്ഷം

ഇൻഡ്യൻപാർലമെൻറിൽ ഇപ്പോൾ ഒരു ഔദ്യോഗികപ്രതിപക്ഷം ഇല്ലാതിരിക്കയാണല്ലോ 50 അംഗങ്ങളെങ്കിലും ഉള്ള ഒരു പാർട്ടിയെ മാത്രമേ ഒരു പ്രത്യേകപാർട്ടിയായി സഭ അംഗീകരിക്കുകയുള്ളൂ. അതിനാൽ പാർലമെൻറിലെ സ്വതന്ത്രന്മാർ, നാഷനൽ ഡെമൊക്രാറ്റിക്പാർട്ടി ജനതന്ത്രപരിഷത്തു് തുടങ്ങിയ ചെറുഗ്രൂപ്പുകൾ ചേർന്നു് കോൺഗ്രസേതരവും കമ്മ്യൂണിസ്റ്റേതരവുമായ ഒരു പുതിയ പാർട്ടി രൂപീകരിക്കുവാൻ ശ്രമങ്ങൾ നടന്നുവരുന്നതായറിയുന്നു. കേന്ദ്രഉപരിസഭയിൽ അവർക്കു് ഇതിനകം 50 അംഗങ്ങളെ ലഭിച്ചിട്ടുണ്ടത്രെ ജനസഭയിലും പ്രസ്തുത അംഗസംഖ്യ തികഞ്ഞു് സഭയുടെ അംഗീകാരം സിദ്ധിക്കുന്നപക്ഷം അവർ പാർലമെൻറിലെ ഔദ്യോഗിക പ്രതിപക്ഷമായിത്തീരുന്നതും പ്രതിപക്ഷനേതാവിനു അവകാശമുള്ള ഒരു മന്ത്രിയുടെ ശമ്പളവും മററാനുകൂല്യങ്ങളും അവരുടെ നേതാവിനു ലഭിക്കുന്നതുമാണു്.

### സ്ത്രീക്കും പുരുഷനും തുല്യശമ്പളം

ഫാക്ടറി തൊഴിലാളികളുടേയും കർഷകത്തൊഴിലാളികളുടേയും അടിസ്ഥാനശമ്പളത്തിൽ വ്യത്യാസം പാടില്ലെന്നും തുല്യജോലിക്കു ഇടപ്പെട്ടിരിക്കുന്ന സ്ത്രീപുരുഷതൊഴിലാളികൾക്കു് തുല്യശമ്പളം നൽകേണ്ടതാണെന്നും ഇൻഡ്യയിലെ ലേബർ അപ്പലേററ് ട്രിബ്യൂണൽ വിധി പ്രസ്താവിച്ചിരിക്കുന്നു.

## ഇടവകവാർത്തകൾ

ആമ്പല്ലൂർ:—ഏപ്രിൽ 19-ാംനു- രാവിലെ ഇടവകസന്ദർശനാർത്ഥം ആഗതനായ എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ റൈററ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ സ്ഥലം കുരിശുപള്ളിയുടെ മുൻപിൽവച്ച് പഞ്ചായത്തു പ്രസിഡണ്ടു ടി. സി. ജയിക്കബും [illegible] സ്കൂൾ ഹെഡ്മാസ്റ്റർ പി എസ്സ്. നാരായണമേനോനും ഹാരാർപ്പണം ചെയ്തു സ്വീകരിച്ചു. അതിനുശേഷം സ്വീകരണപ്പന്തലിൽ ആഗതനായ തിരുമേനിയെ വികാരി റവ. ഫാ. ഐസക്ക് അറക്കപ്പറമ്പിൽ മാലയിട്ടു സ്വീകരിച്ച് ഘോഷയാത്രയായി പള്ളിയിലേക്കാനയിച്ചു. ദിവ്യപൂജയ്ക്കുശേഷം [illegible] ആശീർവ്വാദത്തിനുശേഷം കുട്ടികളുടെ ആദ്യകുർബ്ബാന കൈക്കൊള്ളൽ, സ്ഥിരീകരണം, മുമ്പിലത്തെ ഒപ്പുരുമ എന്നീ കർമ്മങ്ങൾ നടത്തി ഉച്ചകഴിഞ്ഞു വിവിധഭക്തസംഘടനകൾ തിരുമേനിക്കു മംഗളപത്രം സമർപ്പിച്ചു.

കീച്ചേരി:—ഏപ്രിൽ 20-ാംനു- രാവിലെ ഈ ഇടവകസന്ദർശനാർത്ഥം ആഗതനായ അഭിവന്ദ്യ പാറേക്കാട്ടിൽ തിരുമേനിയെ വികാരി സ്വീകരിച്ച് പള്ളിയിലേക്കാനയിച്ചു. പ. കുർബാനയ്ക്കുശേഷം കുട്ടികളുടെ ആദ്യകുർബാന കൈക്കൊള്ളൽ, സ്ഥിരീകരണം, മുമ്പിലത്തെ ഒപ്പുരുമ, വേദോപദേശസമ്മാനദാനം എന്നിവ നിർവ്വഹിച്ചു. ഇടവകജനങ്ങളും സൊഡാലിററിക്കാരും തിരുമേനിക്കു മംഗളപത്രം സമർപ്പിച്ചു.

ചെത്തിക്കോട്:— ഏപ്രിൽ 20-ാംനു- നാലരമണിക്കാഗതനായ എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ തിരുമേനിയെ പള്ളിവികാരി റവ. ഫാ. ജോൺ മണിയംകൊട്ടു മാലയിട്ടു സ്വീകരിച്ചു പള്ളിയിലേക്കാനയിച്ചു. ദിവ്യപൂജയ്ക്കുശേഷം ആശീർവ്വാദത്തിനുശേഷം തിരുമേനി സത്യസഭയുടെ ഏകത്വത്തെ സമർത്ഥിച്ചുപ്രസംഗിച്ചു. പിറേറദിവസം രാവിലെ കുട്ടികളുടെ ആദ്യകുർബാന കൈക്കൊള്ളൽ, മുമ്പിലത്തെ ഒപ്പുരുമ എന്നിവയ്ക്കുശേഷം വേദോപദേശപരീക്ഷയിൽ വിജയികളായ കുട്ടികളുടെ സമ്മാനദാനം നിർവ്വഹിച്ചു. ഇടവകക്കാരും സൊഡാലിററിക്കാരും തിരുമേനിക്കു മംഗളപത്രം സമർപ്പിച്ചു.

വട്ടയാൽ:—സ്ഥലത്തെ സെൻറ് ആൻറണീസ് ആരാധനാസഖ്യത്തിൻെറ മൂന്നാമതു വാർഷികസമ്മേളനം വെ. റവ. ഫാ. ഡെന്നീസ് എം. എ. ഓട്ടണഴ്സ് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പൊതുയോഗത്തിൻെറ അവസാനത്തിൽ ശ്രീ ജോസഫ് കൈമാപറമ്പൻ മഗ്ദലനമറിയത്തെ അധികരിച്ച് ഭക്തിസംവർദ്ധകമായ ഒരു കഥാപ്രസംഗം നടത്തി. ബ. വികാരിയച്ചനും സെൻറ് സെബാസ്ത്യൻസ് രാത്രിയാരാധനാസമിതിയും കാഥികനെ ഹാരമണിയിച്ചു.

ചെമ്പേരി:—ഈ ഇടവകയുടെ കിഴക്കേ അതിർത്തിയും, വടക്കെ മലബാറിലെ ഏററവും ഉയരംകൂടിയ പർവ്വതശിഖരവുമായ വൈതലിൽ ഇക്കഴിഞ്ഞ നാല്പതാംവെള്ളിയാഴ്ച ബൃഹദാണ്ഡമായ ഒരു കുരിശു് സ്ഥാപിച്ചിരിക്കുന്നു. 4080 അടിയാണു് ഈ മലയുടെ ഉയരം.

രാവിലെ ആറുമണിക്കു് ഇടവകയുടെ നാനാഭാഗത്തുനിന്നായി അനേകം ആളുകൾ മലയുടെ അടിവാരത്തിലുള്ള "ഫാത്തിമാ ഹിൽസിൽ" (കുടിയാൻമല) കൂടി. അവിടെനിന്നും കൂട്ടമായി ജപമാലയും എത്തിച്ചുകൊണ്ടു് മലകയറി 10-30നു് കൊടുമുടിയിൽ എത്തിച്ചേർന്നു കുരിശുസ്ഥാപനവും പ്രകൃതിനിർമ്മിതമായ ബലിപീഠത്തിൽവച്ച് ദിവ്യബലി അർപ്പണവും നടന്നു.

പ്രകൃതിരമണീയമായ വൈതൽമലയുടെ മുകളിൽ നിന്നാൽ പടിഞ്ഞാറുഭാഗത്തു് വിശാലമായ മലബാർതീരം മുഴുവനും അതിനപ്പുറം അറേബ്യൻ കടലും കിഴക്കുഭാഗത്തു് ഭയാനകമായ നിശ്ശബ്ദതയിൽ ഉയർന്നുനില്ക്കുന്ന കുടകുമലകളും കാണാവുന്നതാണു. [illegible] ശേഷം [illegible] മടങ്ങി.

മാള:— [illegible] അവർകളുടെ [illegible] 26-4-54 പ്രഥമചരമവാർഷികം [illegible] -ൽ ആഘോഷിച്ചിരുന്നു. റവ. ഫാ. [illegible] കള്ളിവ[illegible] അവർകളുടെ കാർമ്മികത്വത്തിലും [illegible] 0 ബ. വൈദികരുടെ സാന്നിദ്ധ്യത്തിലും റാസ മുതലായ തിരുകർമ്മങ്ങൾ നടന്നു. തുടർന്നു കബറിടത്തിങ്കൽ റവ ഫാ. വിക്ടർ സി. ഡി. അവർകൾ ഒരു സ്മാരകശില ആശീർവ്വദിച്ചു. ചരമവാർഷികം സംബന്ധിച്ച് [illegible]00 ഓളം സാധുഭവനങ്ങളിൽ ഭോഷണം 200 ഓളം ഭവനങ്ങളിൽ വസ്ത്രങ്ങളും നൽകുകയുണ്ടായി.

ഈരാററുപേട്ട:—സ്ഥലം സൻഡേ സ്കൂളിൻെറയും, ചെറുപുഷ്പ മിഷൻലീഗ്, സൊഡാലിററി, ലീജിയൻ ഓഫ് മേരി, എന്നീ ഭക്തസംഘടനകളുടേയും വാർഷികവും മരിയൻ ജൂബിലിയും സംബന്ധിച്ചുള്ള സംയുക്തപൊതുയോഗം 1954 മേയ് ഒൻപതാംതീയതി വെ. റവ. ഫാ. ഫ്രാൻസീസ് കാളാശ്ശേരി എം. എ. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ റവ. ഫാ. തോമസ് ഇഞ്ചെയ്ക്കലോടി, എ ജെ. മാത്യു എം. എ. എന്നിവർ പ്രസംഗിക്കുന്നതുമാണു്.

—o—

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 || ERNAKULAM, MAY 5, 1954 || No. 35

## സത്യദീപം നിങ്ങൾ വായിക്കുന്നുണ്ടോ?

അഖിലലോക കത്തോലിക്കാ പ്രസ്സ് കോൺഗ്രസ്സിന്റെ 4-ാമതു സമ്മേളനം ഈ മാസം 3 മുതൽ 6 വരെ തീയതികളിൽ പാരീസിൽ നടന്നുകൊണ്ടിരിക്കുകയാണ്. ലോകമാസകലമുള്ള കത്തോലിക്കാ മുദ്രാലയപ്രവർത്തനത്തേയും അതിന്റെ ലക്ഷ്യത്തേയും അതിന്റെ ഭാവിയേയും സംബന്ധിച്ച് പണ്ഡിതോചിതമായ വിശദീകരണങ്ങളും കാര്യക്ഷമമായ പര്യാലോചനകളും അതിൽ നടക്കുന്നതായിരിക്കും. വാർത്താവിതരണസംഘടനകളെ സംയോജിപ്പിക്കുന്നതിനും ലോകത്തെവിടെയും ശരിയായ വാർത്തകൾ എളുപ്പത്തിൽ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും കോൺഗ്രസ്സ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. കോൺഗ്രസ്സിൽനിന്നും എല്ലാ രാജ്യങ്ങളിലുമുള്ള കത്തോലിക്കാ പ്രസിദ്ധീകരണ ഏജൻസികളെ സമീപിക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബൃഹത്തായ ഈ പരിശ്രമം കത്തോലിക്കാ വാർത്താവിതരണപ്രസ്ഥാനത്തിൽ ഒരു നവചൈതന്യം വിതറുമെന്നു നമുക്കു സന്യായം പ്രതീക്ഷിക്കാം.

### അമേരിക്കയിലെ സ്ഥിതിവിവരക്കണക്ക്

കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പൊതുജനങ്ങൾ എത്രമാത്രം ഉപയോഗപ്പെടുത്തുന്നു എന്നറിയുവാൻ "കാത്തലിക്ക് ഡൈജസ്റ്റ്" എന്ന മാസികയുടെ ആഭിമുഖ്യത്തിൽ ഈയിടെ ഒരു കണക്കു ശേഖരിക്കുകയുണ്ടായി. ഇതിനുവേണ്ടി പത്തരക്കോടിയോളം വരുന്ന 18 വയസ്സിനുമേലുള്ള അമേരിക്കാക്കാരോടായി അതു ഒരു ചോദ്യം ഉന്നയിച്ചു: "നിങ്ങൾ ക്രമമായി ഏതെങ്കിലും മതപരമായ പത്രങ്ങളോ മാസികകളോ വായിക്കുന്നുണ്ടോ?" ഈ ചോദ്യത്തിനുലഭിച്ച മറുപടികളെ ആസ്പദമാക്കി പ്രസ്തുത മാസിക പ്രസിദ്ധപ്പെടുത്തിയ സ്ഥിതിവിവരക്കണക്കിൽ ഇങ്ങനെ കാണുന്നു. കത്തോലിക്കരിൽ 44 ശതമാനം (ഒരു കോടി 4 ലക്ഷം) യാതൊരു കത്തോലിക്കാപ്രസിദ്ധീകരണവും സാമാന്യേന വായിക്കാത്തവരുണ്ട്. 541 കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ ഉള്ള അമേരിക്കയിൽ കത്തോലിക്കരിൽ പകുതിയോളം അവയെ ഉപയോഗപ്പെടുത്തുന്നില്ലെന്നു ചുരുക്കം. അവർക്കു മതത്തെപ്പററിയുള്ള അറിവ്, ചെറുപ്പത്തിൽ പഠിച്ചിട്ടുള്ള വേദോപദേശവും പള്ളികളിൽ പത്തോ പതിനഞ്ചോ മിനിട്ടുനേരത്തേക്കു കേൾക്കുന്ന പ്രസംഗവുംവഴി ലഭിക്കുന്നതു മാത്രമാണ്. ശോചനീയമായ ഈ സ്ഥിതി എങ്ങനെ പരിഹരിക്കാമെന്നു അവഗാഢമായി ചിന്തിക്കുന്നതിനു ജനതയെ പ്രസ്തുത മാസിക ഉൽബോധിപ്പിക്കുന്നു.

### കേരളത്തിലെ സ്ഥിതി

ഇപ്രകാരം ഒരു കണക്കു കേരളത്തെ സംബന്ധിച്ചു തയാറാക്കുകയാണെങ്കിൽ അതു എത്ര ശോച്യമായ ഒരു നിലവാരമായിരിക്കും കാണിക്കുക. കേരളത്തിൽ 17 ലക്ഷത്തിൽപ്പരം കത്തോലിക്കരുണ്ട്. അവർക്ക് രണ്ടായിരത്തോളം ഇടവകകളും ആയിരത്തിൽപ്പരം വിദ്യാഭ്യാസസ്ഥാപനങ്ങളുമുണ്ട്. ഇത്ര വമ്പിച്ച ഒരു ജനസമൂഹത്തിന്റെ ആവശ്യത്തിനു ഇന്നു എത്ര കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുണ്ട്? അവയുടെ എത്ര പ്രതികൾ ചിലവായിക്കൊണ്ടിരിക്കുന്നുണ്ട്? എത്ര ശതമാനം കത്തോലിക്കർ അവയിലേതെങ്കിലും ഒരു പ്രസിദ്ധീകരണം ക്രമമായി വായിച്ചുകൊണ്ടിരിക്കുന്നുണ്ട്? ശരിയായ കണക്കുകൾ ഇനിയും ശേഖരിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട് ഈ പ്രശ്നങ്ങൾക്കു ക്ലിപ്തമായ ഒരു മറുപടി നൽകുക സാദ്ധ്യമല്ല. എങ്കിലും അതു വളരെ തൃപ്തികരമായ ഒന്നായിരിക്കയില്ല എന്നു നിസ്സംശയം പറയാവുന്നതാണ്. 541 കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുള്ള അമേരിക്കയിൽ പ്രാപ്തിയായ കത്തോലിക്കാ ജനവിഭാഗത്തിൽ പകുതിയോളം യാതൊരു കത്തോലിക്കാ പ്രസിദ്ധീകരണവും ക്രമമായി വായിക്കുന്നില്ല എന്നു കണക്കാക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ചുരുക്കം ചില പ്രസിദ്ധീകരണങ്ങൾ മാത്രമുള്ള കേരളത്തിൽ നമ്മുടെ സ്ഥിതി വളരെ പരിതാപകരമായിരിക്കുമെന്നുള്ളതു ഊഹ്യമാണല്ലോ.

### ഇന്നത്തെ അവശ്യാവശ്യം

ഇന്നത്തെ സാഹചര്യങ്ങളിൽ കത്തോലിക്കാപ്രസിദ്ധീകരണങ്ങളെ സമർത്ഥമായി ഉപയോഗപ്പെടുത്തേണ്ടതിന്റെ അവശ്യാവശ്യകത മനസ്സിലാക്കുന്നതിന് അനുദിനം കെട്ടുകെട്ടായി നിരവധി മുദ്രാലയങ്ങളിൽനിന്നു പുറത്തുവന്നുകൊണ്ടിരിക്കുന്ന ക്ഷുദ്രപ്രസിദ്ധീകരണങ്ങളുടെ ബഹുലതയേയും അവയുടെ പ്രചരണത്തിന്റെ വൈപുല്യത്തേയും കുറഞ്ഞൊന്നു ശ്രദ്ധിച്ചാൽമതി. പുരോഗമനസാഹിത്യത്തിന്റെ പേരിലും മാർക്സിയൻ സിദ്ധാന്തങ്ങളുടെ പ്രചാരണോപകരണങ്ങളുടെ മറവിലും അശ്ലീലവും ആഭാസവും മനുഷ്യന്റെ ആദ്ധ്യാത്മികവും സാമൂഹ്യവും സന്മാർഗ്ഗപരവുമായ സകല മൂല്യങ്ങളേയും നിഹനിക്കുന്നതുമായ ഈ ക്ഷുദ്രസാഹിത്യം ജനങ്ങളുടെയിടയിൽ നിർല്ലോഭം വാരിവിതറപ്പെടുകയാണ്. മനുഷ്യന്റെ ഉത്തമാദർശങ്ങൾക്കു അവ തുരങ്കംവയ്ക്കുന്നു; യുവഹൃദയങ്ങളെ ആവേശം കൊള്ളിച്ച് സാഹസികമായ അധഃപ്പതനത്തിലേക്ക് അവ വലിച്ചിഴച്ചുകൊണ്ടുപോകുന്നു. ക്രിസ്തീയ വിശ്വാസവും അതിലെ ധർമ്മസംഹിതയും ഈ നശീകരപ്രവാഹത്തിനു ഒരു വിലങ്ങുതടിയായി നില്ക്കുന്നതുകൊണ്ട് അവയുടെയെല്ലാം ഒന്നാമത്തെ ആക്രമണലക്ഷ്യം കത്തോലിക്കാസഭയാണ്. തിരുസഭയേയും തിരുസഭയുടെ വ്യവസ്ഥാപിതപ്രവർത്തനങ്ങളേയും അവളുടെ വൈദികഗണത്തേയും ചളിവാരിയെറിഞ്ഞു നിന്ദാപാത്രങ്ങളാക്കി പ്രദർശിപ്പിക്കുന്ന [illegible]ം ജനഹൃദയങ്ങളിൽനിന്ന് തിരുസഭയെപ്പററിയുള്ള ബഹുമാനാദരവുകളെ തുരത്തി നശിപ്പിക്കുന്നതിനും അക്കൂട്ടർ കിണഞ്ഞു പരിശ്രമിക്കുന്നു.

### കത്തോലിക്കാ പ്രസിദ്ധീകരണം

കത്തോലിക്കാ പ്രസിദ്ധീകരണം എന്ന സംജ്ഞകൊണ്ട് വിവക്ഷിക്കപ്പെടുന്ന അർത്ഥം ഈയിടെ "സൺഡെ വിസിററർ" എന്ന പത്രം വിശദീകരിക്കുകയുണ്ടായി. രൂപതാടിസ്ഥാനത്തിലോ ദേശീയാടിസ്ഥാനത്തിലോ നടത്തപ്പെടുന്നവയും അനുദിനസംഭവങ്ങളെക്കുറിച്ചുള്ള വാർത്തകളെക്കാൾ ശരിയായ ഉൽബോധനങ്ങൾ നൽകുന്നതിൽ ശ്രദ്ധിക്കുകയും ചെയ്യുന്ന കത്തോലിക്കാ പ്രതിവാരികകളാണ് പ്രധാനമായി ഈ ഗണത്തിൽ പെടുന്നതെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. കത്തോലിക്കാ മാസികകളും മററു ആനുകാലിക പ്രസിദ്ധീകരണങ്ങളും കത്തോലിക്കാ പ്രസിദ്ധീകരണത്തിന്റെ വിഭാഗങ്ങളാണെങ്കിലും പ്രതിവാരികകൾക്കാണ് പ്രാധാന്യം കല്പിക്കേണ്ടതെന്നും അതിൽ പ്രസ്താവിച്ചിരിക്കുന്നു. കത്തോലിക്കാ പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യത്തെ പരിശോധിച്ചാൽ ഈ വസ്തുത സുവിശദമാകും. കത്തോലിക്കാ മതത്തെപ്പററിയും മതത്തെ പ്രത്യക്ഷമായോ പരോക്ഷമായോ സ്പർശിക്കുന്ന വിഷയങ്ങളെപ്പററിയും കാലോചിതവും പ്രബുദ്ധവുമായ അറിവ് ജനങ്ങൾക്കു വിതരണംചെയ്യുകയും നിത്യസത്യങ്ങളുടെ വെളിച്ചത്തിൽ അവരുടെ കർത്തവ്യങ്ങളെ അവരെ പ്രബോധിപ്പിക്കുകയും ചെയ്യുകയാണ് കത്തോലിക്കാ പ്രസിദ്ധീകരണപ്രസ്ഥാനം ലക്ഷ്യമാക്കുന്നത്. അതുകൊണ്ട് ഓരോ കത്തോലിക്കനും താദൃശമായ ഒരു പ്രസിദ്ധീകരണവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കേണ്ടതു ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത ഒരാവശ്യമാണ്. തിരുസഭയുടെ ആദർശവും വീക്ഷണവും പ്രവർത്തനപരിപാടികളും അവനിൽ സാർത്ഥകമാകുന്നതിന്—ഒരു ചൈതന്യമുള്ള യഥാർത്ഥ കത്തോലിക്കനായി ജീവിക്കുന്നതിന്—ഒരു പ്രതിവാര പ്രസിദ്ധീകരണം അതിനു സഹായകവും പ്രേരകവുമായ സേവനം അവനുവേണ്ടി നിർവ്വഹിച്ചുകൊണ്ടിരിക്കണം. ഒരു കത്തോലിക്കാ പ്രസിദ്ധീകരണം ഒരു യഥാർത്ഥ കത്തോലിക്കനു ഒരുതരത്തിലും ഉപേക്ഷിക്കാവുന്നതല്ല.

### കത്തോലിക്കാ പ്രസിദ്ധീകരണവും അകത്തോലിക്കരും

കത്തോലിക്കാപ്രസിദ്ധീകരണങ്ങൾക്കു നിർവ്വഹിക്കുവാനുള്ള അതിപ്രധാനമായ മറെറാരു സേവനം കത്തോലിക്കാമണ്ഡലത്തിനു പുറമേയുള്ള പ്രേഷിതത്വമാണ്. അകത്തോലിക്കരേയും അക്രൈസ്തവരേയും സമീപിച്ച് ക്രിസ്തുവിന്റെ സത്യൈകമതത്തെപ്പററിയുള്ള വെളിച്ചം അവർക്കു പ്രദാനം ചെയ്യണം. പല കാരണങ്ങളാൽ മിഷനറിമാർക്ക് ദുഷ്പ്രാപ്യമായ രംഗങ്ങളിൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളാണ് ജനഹൃദയങ്ങളിലേക്ക് സത്യത്തിന്റെ പ്രകാശത്തെ പകരേണ്ടതു്. ഒരു കത്തോലിക്കന്റേയോ കത്തോലിക്കാ മിഷനറിയുടേയോ സാന്നിദ്ധ്യത്തെ മുൻവിധിയോടുകൂടി മാത്രമേ ഒരകത്തോലിക്കനും അക്രൈസ്തവനും വീക്ഷിക്കുവാൻ സാമാന്യേന സാധിക്കുകയുള്ളു എന്നതു് വെറും സ്വാഭാവികമാണ്. എന്നാൽ ഏതാദൃശമായ ഒരു മനോഭാവം സൃഷ്ടിക്കാതെ ഒരു കത്തോലിക്കാ പ്രസിദ്ധീകരണത്തിന് അവരെ സമീപിക്കുന്നതിനും സമ്യക്കായ തത്വോപദേശം ഓരോ കാര്യങ്ങളിലും നൽകുന്നതിനും സാധിക്കും. സ്വർഗ്ഗീയമായ ആവിഷ്കരണത്തിന്റെ കൈമുതലും 20 നൂററാണ്ടുകാലത്തെ പരിചയസമ്പത്തും കൈവശമുള്ള അഭൗമികമായ തിരുസഭയ്ക്കു മാത്രമേ ലോകത്തിനു വഴി പിഴയ്ക്കാത്ത ഒരു നേതൃത്വം കൊടുക്കുന്നതിന് സാദ്ധ്യമാവുകയുള്ളൂ. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണമാണ് അതിനുള്ള ഫലപ്രദമായ മാർഗ്ഗം.

### സത്യദീപം

മേലുദ്ധരിച്ച തത്വങ്ങളുടെ വെളിച്ചത്തിലും കേരളീയരുടെ അടിയന്തിരമായ ആവശ്യങ്ങളുടെ സമ്മർദ്ദത്തിലും കത്തോലിക്കാ ആദർശങ്ങളുടെ പ്രചാരണത്തിനും ജനതയുടെ മാർഗ്ഗദർശനത്തിനും വേണ്ടി 27 കൊല്ലം മുമ്പ് സമാരംഭിച്ച ഒരു പ്രതിവാരപ്രസിദ്ധീകരണമാണ് നമ്മുടെ സത്യദീപം. ദേശീയമായ അടിസ്ഥാനത്തിലും ആദർശങ്ങളെ അണുപോലും കൈവെടിയാതെ എല്ലാവർക്കും സ്വീകാര്യമായവിധത്തിലും തുടർന്നുപോരുന്ന അതിന്റെ പ്രവർത്തനം കത്തോലിക്കർക്കും അകത്തോലിക്കാ സമുദായങ്ങളിലെ അംഗങ്ങൾക്കും അക്രൈസ്തവസഹോദരന്മാർക്കും ഒരുപോലെ ഹൃദ്യവും ഉപകാരപ്രദവുമാണെന്നു ഇന്നുവരെയുള്ള അതിന്റെ ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്. കേരളത്തിലുള്ള മറേറതൊരു പ്രതിവാര പ്രസിദ്ധീകരണത്തേയും അതിമാത്രം അതിശയിക്കുന്ന പ്രചാരം അതിനുണ്ടെന്നുള്ളതും സംതൃപ്തിജനകമാണ്.

എന്നാൽ ഉദ്ധൃതമായ തത്വങ്ങളുടെ പ്രകാശത്തിൽ ഏതാദൃശമായ ഒരു പ്രസിദ്ധീകരണം അതിന്റെ മുഴുവൻ പ്രയോജനവും കൈവരുത്തുന്നുണ്ടോ എന്നു പരിശോധിക്കുമ്പോൾ വലിയൊരു വിടവ് ഇനിയും നികത്താനുണ്ടെന്നു സ്പഷ്ടമാകും. കേരളത്തിലെ എല്ലാ കത്തോലിക്കാകുടുംബങ്ങളിലും അതിനു സ്വാഗതമുണ്ടാകണം. അകത്തോലിക്കരുടെ ഇടയിൽ അതു ധാരാളമായി പ്രചരിക്കണം. അക്രൈസ്തവർ വിപുലമായതോതിൽ അതു വായിക്കുന്നവരാകണം. കത്തോലിക്കർ അതിൽനിന്നു പരസ്പരസാഹോദര്യത്തിൽ അടിയുറച്ച ക്രിസ്തീയചൈതന്യം കൈവരിക്കണം. അകത്തോലിക്കർ അവരുടെ തെററിദ്ധാരണകളും മുൻവിധികളും അതുവഴിയായി നിർമ്മാർജ്ജനംചെയ്യണം. അക്രൈസ്തവർ ക്രിസ്തുവിന്റെ സന്ദേശത്തെ അതിൽനിന്നു ഗ്രഹിക്കുകയും ക്രിസ്തുമതത്തെപ്പററി നിഷ്പക്ഷമായ പഠനം നടത്തുകയും ചെയ്യണം. ഈ ലക്ഷ്യങ്ങൾക്കു സഹായകമായ പ്രവർത്തനപദ്ധതിയാണ് സത്യദീപം ആസൂത്രണം ചെയ്തിട്ടുള്ളതും, അഭംഗം പാലിച്ചുപോരുന്നതും. മൗലികമായ തത്വങ്ങളിൽ യാതൊരു വിട്ടുവീഴ്ചയും കൂടാതെ കാലാനുസൃതമായി ആദ്ധ്യാത്മികവും അതോടനുബന്ധപ്പെട്ട സാമൂഹ്യവും, രാഷ്ട്രീയവും, സാമ്പത്തികവും, ഗാർഹികവുമായ എല്ലാ രംഗങ്ങളിലും സുധീരമായ നേതൃത്വം ജനതയ്ക്കു നൽകുവാനാണ് അതിന്റെ ഉദ്ദേശ്യം. "സത്യദീപം" യഥാർത്ഥത്തിൽ സത്യത്തിന്റെ മണിദീപമായി പരിലസിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. ഒരു പ്രസിദ്ധീകരണത്തിനു അവശ്യംവേണ്ട സാഹിത്യപരവും കലീനവുമായ ഒരു നിലവാരം നിലനിർത്തുന്നതിനും ഭിന്നരുചികളെ തൃപ്തിപ്പെടുത്തത്തക്ക നാനാത്വം ദീക്ഷിക്കുന്നതിനും അതു ശ്രദ്ധിച്ചുപോരുന്നുണ്ട്. അതുകൊണ്ടു സമുന്നതമായ സേവനലക്ഷ്യം സഫലമായി നിവർത്തിക്കുന്നതിനു സത്യദീപത്തിന്റെ പ്രചാരണം സംബന്ധിച്ചു ഒരു സംഘടിതമായ സത്വരനടപടി സ്വീകരിക്കുന്നതിനാണ് ഈ മേയ്മാസത്തിൽ ഞങ്ങൾ സത്യദീപത്തിന്റെ മിത്രവൃന്ദത്തോടു വിനീതമായ ഒരഭ്യർത്ഥന നടത്തുന്നത്.

### പ്രചാരണമാസം

മേയ്മാസത്തിലെ ഈ ആദ്യലക്കം ഒരു പ്രചാരണ സ്പെഷ്യൽ ലക്കമായി പുറത്തുവരികയാണ്. സത്യദീപത്തിന്റെ വരിക്കാരായിരുന്നു പത്രം തുടർച്ചയായി വാങ്ങി വായിച്ചുകൊണ്ടിരിക്കുന്നവർ ഓരോരുത്തരും സത്യദീപം വരുത്താത്ത അവരുടെ സ്നേഹിതന്മാരിൽനിന്നു ഏതാനുംപേരെയെങ്കിലും ഈ മാസത്തിൽ അതിന്റെ വരിക്കാരായി ചേരുവാൻ പ്രേരിപ്പിക്കുക. ഒരാൾ ഒരു സ്നേഹിതനെയെങ്കിലും സത്യദീപത്തിന്റെ പ്രകാശവലയത്തിലേക്കു കൊണ്ടുവരുന്നുവെങ്കിൽ അതു വലിയൊരു സേവനമായിരിക്കും. സത്യദീപം നമ്മുടെ ഓരോ ഇടവകയ്ക്കും വലിയൊരു നേട്ടമാണ്. കേരളത്തിലെ മൂന്നു ഹയരാർക്കികളിലും പെട്ട എല്ലാ മെത്രാപ്പോലീത്താമാരും മെത്രാന്മാരും സത്യദീപത്തെപ്പററി അവരുടെ മതിപ്പും ഓരോ ഇടവകകളിലും ഓരോ ഭവനങ്ങളിലും അതു പ്രചരിച്ചു കാണുവാനുള്ള അവരുടെ അഭിലാഷവും പൈതൃകമായി രേഖപ്പെടുത്തിയിട്ടുണ്ട്. മുഖചിത്രത്തിൽ ചേർത്തിട്ടുള്ള ആശീർവ്വാദലേഖനങ്ങൾ ഇവയാണ്. ഒരിടവകയിലെ എല്ലാ കുടുംബങ്ങളിലും സത്യദീപം പ്രചരിക്കുകയും കുടുംബാംഗങ്ങൾ അതു വായിച്ചു മനസ്സിലാക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ആ ഇടവകവികാരിയുടെ ഇടയനടുത്ത ജോലി ഒട്ടുമുക്കാലും നിർവ്വഹിക്കപ്പെട്ടുകഴിഞ്ഞു എന്നു സമാശ്വസിക്കാം. കാരണം, മതകാര്യങ്ങളിൽ കാലോചിതമായ പ്രബുദ്ധത തന്റെ കീഴിലുള്ളവർക്കു നൽകുന്നതാണല്ലോ ഒരിടവകവികാരിയുടെ ശ്രമകരമായ കൃത്യം. അനുവാചകർക്കു ലഭ്യമാകുന്ന ഗുണങ്ങളെപ്പററി മുകളിൽ പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടു ഇടവക അടിസ്ഥാനത്തിലാണ് സത്യദീപത്തിന്റെ പ്രചാരണസംരംഭം ത്വരിപ്പിക്കേണ്ടതും സംപൂർത്തിയാക്കേണ്ടതും. ഓരോ ഇടവകവികാരിമാരോടും ആ ഇടവകയിൽ പ്രവർത്തനം നടത്തുന്ന ഓരോ ഭക്തസംഘടനയോടും തൻമൂലം ഞങ്ങൾ ഹാർദ്ദമായി, വിനീതമായി അഭ്യർത്ഥിക്കുകയാണ്, ഈ മാസത്തിൽ സത്യദീപം ഓരോ ഇടവകയിലേയും ഓരോ വീട്ടിലും പ്രചരിപ്പിക്കുന്നതിനു നിങ്ങൾ സദയം ആത്മാർത്ഥമായി മുൻകൈയെടുത്തു പ്രവർത്തിക്കണേ എന്നു്. മരിയജൂബിലിവത്സരത്തിലെ മരിയമാസത്തിൽ അഖിലലോകകത്തോലിക്കാപ്രസ്സ് കോൺഗ്രസ്സ് നടന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഞങ്ങളുടെ ഈ ആഹ്വാനം കത്തോലിക്കാപ്രസിദ്ധീകരണപ്രചാരണം സംബന്ധിച്ചു നമ്മുടെ ഇടയിലുള്ള ആ വലിയ വിടവു നികത്തുന്നതിനു പ്രേരകമാകുമെന്നു വിശ്വസിക്കുന്നു. അതിനുവേണ്ട എല്ലാ സഹകരണങ്ങളും ഒത്താശകളും ചെയ്തുതരുന്നതിനു ഞങ്ങളുടെ കഴിവുകളുടെ പരമാവധിവരെയും പ്രവർത്തിക്കുവാൻ ഞങ്ങൾ സദാ സന്നദ്ധരാണ്. സദയം നിങ്ങളുടെ ആശയങ്ങളെ അറിയിക്കുക.

## അകത്തോലിക്കരുടേയും അക്രൈസ്തവരുടേയും ഇടയിൽ

അകത്തോലിക്കരുടേയും അക്രൈസ്തവരുടേയും ഇടയിൽ സത്യദീപത്തിനു അനന്യസാധാരണമായ മതിപ്പും സ്വാഗതവും ലഭിക്കുന്നുണ്ടു് എന്നുള്ളതു ഒരു യാഥാർത്ഥ്യമാണു്. ഞങ്ങളുടെ നിരവധി സ്നേഹിതന്മാർ തുടർച്ചയായി സത്യദീപം വായിച്ചുകൊണ്ടിരിക്കുന്നുണ്ടു്. സത്യദീപം വായിക്കുന്നതിനുള്ള ആഗ്രഹത്തെ വിശദമാക്കിക്കൊണ്ടു് പ്രതിദിനമെന്നവണ്ണം എഴുത്തുകൾ കിട്ടിക്കൊണ്ടിരിക്കുന്നുമുണ്ടു്. സത്യദീപംവഴി പ്രശാന്തമായ ആത്മപരിശോധനയിലും ദൈവപ്രസാദവരത്തിന്റെ പ്രവർത്തനത്തിലും സത്യപ്രകാശം ലഭിച്ചിട്ടുള്ളവരുടെ സംഖ്യയും കുറവല്ല. അതിവിസ്തൃതമായ ഈ പ്രേഷിതരംഗത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തണമെങ്കിൽ പ്രധാനമായി കത്തോലിക്കരുടെ സഹായസഹകരണങ്ങളാണു് ആവശ്യമായിരിക്കുന്നതു്. പ്രായോഗികമായ പല പദ്ധതികളും ഇതിനു സ്വീകരിക്കാവുന്നതാണു്. സൗജന്യവിതരണഫണ്ടു് ഞങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതു് പ്രധാനമായി ഈ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടിയാണു്. കഴിവുള്ളവർ ആ ഫണ്ടിലേക്കു എന്തെങ്കിലും സംഭാവന ചെയ്താൽ അതു സത്യദീപമായി ഒരു വ്യക്തിയെ സമീപിച്ചുകൊള്ളും. നമ്മുടെ എല്ലാ ഇടവകയൂണിററുകളും ഭക്തസംഘടനകളും ധനവാന്മാരും ഇതിലേക്കു പ്രത്യേകം ശ്രദ്ധ തിരിക്കണമെന്നും വളരെ പ്രാധാന്യമർഹിക്കുന്ന ഈ സേവനപദ്ധതിയിൽ സഹകരിക്കണമെന്നും ഓർമ്മിപ്പിച്ചുകൊള്ളട്ടെ. യൂറോപ്പിലും അമേരിക്കയിലും ധാരാളമായി നടന്നുകൊണ്ടിരിക്കുന്ന വേറൊരു പദ്ധതി "റീമെയിലിംഗ്" ആണു്. നാം വായിച്ചുകഴിഞ്ഞ പത്രം മടക്കി ഒരു ലേബലും സ്റ്റാമ്പും ഒട്ടിച്ചു ബുക്കുപോസ്റ്റായി വേറൊരാൾക്കു അയച്ചുകൊടുക്കുക. നമുക്കു പരിചയമുള്ള ആർക്കെങ്കിലും അതുകൊണ്ടു പ്രയോജനമുണ്ടാകുമെന്നറിയാമെങ്കിൽ അവർക്കു അയച്ചുകൊടുക്കുക. അങ്ങനെയുള്ള പേരുകളോ ആളുകളോ നിങ്ങൾക്കു പരിചയമില്ലെങ്കിൽ ഇങ്ങോട്ടെഴുതുക. പേരുകൾ അറിയിച്ചുതരാവുന്നതാണു്. റീമെയിലിംഗ് വ്യക്തികൾക്കു മാത്രമല്ല, ഇടവകസംഘടനകൾക്കും നടത്താവുന്നതാണു്. വിൻസെന്റു ഡി പോൾ സംഘം, മരിയസഖ്യങ്ങൾ, യുവജനസംഘടനകൾ, മാതൃസംഘങ്ങൾ, യുവതികളുടെ സംഘടനകൾ, മിഷൻലീഗു ശാഖകൾ മുതലായവയ്ക്കു ഇക്കാര്യത്തിൽ വളരെ വലിയ സേവനങ്ങൾക്കുള്ള സാദ്ധ്യതകളുണ്ടു്. ആകയാൽ ഓരോ ഇടവകയിലുമുള്ള സംഘടനകളും കത്തോലിക്കരും ഉണർന്നു ഇക്കാര്യത്തിൽ പ്രവർത്തിക്കണമെന്നും സത്യത്തേയും ധർമ്മസംഹിതകളേയും മതബോധത്തേയും ആദ്ധ്യാത്മികമൂല്യങ്ങളേയും തച്ചുടയ്ക്കുന്നതിനുള്ള ആക്രമണസമരത്തിൽ ശത്രുവ്യൂഹം പ്രബലമായി അണിനിരന്നിരിക്കുന്ന ഈ വിധിനിർണ്ണായകസന്ധിയിൽ ക്രിസ്തുവിനും തിരുസഭയ്ക്കുംവേണ്ടി വീറോടുകൂടി പ്രത്യാക്രമണം നടത്തത്തക്കവണ്ണം കത്തോലിക്കാ പ്രസിദ്ധീകരണപ്രചാരണത്തിൽ മുന്നിട്ടിറങ്ങി പരിശ്രമിക്കണമെന്നും വീണ്ടും വീണ്ടും ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളുന്നു. "വീടുതോറും സത്യദീപം" ഇതായിരിക്കട്ടെ ഈ പ്രചാരണമാസത്തിലെ മുദ്രാവാക്യം.

# പ്രസാധകക്കുറിപ്പുകൾ

### മാനസാന്തരജോലി ക്രിസ്തുമതത്തിന്റെ അവശ്യകർത്തവ്യം

അന്യമതസ്ഥരെ ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുത്തുന്നതു് നിഷിദ്ധമായ നടപടിയാണെന്നു് ചില ഹൈന്ദവനേതാക്കന്മാർതന്നെയല്ല ഹൈന്ദവരായ ചില ഭരണകർത്താക്കൾപോലും ഉദ്ഘോഷിച്ചുകൊണ്ടിരിക്കുകയാണല്ലോ. എത്രതന്നെ എതിർപ്പുണ്ടായാലും മാനസാന്തരപ്പെടുവാൻ ആഗ്രഹമുള്ളവരെ അതിനു് സഹായിക്കുകയും സമ്മതിക്കുകയും ചെയ്യാതിരിക്കാൻ ക്രിസ്ത്യാനികൾക്കു പൊതുവിലും ക്രിസ്തീയപുരോഹിതർക്കു പ്രത്യേകിച്ചും നിവൃത്തിയില്ല. ഒരാൾ മതോപദേശം ആവശ്യപ്പെടുകയും അതു ലഭിച്ചശേഷം കത്തോലിക്കാ വിശ്വാസം സ്വതന്ത്രമായും സ്വമേധയായും സ്വീകരിക്കുകയും ചെയ്താൽ അയാളെ തിരുസഭയിലേക്കു് കൈക്കൊള്ളാതിരിക്കാൻ പാടുള്ളതല്ല. കാനോൻനിയമം 1353-ാംവകുപ്പു ഇങ്ങനെ അനുശാസിക്കുന്നു: "ഓരോ സ്ഥലത്തെ മെത്രാന്മാരും വികാരിമാരും അവരുടെ രൂപതയുടേയും ഇടവകകളുടേയും അതിർത്തിക്കുള്ളിൽ വസിക്കുന്ന അകത്തോലിക്കരെ തങ്ങളുടെ ചുമതലയ്ക്കു ഏല്പിക്കപ്പെട്ടവരായി ഗണിക്കേണ്ടിയിരിക്കുന്നു." ഈ നിയമവകുപ്പുദ്ധരിച്ചുകൊണ്ടു് ബാംഗ്ളൂർ മെത്രാപ്പോലീത്താ പ്രസ്താവിക്കുന്നതു ഇങ്ങനെയാണു്: "നാം അപ്പസ്തോലന്മാരെന്നു വിളിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ അപ്പസ്തോലന്മാർ 12 പേരും സഹപൗരന്മാരുടെ വിസമ്മതവും ശത്രുത്വവും അവഗണിച്ചുകൊണ്ടു പ്രേഷിതവേല നടത്തി. അവർ അപ്രകാരം ചെയ്തില്ലായിരുന്നെങ്കിൽ തിരുസഭ, മാനുഷികമായി പറഞ്ഞാൽ, പലസ്തീനായുടെ ഇടുങ്ങിയ വലയത്തിനുള്ളിൽ ഒതുങ്ങിനില്ക്കുമായിരുന്നു. പത്രോസും യോഹന്നാനും പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ അവരെ അറസ്റ്റുചെയ്തു. അവരുടെ ചുമതല നിർവഹിക്കുന്നതിൽ സ്ഥിരചിത്തരായപ്പോൾ അവരെ ചമ്മട്ടികൊണ്ടടിച്ചു. എന്നാൽ ചമ്മട്ടി അടിയും കാരാഗൃഹവാസവും അവരെ മടുപ്പിച്ചില്ല. അവ അവരെ സന്തുഷ്ടരാക്കുകയും ക്രിസ്തുവിനെ പ്രസംഗിക്കുവാൻ കൂടുതൽ കാര്യക്ഷമമായ മാർഗ്ഗങ്ങളുപയോഗിക്കുന്നതിനു് പ്രേരിപ്പിക്കുകയും ചെയ്തു.

ക്രിസ്തുമതത്തിലേക്കുള്ള മാനസാന്തരം പ്രാസംഗികനെക്കാൾ കൂടുതൽ ആശ്രയിച്ചിരിക്കുന്നതു് ദൈവത്തിന്റെ പ്രസാദവരത്തേയും കേൾവിക്കാരന്റെ ബോദ്ധ്യത്തേയുമാണു്. കത്തോലിക്കാ വിശ്വാസം ആശ്ലേഷിക്കുവാൻ നാം ആരേയും നിർബന്ധിക്കുന്നില്ല, നിർബന്ധിക്കുവാൻ നമുക്കൊരിക്കലും സാദ്ധ്യവുമല്ല. വിശ്വാസം ബുദ്ധിയുടേയും മനസ്സിന്റേയും പരിപൂർണ്ണസ്വാതന്ത്ര്യത്തോടുകൂടിയ വിധേയത്വമാണു്. വിശ്വസിക്കുവാൻ മനസ്സില്ലാത്ത ഒരുത്തനു വിശ്വാസമുണ്ടായിരിക്കുകയില്ല. "കത്തോലിക്കാ വിശ്വാസം സ്വീകരിക്കുവാൻ ആരെയെങ്കിലും അയാളുടെ ഹിതത്തിനെതിരായി നിർബന്ധിച്ചാൽ ആ പ്രവൃത്തിയെ അപലപിക്കുവാൻ നമ്മുടെ കർത്തവ്യബോധം നമ്മോടു ആവശ്യപ്പെടുന്നു" എന്നാണു് ഇപ്പോഴത്തെ പരിശുദ്ധപിതാവു് ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുള്ളതു്.

* * *

### "സോഷ്യലിസം ഇപ്പോൾ പള്ളിക്കെതിരല്ലാത്ത സിദ്ധാന്തമായി."

കോൺഗ്രസ് പാർട്ടിയോടും പി. എസ്. പി. യോടും ക്രിസ്ത്യാനികൾക്കുള്ള നിലയെ പരാമർശിച്ചു് "സഹോദരൻ" പത്രം എഴുതിയ ഒരു പ്രസാധകക്കുറിപ്പിൽ "കോൺഗ്രസ് പാർലമെന്ററി പാർട്ടിയിൽ ഇപ്പോൾ ഹിന്ദുക്കളെക്കാൾ ക്രിസ്ത്യാനികളാണധികം. ഇനി അവർ പി എസ്. പി. യിലേക്കു് പാഞ്ഞേക്കും. സോഷ്യലിസം ഇപ്പോൾ പള്ളിക്കു് എതിരല്ലാത്ത സിദ്ധാന്തമായി കഴിഞ്ഞിട്ടുണ്ടു്. കഴിഞ്ഞതിനു മുൻപിലത്തെ തെരഞ്ഞെടുപ്പിൽ സോഷ്യലിസം ക്രിസ്ത്യാനികൾക്കു് ഇത്രതന്നെ മതത്തോടു പൊരുത്തക്കേടില്ലാത്തതായി തോന്നിയിരുന്നില്ല" എന്നു എഴുതിയിരിക്കുന്നു. കത്തോലിക്കാ ക്രിസ്ത്യാനികൾക്കു് സോഷ്യലിസത്തെ സംബന്ധിച്ചുള്ള നിലപാടിൽ യാതൊരു വ്യത്യാസവും സംഭവിച്ചിട്ടില്ല. വ്യത്യാസം സംഭവിച്ചതു് സോഷ്യലിസത്തിനാണു്. കത്തോലിക്കർ എന്നും എതിർത്തുപോന്നിട്ടുള്ള സോഷ്യലിസം ഉല്പാദകവസ്തുക്കളിൽ വ്യക്തികൾക്കുള്ള ഉടമാവകാശം നിഷേധിക്കുകയും, മുതലാളിയും തൊഴിലാളിയും തമ്മിലുള്ള വർഗ്ഗവൈരം സ്വീകരിക്കുകയും ചെയ്യുന്ന സോഷ്യലിസമാണു്. ഇതിനെയാണു് മാർക്സിയൻ സോഷ്യലിസം എന്നു വിളിക്കുന്നതു്. ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടി (ഐ. എസ്. പി) സ്വീകരിച്ചിരുന്ന സോഷ്യലിസം ഏറെക്കുറെ മാർക്സിയൻ സോഷ്യലിസമായിരുന്നു. തന്മൂലം ആ സോഷ്യലിസത്തെ കത്തോലിക്കർ എതിർക്കേണ്ടിവന്നു. ഉപഭോഗവസ്തുക്കളിലെന്നപോലെ ഉല്പാദകവസ്തുക്കളിന്മേലും വ്യക്തികൾക്കു് ഉടമാവകാശം പ്രകൃതിനിയമം പ്രദാനം ചെയ്തിട്ടുള്ളതാണു്. അപ്രകാരംതന്നെ മുതലാളിയും തൊഴിലാളിയും സമുദായശരീരത്തിലെ പരസ്പരം ബന്ധപ്പെട്ടതും സഹായിക്കേണ്ടതുമായ അവയവങ്ങളാണെന്നു പ്രകൃതിനിയമം അനുശാസിക്കുന്നു. പ്രകൃതിനിയമത്തിന്റെ അനുശാസനങ്ങളെ നിഷേധിക്കുന്നതും എതിർക്കുന്നതും സന്മാർഗ്ഗവിരുദ്ധമാകുന്നു. അതുകൊണ്ടാണു് മാർക്സിയൻ സോഷ്യലിസത്തെ കത്തോലിക്കർ എപ്പോഴും വിരോധിക്കുന്നതു്.

കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിനുശേഷം ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടിയുടെ സോഷ്യലിസത്തിനു മൗലികമായ മാററം സംഭവിച്ചു. അതായതു് അവർ മാർക്സിസം ഉപേക്ഷിച്ചു് മാർക്സിയൻ സോഷ്യലിസം സ്വീകരിക്കാത്ത കിസാൻ മസ്ദൂർ പ്രജാ പാർട്ടിയുമായി യോജിച്ചു. അങ്ങനെ രണ്ടിന്റേയും ലയനഫലമായി പ്രജാസോഷ്യലിസ്റ്റുപാർട്ടി (പി. എസ്. പി.) എന്ന പുതിയ സംഘടന ജന്മമെടുത്തു. ആ സോഷ്യലിസ്റ്റ് പാർട്ടിയാണു് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തിരുക്കൊച്ചിയിൽ കോൺഗ്രസിനെതിരായി മത്സരിച്ചതു്. ആ സോഷ്യലിസ്റ്റുപാർട്ടി മാർക്സിയൻ സിദ്ധാന്തങ്ങൾ സ്വീകരിക്കാത്തതാകയാൽ കത്തോലിക്കർ അതിനെ നിഷിദ്ധമായി ഗണിക്കുന്നില്ല. എന്നുവരികിലും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കത്തോലിക്കർ ആ പാർട്ടിക്കെതിരായി നിലകൊണ്ടു. കാരണം, അവർ കമ്മ്യൂണിസ്റ്റുകാരുൾപ്പെടെയുള്ള മാർക്സിയൻ പാർട്ടികളുമായി തെരഞ്ഞെടുപ്പുസഖ്യത്തിൽ ഏർപ്പെട്ടു. ആകയാൽ "സോഷ്യലിസം ഇപ്പോൾ പള്ളിക്കെതിരല്ലാത്ത സിദ്ധാന്തമായി" ത്തീർന്നിരിക്കുന്നതു് സോഷ്യലിസത്തിനു സംഭവിച്ച മാററം നിമിത്തമാണെന്നു് സ്പഷ്ടമാണല്ലോ?

* * *

### വിദ്യാഭ്യാസം രാഷ്ട്രസാൽക്കരിക്കുമെന്നു് മന്ത്രി പറഞ്ഞിട്ടില്ല

പ്രൈവററ് ഏജൻസികൾക്കു് വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുവാൻ അവകാശമുണ്ടെന്നു് ഇൻഡ്യൻ ഭരണഘടന ഏററവും സ്പഷ്ടമായി ഉറപ്പുനൽകിയിട്ടുള്ളതാണല്ലോ. ഇതിനെതിരായി വിദ്യാഭ്യാസം മുഴുവനും രാഷ്ട്രസാൽക്കരിക്കണമെന്ന ഉദ്ദേശം തിരുക്കൊച്ചിയിൽ ചിലർക്കുണ്ടു്. ശ്രീ പട്ടം ആ ഉദ്ദേശമുള്ളയാളുകളിലൊരാളാണെന്നു് നിയമസഭയിലും പുറത്തുംവച്ചു് അദ്ദേഹം ചെയ്തിട്ടുള്ള പ്രസംഗങ്ങളും പ്രസ്താവങ്ങളും വെളിവാക്കിയിട്ടുണ്ടു്. അദ്ദേഹം ഇപ്പോൾ തിരുക്കൊച്ചിയിലെ മുഖ്യമന്ത്രിയായിരിക്കുന്ന സ്ഥിതിക്കു് വിദ്യാഭ്യാസത്തിന്റെ രാഷ്ട്രസാൽക്കരണം നടത്തുവാൻ സാധിക്കുമെന്നാണു് അതിനായി ആഗ്രഹിക്കുന്നവരുടെ പ്രതീക്ഷ. അതു് അവർ കള്ളറിപ്പോർട്ടുകൾ വഴിയായി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുകയാണു്. തിരുക്കൊച്ചി വിദ്യാഭ്യാസമന്ത്രി ശ്രീ പി. കെ. കുഞ്ഞു് ഏതാനും ദിവസങ്ങൾക്കുമുൻപു കൊല്ലത്തു നടന്ന ഒരു വിശ്വകർമ്മയോഗത്തിൽ ചെയ്ത പ്രസംഗത്തിന്റെ റിപ്പോർട്ടു് ചില വർഗ്ഗീയപത്രങ്ങൾ കൊടുത്തിരുന്നതിൽ തിരു-കൊച്ചിയിലെ വിദ്യാഭ്യാസം "ഒരു സമുദായത്തിന്റെ കുത്തകയായിരിക്കുകയാണെന്നും ആ ദുരവസ്ഥയ്ക്കു് മാററം വരേണ്ടതാണെന്നും ആകയാൽ വിദ്യാഭ്യാസം രാഷ്ട്രസാൽക്കരിക്കുന്നതാണെന്നും അദ്ദേഹം പ്രസ്താവിച്ചതായി ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ ആ റിപ്പോർട്ടുകളെ മന്ത്രി മി. കുഞ്ഞുതന്നെ നിഷേധിച്ചിരിക്കുന്നു. ഏപ്രിൽ 25-ാംതീയതി തിരുവനന്തപുരത്തുകൂടിയ വിളക്കിത്തല നായർ സമാജത്തിൽ പ്രസംഗിച്ച അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: ഈയിടെ കൊല്ലത്തു നടന്ന ഒരു വിശ്വകർമ്മയോഗത്തിൽ ഞാൻ പ്രസംഗിച്ചപ്പോൾ വിദ്യാഭ്യാസരീതി പരിഷ്കരിക്കേണ്ടതു ആവശ്യകമാണെന്നു ഞാൻ അഭിപ്രായപ്പെട്ടു. എന്നാൽ വിദ്യാഭ്യാസം ചിലരുടെ കുത്തകയാണെന്നും വിദ്യാഭ്യാസം രാഷ്ട്രസാൽക്കരിക്കേണ്ടതാണെന്നും മററും ഞാൻ അവിടെ പറഞ്ഞതായി ചില പത്രങ്ങളിൽ റിപ്പോർട്ടുചെയ്തു കാണുന്നതു് വളരെ വിചിത്രമായിരിക്കുന്നു. പറഞ്ഞതുമായി ഒരു ബന്ധവുമില്ലാത്ത ഇത്തരം റിപ്പോർട്ടുകൾ ഖേദകരമാണെന്നേ പറയേണ്ടതുള്ളു.

വിശ്വകർമ്മസമ്മേളനത്തിൽ ശ്രീ കുഞ്ഞു ചെയ്ത വേറൊരു പ്രസ്താവവും ഈ പ്രകൃതത്തിൽ ഉദ്ധരണീയമാണു്. "ഭരണഘടനയിലെ വ്യവസ്ഥകൾക്കും നിലവിലിരിക്കുന്ന നിയമത്തിനും വിധേയമാകാതെ യാതൊന്നും ചെയ്യുവാൻ ഗവമ്മെന്റിനു് സാദ്ധ്യമല്ല. അങ്ങനെ വരുമ്പോൾ നിങ്ങളുടെ അവകാശം പരിരക്ഷിക്കുന്നില്ലെന്നുവരികിൽ അതിനാവശ്യകമായ പ്രക്ഷോഭണങ്ങൾകൊണ്ടു ഭരണഘടനയെത്തന്നെ മാററുകയോ കൂടുതൽ വകുപ്പുകൾ ചേർക്കുകയോ ചെയ്യുവാൻ ശ്രമിക്കേണ്ടതാണു്." വാസ്തവം. വിദ്യാഭ്യാസം രാഷ്ട്രസാൽക്കരിക്കുവാൻ പാടില്ലെന്നാണു് ഭരണഘടനയിലെ വ്യവസ്ഥ. അതു നിലനില്ക്കുന്നിടത്തോളം കാലം രാഷ്ട്രസാൽക്കരണം സാദ്ധ്യമല്ലതന്നെ. രാഷ്ട്രസാൽക്കരിച്ചു കാണാൻ മോഹമുള്ള വർഗ്ഗീയവാദികൾ ഭരണഘടനയിലെ പ്രസ്തുത വ്യവസ്ഥ പ്രക്ഷോഭണങ്ങൾ വഴിയായുംമററും മാററിക്കാൻ പരിശ്രമിക്കട്ടേ.

* * *

### വിധ്വംസകപ്രവർത്തകർക്കു് സർവ്വീസിൽ പ്രവേശനമോ?

പബ്ളിക്കു് സർവ്വീസിലേക്കു് നിയമനത്തിനു് അപേക്ഷിക്കുന്നവർ കമ്മ്യൂണിസ്റ്റാദർശം സ്വീകരിക്കുന്നവരാണോ എന്നു് രഹസ്യമായി അന്വേഷണം നടത്തുകയും, ആണെന്നു് അന്വേഷണഫലമായി തെളിഞ്ഞാൽ മററു യോഗ്യതകൾ ഉണ്ടെങ്കിലും അവരെ സർവ്വീസിൽ നിയമിക്കാതിരിക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം തിരുക്കൊച്ചിയിൽ നടപ്പുണ്ടത്രെ. ഈ നടപ്പു് ഏററവും അനീതിപരവും, ആപത്ക്കരവുമാണെന്നു് ഈയിടെ ചില പത്രങ്ങളിൽ ശക്തിയായ അഭിപ്രായപ്രകടനമുണ്ടായി. അതിനെ തുടർന്നു് മുഖ്യമന്ത്രി ശ്രീ പട്ടംതാണുപിള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു് ചില നിർദ്ദേശം നൽകിയിരിക്കുന്നതായി ആ പത്രങ്ങളിൽ റിപ്പോർട്ടുകണ്ടു. ഒരു വ്യക്തിയുടെ രാഷ്ട്രീയാഭിപ്രായം എന്തായിരുന്നാലും അതുമാത്രം അയാളെ സർവ്വീസിൽ പ്രവേശിക്കുന്നതിനു് തടസ്സമായിത്തീരാൻ പാടില്ല എന്നാണത്രേ മുഖ്യമന്ത്രിയുടെ നിർദ്ദേശം. ഈ റിപ്പോർട്ടു് ശരിയാണെങ്കിൽ പബ്ളിക്കുസർവ്വീസു് ക്രമേണ വിധ്വംസകപ്രവർത്തകരുടെ ഗൂഢമായ കേളീരംഗമായി പരിണമിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. കാരണം, കമ്മ്യൂണിസ്റ്റുപാർട്ടി കേവലം ഒരു രാഷ്ട്രീയപാർട്ടിയല്ല. ലിഖിതമോ അലിഖിതമോ ആയ ഭരണഘടനയുടെ വ്യവസ്ഥകൾക്കുള്ളിൽനിന്നു്, ആ വ്യവസ്ഥകൾ പ്രാവർത്തികമാക്കുവാൻ കൂടുതൽ പര്യാപ്തങ്ങളെന്നു് തങ്ങൾക്കു ബോദ്ധ്യമുള്ള ആദർശങ്ങളും, പരിപാടികളും സ്വീകരിക്കുന്ന വിവിധ പാർട്ടികളാണു് സാക്ഷാൽ രാഷ്ട്രീയപാർട്ടികൾ. ഇംഗ്ലണ്ടിലെ ലിബറൽ, കൺസർവെററീവു്, ലേബർ എന്നീ പാർട്ടികളും അമേരിക്കയിലെ ഡെമോക്രാററിക്കു്, റിപ്പബ്ളിക്കൻ എന്നീ പാർട്ടികളും ഇങ്ങനെയുള്ളവയാണു്. മററവിടെയുംപോലെ ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുപാർട്ടി പ്രജായത്തഭരണരീതിയിൽ വിശ്വസിക്കാത്തവരും, ആ രീതിയിലുള്ള ഗവമ്മെന്റിനെ അക്രമപ്രയോഗത്താൽ തകിടംമറിച്ചു് കടുത്ത സ്വേച്ഛാധിപത്യം നടപ്പിൽ വരുത്തണമെന്നു് ആഗ്രഹിക്കുന്നവരുമാണു്. കമ്മ്യൂണിസ്റ്റുകാർക്കു് അവർ ജനിച്ചുവളർന്ന രാജ്യത്തോടല്ലാ, പ്രത്യുത റഷ്യയോടും മററു കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളോടുമാണു് ദേശഭക്തിയുള്ളതു്. നമ്മുടെ പ്രധാനമന്ത്രി ഈ വസ്തുത ആവർത്തിച്ചാവർത്തിച്ചു് പരസ്യമായി പ്രസ്താവിച്ചിട്ടുള്ളതാണു്. അവരുടെ ശരീരം ഇൻഡ്യയിലാണെങ്കിലും അവരുടെ മനസ്സു് റഷ്യയിലാണെന്നും, ഇൻഡ്യയിലുള്ള ഏതു നല്ല കാര്യവും അപലപിക്കുവാനും നേരേമറിച്ചു് റഷ്യയിലും മററു കമ്മ്യൂണിസ്റ്റുരാഷ്ട്രങ്ങളിലും നടക്കുന്നതെല്ലാം പ്രകീർത്തിക്കുവാനും അവർക്കു് സാമർത്ഥ്യമുണ്ടെന്നും, അവർ സ്വീകരിച്ചിരിക്കുന്ന റഷ്യൻ പതാകതന്നെ അവരുടെ വിദേശഭക്തിക്കു് തെളിവാണെന്നും മററും അദ്ദേഹം തുറന്നുപറയാൻ മടിച്ചിട്ടില്ല. അങ്ങനെ സ്വദേശസ്നേഹമില്ലാത്ത

വരും, തരംവരുമ്പോൾ സ്വദേശത്തെ അവക്കു വിധേയത്വമുള്ള പരദേശത്തിനു് ഒററിക്കൊടുക്കുവാൻ മടിക്കാത്തവരുമായ കമ്മ്യൂണിസ്റ്റുകാരെ പബ്ളിക്കു് സവ്വീസിൽ പ്രവേശിപ്പിക്കുന്നതു് എത്രയോ ആത്മഹത്യാപരമായ നയമായിരിക്കും! രാജ്യത്തിൻെറ സുരക്ഷിതത്വം പ്രധാനമായി അടങ്ങിയിരിക്കുന്നതു് പബ്ളിക്കു സവ്വീസുകളിലുള്ള ഉദ്യോഗസ്ഥന്മാരുടെ വിശ്വസ്ഥതയിലാണു്. അവർ അവിശ്വസ്ഥരായാൽ രാജ്യത്തിൻെറ സുരക്ഷിതത്വം അസ്തമിക്കാതെ നിവത്തിയില്ല.

* * *

## കമ്മ്യൂണിസ്റ്റു് ഗൂഢാലോചന സ്പഷ്ടമായി വെളിക്കുവന്നിരിക്കുന്നു

ഇൻഡ്യയിലെ ഡെമൊക്രാററിക്കു് റിസർച്ചു് സവ്വീസു് എന്ന സ്ഥാപനത്തിൽനിന്നു് പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു ചെറുപുസ്തകമാണു് "മധുരയിലെ കമ്മ്യൂണിസ്റ്റു ഗൂഢാലോചന" (Communist Cuspiracy at Madurai.) ഈ ഗ്രന്ഥം Popular Book Depot, Larnington Road, Bombay 7. എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ ഒരു രൂപാ പന്ത്രണ്ടണയ്ക്കു് കിട്ടുന്നതാണു്. അഖിലേന്ത്യാ കോൺഗ്രസ്സു് കമ്മിററിയുടെ ജനറൽ സെക്രട്ടറി പ്രഫസർ അഗർവാൽ ഈ ഗ്രന്ഥത്തെ പരാമശിച്ചു് A. I. C. C. യുടെവക Economic Review എന്ന പ്രസിദ്ധീകരണത്തിൻെറ 1954 മാർച്ചു് 15-ാം തീയതി ലക്കത്തിൽ ഒരു ലേഖനമെഴുതിയിട്ടുണ്ടു്. പ്രസ്തുത ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ള പ്രമാണരേഖകളെ കോടതിയിലെ ഒരു കേസുമുഖേന വ്യാജങ്ങളെന്നു സ്ഥാപിക്കുവാൻ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയെ പ്രഫസർ അഗർവാൽ ആ ലേഖനത്തിൽ വെല്ലുവിളിച്ചിരിക്കുന്നു. അല്ലാത്തപക്ഷം ഇൻ: കമ്മ്യൂണിസ്റ്റു് പാർട്ടി അവരുടെ വിദേശികളായ യജമാനന്മാക്കുവേണ്ടി ഇൻഡ്യൻ ഭരണംഘടനയേയും, ഗവർമ്മെൻറിനേയും തകിടംമറിക്കാൻ ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കയാണെന്നുള്ള അവിതക്കിതമായ വസ്തുത സമ്മതിക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നു. ഗ്രന്ഥത്തിലെ പ്രമാണരേഖകൾ വ്യാജങ്ങളാണെന്നു് തെളിയിക്കാനുള്ള 'ഭാരം തീർച്ചയായും ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിക്കാണെന്നു്" അദ്ദേഹം ന്യായപൂവ്വം പ്രസ്താവിക്കുന്നു. അനന്തരം "ലക്കു്നൗവിലെ ലഹളകൾ, കൽക്കട്ടായിലെ വിപ്ലവങ്ങൾ, പാററ്നായിലെ കിസാൻ മാർച്ചു് ഉൾപ്പടെ ഈ രാജ്യത്തു് അടുത്തകാലത്തുണ്ടായ അസ്വസ്ഥതകൾ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സ്വീകൃതമായ പ്രസ്സ്ഷ്ടതീസിസിനോടു് ആശ്ചയ്യകരമായി യോജിച്ചിരിക്കുന്നുവെന്നു്" അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. "കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഈ നിഗൂഢപ്രവത്തനങ്ങളിലേക്കു് ഒരു പരിശോധന നടത്താനും പ്രസക്തങ്ങളായ വസ്തുതകൾ കഴിയുംവേഗം പബ്ളിക്കിൻെറ മുൻപിൽ വെക്കുവാനും" പ്രഫസർ അഗർവാൽ ഇൻഡ്യാഗവമ്മെൻറിനോടാവശ്യപ്പെട്ടിരിക്കുന്നു. മധുരയിൽ കൂടിയ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ മൂന്നാമതു കോൺഗ്രസിൽ ഗൂഢമായി നടന്ന ആലോചനകളുടെ സ്വഭാവം ഇപ്രകാരം വിധ്വംസകമാണെന്നു് വിശ്വസിക്കുവാൻ ബലമായ ന്യായങ്ങൾ ഉണ്ടായിരിക്കെ കമ്മ്യൂണിസ്റ്റുകാരെ പബ്ളിക്കു് സവ്വീസിൽ പ്രവേശിപ്പിക്കുന്നതു് എത്രമാത്രം ആപല്ക്കരമായിരിക്കും!

## ജപാപ്പസ്തോലസഖ്യത്തിൻെറ മേയ്മാസത്തെ പൊതുനിയോഗം

"ദൈവത്തിൻെറ അമലയായ മാതാവുവഴി റഷ്യയിലെ ജനങ്ങൾ നിരീശ്വരത്വത്തിൻെറ ഭീകരഭരണത്തിൽനിന്നു സ്വതന്ത്രരാക്കപ്പെടുന്നതിനു്."

## വേദപ്രചാരനിയോഗം

"മഹമ്മദീയർ ദൈവസ്നേഹത്തിൻെറ വൈപുല്യത്തെ ഗ്രഹിക്കുന്നതിനു്."

## അടുത്തയാഴ്ചയിൽ

മേയ്

9 ഞാ: ഉയിപ്പു് 3-ാം ഞായർ

വി. യൗസേപ്പിൻെറ മാദ്ധ്യസ്ഥം

10 തി: അന്തോനീസ്

11 ചൊ: അൻസെൽമൂസു്

12 ബു: നേറോസും അക്കിലേയോവും

13 വ്യാ: സോത്തീറും കാസ്സോസും

14 വെ: ബോനിഫാസിസു്

15 ശ: ഫിദേയിസു്

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6— 8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

## പുസ്തകാഭിപ്രായം

### മേയ മാസവണക്കം

അഥവാ

### പരിശുദ്ധ ദൈവമാതാവിൻെറ വണക്കമാസം

റവ. ഡോക്ടർ ജോസഫ് ഏറവുമാന്തക്കാരൻ അവർകൾ രചിച്ചിട്ടുള്ളതും മാന്നാനം എസ്. എച്ചു് ബുക്കുസ്റ്റാൾകാർ പ്രസാധനം ചെയ്തിട്ടുള്ളതുമായ മരിയമാസവണക്കത്തിൻെറ രണ്ടാംപതിപ്പാണു് ഇപ്പോൾ പുറത്തായിരിക്കുന്നതു്. കേരളീയകത്തോലിക്കാഭവനങ്ങളിലെല്ലാം ഒഴിച്ചുകൂടാൻ പാടില്ലാത്തവിധത്തിൽ അത്രുഢമൂലമായിട്ടുള്ള ഒരു ഭക്താഭ്യാസമാണു് മേയ്മാസവണക്കം. അതിനുപയോഗിച്ചുപോന്ന ഗ്രന്ഥങ്ങൾ പ്രായേണ വളരെ പഴയവയായിരുന്നതുകൊണ്ടു് അവ ഉപയോഗിക്കുന്നതിൽ ആധുനികക്കു അല്പം അരുചിയുണ്ടായിരുന്നു. അതിനു കാരണവുമുണ്ടു്. ആ കുറവിനെ പരിഹരിച്ചു് ആധുനികവും സുന്ദരവുമായ ഭാഷയിൽ ഹൃസ്വവും ചിന്താമധുരവുമായ ധ്യാനവിഷയങ്ങളും ചരിത്രപ്രതിഷ്ഠയുള്ള സംഭവങ്ങളും സംയോജിപ്പിച്ചു തയാറാക്കിയിട്ടുള്ള ഈ ഗ്രന്ഥം എല്ലാവക്കും സ്വാഗതാർഹമായിരിക്കുമെന്നതിനു യാതൊരു തക്കവുമില്ല. ഒന്നാംപതിപ്പു പെട്ടെന്നു വിററുതീന്നെന്ന വസ്തുത ഇതിനു തെളിവാണു്. മഹത്തായ ഈ സേവനത്തിൽ ഗ്രന്ഥകത്താവിനെ അഭിനന്ദിക്കുകയും പ്രസാധകരുടെ സൽകൃത്യത്തെ പ്രശംസിക്കുകയും പരിശുദ്ധ കന്യകമറിയത്തോടുള്ള ഭക്തിയെ എല്ലാ കുടുംബങ്ങളിലേക്കും സംവഹിക്കുന്നതിനു് ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

മാന്നാനം തിരുഹൃദയബുക്കു് സ്റ്റാൾവക ഡിപ്പോയിലും എറണാകുളത്തു മൂക്കന്നൂർ ഡിപ്പോയിലും ഈ പുസ്തകം വാങ്ങിക്കാൻ കിട്ടുന്നതാണു്. മേരീമാസം പ്രമാണിച്ചു് മേയ് 31 വരെ കുറഞ്ഞ വിലയ്ക്കു— കാലിക്കോബയിൻറു് ചെയ്തതിനു് ഒരു രൂപയ്ക്കും തുകൽ ബയിൻറുചെയ്തതിനു് ഒന്നരരൂപയ്ക്കും—വില്ക്കപ്പെടുന്നു.

(J. P. V.)


## വില കുറച്ചിരിക്കുന്നു

## മാതാവിൻെറ മെയ്മാസവണക്കം

വെരി റവ. ഡോക്ടർ ജോസഫ് ഏറവുമാന്തക്കാരൻ പരിഷ്കരിച്ചു തയാറാക്കിയ മെയ്മാസവണക്കം, മനംകവരുന്ന ഗാനതല്ലജങ്ങളും, സംഗീതജപമാലയും അടങ്ങിയതു്. ജൂബിലിവത്സരം പ്രമാണിച്ചു വില കുറച്ചു വിററുവരുന്നു. സൗജന്യനിരക്കു് കാലിക്കോബയൻറു് 1ക. തുകൽ 1ക. 8ണ.

ആവശ്യപ്പെടുക:—

എസ്സ്. എച്ച്. ബുക്കുസ്റ്റാൾ, മാന്നാനം

OR

മൂക്കന്നൂർ അനാഥശാലബുക്കുഡിപ്പോ,

എറണാകുളം 1


(9-ാംപേജ് തുടർച്ച)

നട്ടംതിരിയുന്ന പരദേശികൾക്കു ചൂണ്ടിപ്പലകയുമായിത്തീരുവാൻ എന്നെ വിളിച്ച ദൈവസ്വരം ഞാൻ ശ്രവിക്കാതിരിക്കുകയോ? ഹാ! കൊടിയ കൃതഘ്നത! ഞാൻ എന്നെ വിളിച്ചവൻെറ മധുരസ്വരം ശ്രവിച്ചു. സശ്ശിരകമ്പം അതിനെ ഞാൻ അനുസരിച്ചു.

ഒരു മനംമാററവും അതിൻെറ അനന്തരഫലവും മനസ്സിലാക്കിയ അനുവാചകരോടു് ഒരഭ്യത്ഥനയാണു് ഇനിയും ശേഷിച്ചിരിക്കുന്നതു്. ആടുകളെക്കുറിച്ചു വിചാരവിഹീനരായ, അധികാരപ്രബുദ്ധരായ ഇടയന്മാരുടെ കാരിരുമ്പഴിക്കുള്ളിൽ ബന്ധനം അനുഭവിക്കുന്നതും ശീശ്മയുടെ കരിങ്കുരിതട്ടിൽക്കിടന്നു് "കൂട്ടംകുത്തു" ന്നതുമായ ആടുകളെ സത്യസുധാകരൻെറ പരിപേലവപൂനിലാവിൽക്കൂടി നല്ലയിടയൻെറ ആലയത്തിലേക്കു് കൂട്ടിക്കൊണ്ടുവരുന്നതിനു് നിങ്ങൾ ദിവ്യനാഥനോടു പ്രാത്ഥിക്കണമേയെന്നു് കത്തോലിക്കാ സഹോദരങ്ങളോടും, അന്ധകാരശക്തികൾ പ്രബലപ്പെട്ടുവരുന്ന ഇക്കാലയളവിൽ നാം ഏവരുടെയും അപകടനില മനസ്സിലാക്കി ബുദ്ധിപൂവ്വം പ്രവത്തിക്കണമേയെന്നു് അകത്തോലിക്കാ സഹോദരങ്ങളോടും ദൈവസ്നേഹത്തെപ്രതി ഞാൻ അഭ്യത്ഥിക്കുന്നു. അതിനായി നമുക്കു പ്രവത്തിക്കാം; പ്രാത്ഥിക്കാം! ...

## വിനോദവീഥി



"പൊന്നു ഡോക്ടരെ! എനിക്കൊററ മോളേ ഒള്ളു. അവളേം പരിഷ്കാരം പിടിച്ചിരുക്കിക്കളഞ്ഞു. ഇന്നീമിതിൻെറ കയ്യെങ്ങനാ ഒന്നു നേരെയാക്കുന്നേന്നൊന്നു പറഞ്ഞുതരണേ!"

* * *

വൃദ്ധനായ ഒരു രോഗി ഗൃഹസ്ഥനെ വിളിച്ചിരുത്തി വിൽപത്രം തയാറാക്കുകയായിരുന്നു. നല്ല ധനസ്ഥിതിയിലിരുന്ന ആ മനുഷ്യൻെറ സ്വത്തെല്ലാം നഷ്ടപ്പെട്ടു എന്നു മാത്രമല്ല അയൽക്കാരായ ആറുപേക്കു ഓരോ നല്ല തുക കടം വീട്ടേണ്ടതായും ശേഷിച്ചു. രോഗി പറഞ്ഞുകൊടുത്തു: "ഈ ആറുപേരേയും എൻെറ ശവമഞ്ചം ചുമക്കുന്നതിനു ഞാൻ നിയോഗിക്കുന്നു."

ഗൃഹസ്ഥൻ:- "ആ ജോലിക്കു നിങ്ങളുടെ സ്വന്തപ്പെട്ടവരെ ആരെയെങ്കിലും നിയോഗിക്കുകയല്ലേ വേണ്ടതു്. നിങ്ങളുടെ ഉത്തമർണ്ണന്മാരെ നിയോഗിക്കുന്നതു ഭംഗിയാണോ?

വൃദ്ധൻ:- "അതുതന്നെ വേണം. അവരാണു് എന്നെ ഇത്രയും കൊണ്ടുവന്നതു്. അവർ തന്നെ അതു പൂത്തിയാക്കിക്കൊള്ളട്ടെ."

* * *



"മറിയാമ്മ, നീയെന്തിനാ ഇങ്ങനെ കരയണതു്?"

"നിങ്ങക്കു് തീരെ സുഖോല്ലാത്തകൊണ്ടു്."

"എനിക്കിപ്പോ നല്ല സുഖമാണെങ്കിലോ?"

"ഞാനിപ്പം ചിരികാർന്നു."

* * *

രോഗി:- (ഡോക്ടറോടു്) "സർ അങ്ങുന്നു പറഞ്ഞ സ്പെഷലിസ്റ്റിനെ ഞാൻ പോയിക്കണ്ടു."

ഡോക്ടർ:- "ഞാനാണു നിങ്ങളെ പറഞ്ഞയച്ചതെന്നു അദ്ദേഹത്തോടു പറഞ്ഞില്ലേ?"

രോഗി:- "ഉവ്വ്, പറഞ്ഞു."

ഡോക്ടർ:- "അദ്ദേഹം എന്നിട്ടെന്തു പറഞ്ഞു?"

രോഗി:- "പരിശോധനഫീസ് മുമ്പേർ അടയ്ക്കണമെന്നു പറഞ്ഞു."

## ചരമവാത്തകൾ

അരുവിത്തുറ— ഈ ഇടവകയിൽ തടിക്കൽ തറവാട്ടിലെ കാരണവർ മാത്തു വക്കി അവർകൾ ഏപ്രിൽ 20-ാംനു 85-ാമത്തെ വയസ്സിൽ കത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ഇടവകപ്പള്ളിയിലെ ജ്ഞാനധ്യാനത്തിൽ സംബന്ധിക്കുന്നതിനായി പോയ അദ്ദേഹം വീട്ടിലേക്കു തിരിച്ചുവരുമ്പോൾ മാഗ്ഗമദ്ധ്യേ തലകറങ്ങി വീഴുകയും അതേത്തുടന്നു പിറേറദിവസം കാലത്തു് മരണമടയുകയുമാണുണ്ടായതു്. ഇദ്ദേഹത്തിൻെറ മക്കളിൽ ഒരാൾ ഒരു സന്യാസവൈദികനും ഒരാൾ ഒരു മഠാധിപയും മററു രണ്ടു പേർ അജ്മീർ മിഷ്യനിൽ ജോലി ചെയ്യുന്ന കന്യാസ്ത്രീകളുമാണു്.

പുത്തമ്പള്ളി— ഈ ഇടവക വിതയത്തിൽ വക്കി ജോസഫ് മാപ്പിള ഏപ്രിൽ 24-ാംനു കത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ദീർഘമായ സുഖക്കേടിൽ കുടുംബകാര്യങ്ങളെല്ലാം ക്രമപ്പെടുത്തി, അന്ത്യകൂദാശകൾ ഭക്തിപൂവ്വം സ്വീകരിച്ചു പരലോകയാത്രയ്ക്കു തയാറായി. ശവസംസ്കാരകമ്മങ്ങൾ 25-ാംതീയതി വൈകിട്ടു അനേകം വൈദികരുടേയും വമ്പിച്ച ഒരു ജനക്കൂട്ടത്തിൻേറയും സാന്നിദ്ധ്യത്തിൽ ഭംഗിയായി നിവ്വഹിക്കുകയും പുത്തമ്പള്ളിപ്പള്ളിയിൽ തയാറാക്കിയ പ്രത്യേക കുഴിമാടത്തിൽ ശവം സംസ്കരിക്കുകയും ചെയ്തു.

ഉദയംപേരൂർ: — പുത്തൻപള്ളി ഇടവക കണ്ണോത്തു കല്ലറയ്ക്കൽ മാത്തൻ ചാക്കൊ അവർകൾ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 77-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് ഏപ്രിൽ 25-ാംതീയതി കത്താവിൽ നിദ്രപ്രാപിച്ചു.

ഇടപ്പാടി— വേലംകുന്നേൽ കുര്യൻ അവർകളുടെ പുത്രി അന്നക്കുട്ടി തൻെറ 16-ാമത്തെ വയസ്സിൽ കഴിഞ്ഞ 27-ാംതീയതി ചൊവ്വാഴ്ച 6 മണിക്കു് കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറദിവസം 4 മണിക്കു് റവ. ഫാ. സെബാസ്റ്റ്യൻ പെട്ടനാനി ബി. എ. യുടെ പ്രധാന കാമ്മികത്വത്തിൽ ശവസംസ്കാരം ഭരണങ്ങാനം ഫൊ. പള്ളിയിൽ നടത്തപ്പെട്ടു. R. I. P.

## വിവാഹം

തലയോലപ്പറമ്പു്, കവളങ്ങാട്ടു ചെട്ടിച്ചേരിൽ ദേവസ്യായുടെ ഏകപുത്രി ഏലമ്മയും തലയോലപ്പറമ്പിൽ കാണാത്തു് ജോസഫിൻെറ മകൻ തോമസും തമ്മിലുള്ള വിവാഹം സ്ഥലം പള്ളിയിൽ വച്ചു് 26-ാംനു രാവിലെ 10 മണിക്കു് നടന്നു. വിവാഹം ആശീവ്വദിച്ചതു് റവ. ഫാദർ മാത്യു കമ്മട്ടിയും പ്രസംഗം നടത്തിയതു റവ. ഫാദർ പോൾ കാണാത്തുമായിരുന്നു.

## തിരുകൊച്ചിവാത്തകൾ

### ഭൂനയബിൽ

ഇൻഡ്യൻ ഭരണഘടനയ്ക്കും നാഷനൽ പ്ളാനിംഗ് കമ്മീഷൻെറ നിദ്ദേശങ്ങൾക്കും വിധേയമായ ഒരു ഭൂനയബിൽ അടുത്ത നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്നതാണെന്നു് ധനകാര്യമന്ത്രി മി. പി. എസ്. നടരാജപിള്ള പ്രസ്താവിച്ചിരിക്കുന്നു തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഭൂനികുതി ഏകീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്നും അതുമൂലം ഗവർമ്മെൻറിൻെറ വരവിൽ കുറവുണ്ടാകുമെങ്കിലും അതു് ധാമ്മികമായി ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണെന്നും അദ്ദേഹം തുടന്നു പ്രസ്താവിക്കയുണ്ടായി.

### ഗ്രാമ വൈദ്യുതീകരണം

നെയ്യാററിൻകര-വിളവംകോടു് കമ്മ്യൂണിററി പ്രാജക്ടു് ഏരിയായിൽപ്പെട്ട തേങ്ങാപ്പട്ടണം, പുതുക്കട, മുഞ്ചിറ, പൂവാർ, കാഞ്ഞിരക്കുളം, വാളക്കെട്ടു്, പഴയകട, നെല്ലിമൂടു്, ആവണക്കുഴി, കുമകിൻകോടു് എന്നീ പ്രദേശങ്ങളിൽ വൈദ്യുതീകരണപദ്ധതി 1954-55-ൽത്തന്നെ നടപ്പിൽ വരുത്തുന്നതിനു് ഗവമ്മെൻറു് അനുവദിച്ചിരിക്കുന്നു.

### പ്രത്യേകസ്റ്റാഫ്

സംസ്ഥാനത്തെ മുനിസിപ്പാലിററികൾ പരിശോധിക്കാൻ ഒരു പ്രത്യേകസ്റ്റാഫിനെ നിയമിക്കുന്നതിനു് ഗവർമ്മെൻറു തീരുമാനിച്ചിരിക്കുന്നു ചില മുനിസിപ്പാലിററികളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ടതിനെത്തുടന്നാണു് ഗവമ്മെൻറു് ഈ തീരുമാനത്തിനു മുതിന്നതു്.

# അഖിലേന്ത്യാ കാത്തലിക്ക് സോഷ്യൽ കോൺഫറൻസ്

എറണാകുളത്തു സെൻറാൽബർട്ട്സ് കോളെജിൽ 21-ാംതീയതി ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നുമായി വന്നുചേർന്നിരുന്ന പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ സമ്മേളനം ഉൽഘാടനംചെയ്ത വിവരം കഴിഞ്ഞ ലക്കത്തിൽ ചേർത്തിരുന്നുവല്ലോ.

ഉച്ചകഴിഞ്ഞുള്ള യോഗത്തിൽ പാവപ്പെട്ടവരുടെ സാമ്പത്തികാഭ്യുന്നതിയെ ലാക്കാക്കിയുള്ള ഇടവകസംഘടനകളെപ്പററിയുള്ള ചർച്ചയാണു് നടന്നതു്. പട്ടണങ്ങളിലുള്ള ഇടവകകളിൽ സെല്ലുകൾ സ്ഥാപിച്ചു പ്രവർത്തനം നടത്തേണ്ടതിനെപ്പററി ബ്രദർ വടക്കനും, നാട്ടിൻപുറങ്ങളിലുള്ള ഇടവകകളിൽനിന്നു അജ്ഞത, അനാരോഗ്യം, ദാരിദ്ര്യം ഇവയെ ഉച്ചാടനംചെയ്തു അവയെ ഉദ്ധരിക്കേണ്ടതിനെപ്പററി ഫാദർ ചിന്നപ്പനും, തോട്ടങ്ങളിലെ ഇടവക പ്രവർത്തനങ്ങളെപ്പററി ഫാദർ ജെറോം ഡിസൂസായും സംസാരിച്ചു. അനന്തരം പ്രതിനിധികൾ മൂന്നു സംഘങ്ങളായി പിരിഞ്ഞു ഓരോ വിഷയത്തെപ്പററി ചർച്ചനടത്തുകയും 45 മിനിററിനുശേഷം എല്ലാവരും ഒരുമിച്ചുകൂടി ചർച്ചാസംഗ്രഹം സംഘനായകർ എല്ലാവരെയും അറിയിക്കയുംചെയ്തു. ഇതു കഴിഞ്ഞു് ഫാദർ ഡിമ്ലൻഡർ കമ്മ്യൂണിററി പ്രോജക്ട് സംബന്ധിച്ചു തയ്യാറാക്കിയ പ്രബന്ധം സദസ്സിൽ വായിച്ചു.

22-ാംതീയതി നാട്ടിൻപുറങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഉപാധികളെപ്പററിയായിരുന്നു ചർച്ച. 9 മണിക്കു യോഗം ആരംഭിച്ചു. കമ്മ്യൂണിററി പ്രോജക്ടിൻെറ പ്രായോഗികവശങ്ങളെയും ഗവമ്മെൻറുമായി സഹകരിക്കേണ്ടതിൻെറ ആവശ്യത്തെയും കത്തോലിക്കാ സാമൂഹ്യ പരിശീലനക്ലാസുകൾ ആരംഭിക്കേണ്ടതിനെയുംപററി ഫാ. ഡിമ്ലൻഡർ എസ്. ജെ. ഉപന്യസിച്ചു. തുടർന്നു മി. ഏദയസ്വാമി അവർകൾ പരസ്പരസഹായബാങ്കുകളെപ്പററി (Cooperative Credit Bank; Land Mortguage Bank മുതലായവകൊണ്ടുള്ള ഗുണങ്ങളെയും അവ ആരംഭിക്കേണ്ട വിധത്തെയുംപററി) പ്രസംഗിച്ചു. അടുത്തതു മദർ റപ്പായേൽ അവർകളുടെ പ്രസംഗമായിരുന്നു. അവർ ആരോഗ്യത്തെയും ശുചിത്വത്തെയുംപററി പ്രതിപാദിച്ചു. ഉൾനാടുകളിൽ അശുചിയായി ജീവിക്കയും വർത്തിക്കയും ചെയ്യുന്നതിനെ നേരിടേണ്ട വിധത്തേയും സന്യാസികൾക്കും മററും അക്കാര്യത്തിലുള്ള കടമകളെയുംപററി സുദീർഘം ചർച്ചചെയ്തു. ഫാദർ വില്യം സെക്വേരാ അവർകൾ ഏതദ്വിഷയകമായി സ്വന്തം അനുഭവത്തെ ആധാരമാക്കി ചെയ്ത പ്രഭാഷണം ഉത്തേജകമായിരുന്നു. പാവപ്പെട്ടവരുടെ ഇടയിൽച്ചെന്നു അവർക്കു് വൈദ്യസഹായം നൽകുന്നതിനു് ഒരു മാന്യൻെറ ഒരു വാനും, ഒരു ഡോക്ടരുടെയും രണ്ടു നേഴ്സുമാരുടെയും സേവനവും, ഔഷധവ്യാപാരികളിൽനിന്നു് ഔഷധങ്ങളും സൗജന്യമായി ലഭിച്ചതിൻെറ ഫലമായി ആരോഗ്യവും ശുചിത്വവും സംബന്ധിച്ചു പലതും ചെയ്യുവാൻ കഴിഞ്ഞുവെന്ന അനുഭവം സാമൂഹ്യസേവനത്തിൻെറ ഈ ദശാസന്ധിയിൽ എല്ലാവരുടെയും കണ്ണുതുറപ്പിക്കുന്നതിനു പര്യാപ്തമാണു്. മദ്രാസിലെ മുൻ ആരോഗ്യവകുപ്പുമന്ത്രി മി. റോച്ചു വിക്ടോറിയാ വയോജനവിദ്യാഭ്യാസത്തിൻെറ നാനാവശങ്ങളെപ്പററി സംസാരിച്ചു. അനന്തരം എല്ലാവരും മൂന്നു സംഘങ്ങളായി ചർച്ചകൾ നടത്തുകയും മുക്കാൽമണിക്കൂറിനു ശേഷം ചർച്ചകളുടെ സമാഹാരം സദസ്സിൽ അവതരിപ്പിക്കുകയും ചെയ്തു.

തുടർന്നു തൊഴിലാളികൾക്കുവേണ്ടി ജ്ഞാനാധ്യാനം നടത്തേണ്ടതിനെപ്പററിയും അതിനുള്ള പ്രത്യേക രീതിയെപ്പററിയും മററും ഫാദേഴ്സ് ബ്രന്നൻ, വാഡർഹെഡൻ, അലങ്കാരം എന്നിവർ പ്രസംഗിച്ചു. എറണാകുളത്തുള്ള വാരാന്ത്യധ്യാനരീതിയെ പരാമർശിച്ചു് ഫാദർ ജെറോം ഒ. സി. ഡി. അവർകളും സംസാരിച്ചു. അതിനുശേഷം ചർച്ചയും പ്രമേയാവതരണവും നടന്നു.

ഉച്ചകഴിഞ്ഞുള്ള യോഗം, യജമാനന്മാരുടെ സംഘടനകൾക്കു് എങ്ങനെയെല്ലാം പാവപ്പെട്ടവരുടെ സാമൂഹ്യസമുദ്ധാരണത്തിനു് സഹായകരമായിരിക്കുവാൻ കഴിയും എന്ന പ്രശ്നത്തെ ആധാരമാക്കിയാണു നടത്തപ്പെട്ടതു്. വലിയ വ്യവസായികൾ എന്തുചെയ്യണമെന്നതിനെ പുരസ്കരിച്ചു് ഫാദർ വെർഗൊട്ടീനിയും കച്ചവടം കൈത്തൊഴിൽ എന്നിവയുടെ നേതാക്കന്മാർക്കു നന്മനസ്സുണ്ടായാൽ പാവപ്പെട്ടവരെ ഉന്നമിപ്പിക്കാൻ കഴിയുമെന്നു മി. റേയും (മീൻപിടുത്തക്കാരുടെ കുട്ടികൾ ഇന്നു് പ്രസംഗകൻെറയും മററു സഹകരണബുദ്ധിമൂലം 500, 600, 1000 രൂപവരെ മാസശമ്പളമുള്ള കപ്പലുദ്യോഗസ്ഥന്മാരായിട്ടുണ്ടു്) ജന്മികൾ ഭൂദാനം ചെയ്തുംമററും സഹായിക്കാവുന്നതിനെപ്പററി മോൺ. ലോബോയും സംസാരിച്ചു. അനന്തരം സ്വീകൃതരീതി അനുസരിച്ചു് മൂന്നു കൂട്ടമായി എല്ലാവരും ആലോചനകൾ നടത്തുകയും തീരുമാനങ്ങൾ പൊതുയോഗത്തിൽ അവതരിപ്പിക്കയുംചെയ്തു.

---

ഈശോ, മറിയം യൗസേപ്പിൻെറ സഹായത്താൽ എൻെറ സുഖക്കേടു കുറഞ്ഞതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമ അപേക്ഷിക്കുന്നു.

ചിറിയൻകണ്ടത്തു മാത്തിരി
പാവറട്ടി

---

23-ാംതീയതി രാവിലെ കാര്യക്ഷമമായ സാമൂഹ്യപ്രവർത്തനത്തിനുവേണ്ടി രൂപതകളെ ഭാഷയുടെ അടിസ്ഥാനത്തിൽ സംയോജിപ്പിക്കുന്നതിനെ പുരസ്കരിച്ചു് ഫാദേഴ്സ് വിശ്വാസം, എസ്പ്ലാസാ, ജെറോം ഒ. സി. ഡി. എന്നിവരും മദ്ധ്യപ്രദേശത്തെ ആദിമവാസിവർഗ്ഗത്തിൽപ്പെട്ട വക്കീലായ മി. ജൂലിയസ് മിഞ്ചും പ്രസംഗിച്ചു. തുടർന്നുള്ള ചർച്ചകളുടെ ഫലമായി ഭാഷാടിസ്ഥാനം സ്വീകരിക്കപ്പെട്ടെങ്കിലും ചില രൂപതകളിൽ രണ്ടു ഭാഷകളിലും പ്രസിദ്ധീകരണങ്ങളും മററും വേണ്ടതാണെന്നു സമ്മതിച്ചു. ഭാഷാടിസ്ഥാനത്തിലുള്ള കമ്മററികളുടെ ജോലിയെപ്പററിയും അംഗത്വത്തെ സംബന്ധിച്ചും ആലോചനകൾ നടക്കയും താല്ക്കാലികമായി ഭാഷാടിസ്ഥാനത്തിൽ ഓരോ പ്രാദേശികകമ്മററിയെ തിരഞ്ഞെടുക്കയുംചെയ്തു.

അകത്തോലിക്കരായ സാമൂഹ്യപ്രവർത്തകരുമായുള്ള സഹകരണമായിരുന്നു ഇന്നു് ഉച്ചകഴിഞ്ഞുള്ള മീററിംഗിൻെറ വിഷയം. സഹകരണത്തെപ്പററി പൊതുവിലും ഭാരതസേവകസമാജത്തെപ്പററി പ്രത്യേകിച്ചും ഫാ. സെക്വേരായും ഇൻഡ്യൻ സോഷ്യൽ കോൺഫറൻസുമായി സഹകരിക്കുന്നതിനെപ്പററി മോൺ. ഫെർണാണ്ടസും ഉജ്ജ്വലത്തായി പ്രസംഗിച്ചു. സാമൂഹ്യപ്രവർത്തനങ്ങളിൽ സഹകരിക്കുന്നതു് അന്യർക്കു കൂടുതൽ നന്മചെയ്യുന്നതിനും നമുക്കു കൂടുതൽ ഉപകാരം സിദ്ധിക്കുന്നതിനും പലരുടേയും തെററിദ്ധാരണകൾ നീക്കുന്നതിനും അന്യർക്കു നല്ല തത്വങ്ങൾ പ്രദാനംചെയ്യുന്നതിനും അപകടകരങ്ങളായ തീരുമാനങ്ങളിൽനിന്നു അവരെ അകററിനിത്തുന്നതിനും പര്യാപ്തമാണെന്നു് സമ്മതിക്കപ്പെട്ടു.

ക്രിസ്തീയ യുവതൊഴിലാളികളുടെ (Young Christian Workers) സംഘടനയെപ്പററി പ്രതിപാദിക്കുന്നതിനു് സമയം ലഭിക്കുവാൻവേണ്ടി ഇന്നത്തെ സായാഹ്നസമ്മേളനം ഒരു മണിക്കൂർ മുൻപേ ആരംഭിക്കയും അദ്ധ്യക്ഷനായ Mgr Lobo ഈ പ്രസ്ഥാനം എന്താണെന്നു വിശദീകരിക്കയുംചെയ്തു അനന്തരം ഈ പ്രസ്ഥാനത്തിനുവേണ്ടി മുഴുവൻസമയവും വ്യയംചെയ്തുകൊണ്ടിരിക്കുന്ന ഒരു കൽക്കട്ടാ പ്രതിനിധി ഈ പ്രസ്ഥാനം നടപ്പിലാക്കേണ്ട രീതിയും തന്മൂലമുള്ള ഗുണവും വിശദീകരിക്കയുണ്ടായി. പരിപാടി അനുസരിച്ചുള്ള യോഗാനന്തരം, പ്രദക്ഷപണിയും സിനിമായും വഴി ഉൾനാട്ടിലുള്ളവർക്കു് ക്രിസ്തുവിൻെറ സന്ദേശം നൽകുന്ന ഒരു പുതിയ പ്രസ്ഥാനത്തിലേക്കു ഫാ. ചിന്നപ്പൻ ശ്രോതാക്കളുടെ ശ്രദ്ധയെ ആകർഷിച്ചു. രാത്രി എട്ടുമണിക്കു പ്രതിനിധികളെ ഉദ്ദേശിച്ചു കോളെജിൽ ഒരു സിനിമാ നടത്തപ്പെടുകയുമുണ്ടായി.

24-ാംതീയതിയിലെ യോഗലക്ഷ്യം സാമൂഹ്യപ്രവർത്തകരുടെ പരിശീലനമായിരുന്നു. പരിശീലനത്തിനുള്ള ദീർഘകാലപദ്ധതിയെപ്പററി ഫാദർ ഫൊൺസേക്കയും ഹ്രസ്വകാലപദ്ധതിയെപ്പററി ഫാദർ ആരോഗ്യസ്വാമിയും കത്തോലിക്കാ ട്രെയിഡ് യൂണിയൻകാരെപ്പററി ഫാദർ തോമസ് ജോസഫും പ്രസംഗിച്ചു. കത്തോലിക്കാ വൈദികർക്കു് സാമൂഹ്യസേവനം സംബന്ധിച്ചു പരിശീലനം നൽകേണ്ടതിൻെറ ആവശ്യത്തെയും അതുപൂനായിലെ ഡെനോബിലികോളെജിനോടു അനുബന്ധിച്ചു് നടത്തുന്നതിൻെറ ആശാസ്യതയെയും പുരസ്കരിച്ചുള്ള നാഗപ്പൂർ ആർച്ചുബിഷപ്പിൻെറ ലേഖനം വായിക്കപ്പെട്ടു. കൂടാതെ ബെൽജിയത്തു നാമൂർ എന്ന സ്ഥലത്തു് സാമൂഹ്യപ്രവർത്തനങ്ങളിൽ പരിശീലനം കഴിച്ചുവന്ന സിസ്റ്റർ ഫൈഡേലിയാ സ്വാനുഭവങ്ങളെ ആധാരമാക്കി പ്രസംഗിച്ചു. ഇതിനു പുറമെ ആലപ്പുഴയിലും കൊച്ചിയിലും തൊഴിലാളിയൂണിയൻ പ്രവർത്തനം നടത്തുന്ന മി. ഈപ്പനും ജയിക്കബും ഉജ്ജ്വലത്തായ ഓരോ പ്രസംഗംചെയ്തു. അനന്തരം പതിവുപോലെ ചർച്ചകളും അവയുടെ തീരുമാന അറിയിപ്പും നടന്നു. തുടർന്നുള്ള മീററിംഗിൻെറ സമയമായപ്പോഴേക്കും ഡോ. അട്ടിപ്പേററി തിരുമനസ്സുകൊണ്ടും ഡോ. പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടും ഹാളിൽ സന്നിഹിതരാകയും 1955 മുഴുവൻതന്നെയും സാമൂഹ്യകാര്യങ്ങൾ പഠിക്കുന്നതിനു എല്ലാ ഇടവകകളും പരിശ്രമിക്കണമെന്നും പള്ളിയിലെ പ്രസംഗവേദികളും സ്കൂളുകളിലെ ക്ലാസ്സ്മുറികളും ഇടവകകളിലെ വേദപാഠക്ലാസുകളും പൊതുയോഗങ്ങളുംവഴി ഇതു സാധിതപ്രായമാക്കണമെന്നും പാറേക്കാട്ടിൽ തിരുമേനി സദസ്യരെ ഉൽബോധിപ്പിച്ചു.

ഉച്ചകഴിഞ്ഞു സാമൂഹ്യപ്രവർത്തകരുടെ ഒരു അഖിലേന്ത്യാ സംഘടനയുടെ ആവശ്യത്തെപ്പററി ഫാദർ അഗസ്റ്റിനും അഖിലേന്ത്യാ അടിസ്ഥാനത്തിൽ സമാരബ്ധമെങ്കിലും ഇപ്പോൾ മദ്രാസ്-മൈലാപ്പൂർ അതിരൂപതാതിർത്തിക്കുള്ളിൽ അമന്നിരിക്കുന്നതായ "സേവാ" സംഘത്തെപ്പററി മി. റോച്ചു വിക്ടോറിയായും, സാമൂഹ്യസേവനവാർത്താവിതരണത്തിനായി ഒരു പ്രസിദ്ധീകരണമുണ്ടായിരിക്കേണ്ടതിനെപ്പററി ഫാദർ വെളുത്തേടത്തും, സാമൂഹ്യപ്രവർത്തനതത്വങ്ങളും രീതികളും ചരിത്രവും ഉൾക്കൊള്ളുന്ന ഗ്രന്ഥത്തിൻെറ അനുപേക്ഷണീയതയെപ്പററി ഫാദർ ജെറോം ഡിസൂസയും പ്രസംഗിച്ചു. കാത്തോലികമായ സിനിമായുടെ പ്രവർത്തനത്തെപ്പററിയുള്ള മി. ലൂയിസിൻെറ ചെറുപ്രസംഗത്തിനു ശേഷം 5-30-നു മീററിംഗു് സമാപിതമായി.

കോൺഫറൻസിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ അഖിലേന്ത്യാ കാത്തലിക്കു് ബിഷപ്സ് കോൺഫറൻസിനു അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നതാണ്.




ആദ്ധ്യാത്മികവീഥി

## മറുപടിക്കത്ത് (7)

ദൈവത്തിൻെറ വത്സലമക്കളെ,

മൂന്നുനാലുമാസം മുൻപു് അശുദ്ധപാപങ്ങളിൽനിന്നു മാറാൻ എന്താണു ചെയ്യേണ്ടതെന്നു ചോദിച്ചുകൊണ്ടു ഒരു വിദ്യാർത്ഥി എഴുതിയിരുന്നല്ലോ. 5-ാംനമ്പർ മറുപടിക്കത്തിൽ അതിനുള്ള ചില മാർഗ്ഗങ്ങളും നിർദ്ദേശിക്കയുണ്ടായി. പലപ്പോഴും ഈദൃശ ഉപദേശങ്ങൾ കേൾക്കുന്നതിനല്ലാതെ സ്ഥിരോത്സാഹത്തോടും ക്ഷമയോടുംകൂടി അവ പ്രവൃത്തിയിലാക്കുന്നതിനു ആളുകൾ ശ്രദ്ധിക്കാറില്ല. തന്മൂലം അവകൊണ്ടു വലിയ പ്രയോജനവുമുണ്ടാകാറില്ല.

എന്നാൽ എൻെറ യുവസ്നേഹിതൻ മേല്പറഞ്ഞതിനു് ഒരപവാദമാണെന്നു അയാൾ ഇക്കഴിഞ്ഞ 7-ാംനു അയച്ച ഒരു കത്തിൽനിന്നു മനസ്സിലാക്കാം. അയാളുടെ ഊരും പേരും എനിക്കു നിശ്ചയമില്ല. എങ്കിലും അയാളുടെ അനുഭവം മററു ചിലർക്കും ഉപകാരപ്രദമാകാൻ പാടുള്ളതുകൊണ്ടു എഴുത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊള്ളുന്നു.

"അച്ചൻെറ മറുപടിക്കത്തു കണ്ടതിൽ പിന്നെ എനിക്കു ഒരു പ്രത്യാശയും ശരണവും ഉണ്ടായിരിക്കുകയാണ്. അച്ചൻെറ ഉപദേശപ്രകാരം ഞാനൊരാത്മീയപിതാവിൻെറ അടുത്തു കുമ്പസാരിക്കുകയും അടുക്കലടുക്കൽ വി. കുർബാന സ്വീകരിക്കയും ചെയ്തുകൊണ്ടാണിരിക്കുന്നതു്. ഇപ്പോൾ ഒരൊന്നരമാസമായിട്ടു ഞാൻ യാതൊരു ചാവുദോഷവും ചെയ്യുന്നില്ലെന്നു എനിക്കു സന്തോഷത്തോടെ അച്ചനെ അറിയിക്കുവാൻ താല്പര്യമുണ്ടു്. അശുദ്ധവിചാരങ്ങളുണ്ടാകുമ്പോൾ ഞാൻ വേറെ എന്തെങ്കിലും പാപകരമല്ലാത്ത സംഗതികളെക്കുറിച്ചാണു ചിന്തിക്കുന്നതു്. എൻെറ കണ്ണിൻെറ ദുരാശകളേയും നിയന്ത്രിക്കുവാൻ ദൈവാനുഗ്രഹത്താൽ എനിക്കിപ്പോൾ സാധിച്ചിരിക്കുന്നു. അവിടുത്തെ ഉപദേശങ്ങൾ ഇനിയും സ്വീകരിക്കുവാൻ ഞാൻ തയ്യാറാണ്. ഇപ്പോൾ കുറെ നാളായിട്ടു എൻെറ മനസ്സിനും ശരീരത്തിനും ഒരു സ്വസ്ഥത അനുഭവപ്പെട്ടിരിക്കയാണ്.

"ദൈവാനുഗ്രഹത്താൽ എൻെറ ശേഷിച്ചിരിക്കുന്ന ജീവിതകാലമെങ്കിലും ദൈവത്തിനുവേണ്ടി ചെലവഴിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇനിയും ഞാനീ പാപങ്ങളിൽ വീഴാതിരിക്കുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു ഈ പത്രം വായനക്കാരായ എല്ലാവരോടും ഞാൻ യാചിക്കുന്നു. പാപപ്പരിഹാരമായി ദിവസത്തിലൊരിക്കൽ കൈവിരിച്ചുപിടിച്ചുകൊണ്ടു ഒരു കൊന്തയെത്തിക്കുന്നുണ്ടു്. ഈ നിസ്സാരപരിഹാരം എന്നെ വലിയ പരിഹാരകൃത്യങ്ങളിലേക്കു് ആനയിക്കുന്നതിനു ഇടയാക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു."

അനല്പമായ സന്തോഷത്തോടുകൂടിയാണു കുഞ്ഞിൻെറ ഈ എഴുത്തു ഞാൻ വായിച്ചതു്. കുഞ്ഞിനെ ഇത്ര ധാരാളമായി അനുഗ്രഹിച്ച ദൈവത്തിനു സ്തുതിയുണ്ടായിരിക്കട്ടെ. ഒട്ടും അധൈര്യപ്പെടാതെ ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ചുകൊണ്ടു ഇപ്പോഴത്തെപ്പോലെ മുൻപോട്ടു പോ

ള്ളൊള്ളുക. അപകടമെല്ലാം നീങ്ങിയെന്നു വിചാരിച്ചു ശ്രദ്ധകുറയ്ക്കുവാൻ ഇടയാകരുതു്. മാത്രമല്ല വി. മറിയം മഗ്ദലേനയും വി. ആഗുസ്തീനോസും മാറ്റം ചെയ്തിട്ടുള്ളതുപോലെ നമ്മുടെ കർത്താവിനെ ഇതുവരെ എത്ര കൂടുതലായി ഉപദ്രവിച്ചുവോ അതിനെക്കാൾ കൂടുതലായി ഇനി അവിടുത്തെ സ്നേഹിക്കുന്നതിനു ശ്രമിക്കണം. കുഞ്ഞിനു മററു തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഒരു വൈദികനോ സന്യാസിയോ ആയി ഇവിടെത്തന്നെയോ അല്ലെങ്കിൽ വല്ല മിഷൻരംഗങ്ങളിലോ ഈശോയ്ക്കുവേണ്ടി ആത്മാക്കളെ നേടുന്നതിനു ജീവശ്ശേഷം വിനിയോഗിക്കുന്നതു നന്നായിരിക്കും. ഇതുസംബന്ധിച്ചുള്ള ദൈവതിരുമനസ്സറിയുന്നതിനായി ധാരാളം പ്രാർത്ഥിക്കുകയും കുമ്പസാരക്കാരനോടു അഭിപ്രായം ചോദിക്കയും ചെയ്യണം.

ഞങ്ങളെല്ലാവരും പ്രത്യേകം അപേക്ഷിക്കാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം •ആത്മപിതാവു്.

## വീട്ടപകടങ്ങൾ

(ദിവരാം)

കണ്ടക്ടർ നീട്ടിയ ടിക്കററുവാങ്ങാൻ കൈനീട്ടിയപ്പോഴാണു് വർഗ്ഗീസ് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടതു്. സകല സൗഭാഗ്യങ്ങളും തികഞ്ഞു് കഴുത്തിൽ ജുബാ്യുമകളിൽ മിന്നുന്ന ഒരു ചെയിൻകൂടി ആ യുവാവിനുണ്ടു്. ക്രാപ്പുചെയ്തു് ചീകിയൊതുക്കിയ മുടിയും ചുള്ളിമീശയും അല്പം കുടവയറും എല്ലാംകൂടി ആ യാത്രക്കാരനായിരുന്നു വണ്ടിയിലപ്പോഴുണ്ടായിരുന്നവരിൽ ഏററവും യോഗ്യൻ എന്നാർക്കും തോന്നും.

കണ്ടക്ടർ കൊടുത്ത ടിക്കററു് വാങ്ങാൻ കൈനീട്ടിയെങ്കിലും വർഗ്ഗീസിൻെറ കൈയിലതു തങ്ങിയില്ല. അതു പറന്നുകടന്നു് പാടത്തേക്കു് ഉരുണ്ടുപാഞ്ഞുപോയി. അടുത്തുതന്നെ ഇരുന്നിട്ടും ടിക്കററു് കൈയിൽനിന്നും വഴുതിയതെന്താണെന്നായിരുന്നു എൻെറ ശ്രദ്ധ. വലത്തേക്കൈയിലേക്കു സൂക്ഷിച്ചുനോക്കി. കഷ്ടം! ഐശ്വര്യപൂർണ്ണനെന്നാദ്യം കരുതിയ ആ യുവസ്നേഹിതൻെറ തള്ളവിരൽ അതിൻെറ സ്ഥാനത്തു് കണ്ടില്ല. സൂക്ഷിച്ചൊന്നുകൂടി നോക്കി. വലത്തുകൈയിൽ നാലു വിരൽ മാത്രമേയുള്ളു. അതാണെളുപ്പത്തിൽ ടിക്കററു മുറുകെപ്പിടിക്കാൻ കഴിയാഞ്ഞതു്—അതു പറന്നുപോയതു്.

എന്തിനാണാ തള്ളവിരൽ ആ കൈയുപേക്ഷിച്ചു പോയതു്. ഈശ്വരൻ അനുഗ്രഹിച്ചനുവദിച്ചിരുന്ന ആ വിരൽ മനുഷ്യനു് എല്ലാംതരത്തിലുപയോഗമുള്ളതാണു്. നമുക്കറിയാം തള്ളവിരൽ ഇല്ലെങ്കിലനുഭവിക്കേണ്ടിവരുന്ന അസൗകര്യങ്ങളെക്കുറിച്ചു്. അങ്ങനെയിരിക്കെ നിത്യോപയോഗത്തിലിരിക്കുന്ന ആ ശരീരാംഗത്തെ സ്ഥാനഭ്രംശം നൽകി അയച്ച പ്രവൃത്തിയോ ചുററുപാടോ എന്തായിരിക്കാം?

ഞാനടുത്തസീററിൽ മി. വർഗ്ഗീസിൻെറടുത്തുതന്നെ ചെന്നിരുന്നു. ആ കൈയിൽത്തന്നെ നോക്കിക്കൊണ്ടു് അതിലെ ആ വലിയ വിരലെവിടെപ്പോയെന്നു ചോദിച്ചു ഉത്തരം പറയാനാദ്യം വർഗ്ഗീസ് കൂട്ടാക്കിയില്ല. എന്നാൽ ഞാൻ സ്നേഹപൂർവ്വം വീണ്ടും ചോദിച്ചപ്പോൾ സ്നേഹിതൻ അല്പം സങ്കടത്തോടെ ആ കഥ പറഞ്ഞു

"എൻെറ പൊന്നു സാറെ, ഞാനൊരു മഹാ മാംസഭുക്കാണു്. ഇറച്ചിയും മീനും മുട്ടയുമെല്ലാം എൻെറ ജീവനാണു്. ഇറച്ചിയില്ലാതെ എനിക്കു ചോറുണ്ണാൻ കഴിഞ്ഞിരുന്നില്ല. എൻെറപ്പനൊരു നല്ല വെടിക്കാരനായിരുന്നു. അപ്പച്ചൻ മരിച്ചപ്പോൾ തോക്കുപ്രയോഗം ഞാൻ നടത്താൻതുടങ്ങി. വാവലിൻെറ ഇറച്ചിയായിരുന്നു എനിക്കേററവും പ്രിയം. എന്നാലും തോക്കെടുത്താൽ കണ്ണിൽ കണ്ടുകിട്ടുന്ന ജീവികളെ ഞാൻ വെറുതെ വിടുന്ന പതിവേയില്ല. ഞാനാകട്ടെ ഇതിനകം 2476 വാവലിനെയും, 432 മുയലിനെയും 565 കൊളക്കോഴിയെയും കണക്കില്ലാത്തവിധം കാക്കയേയും കൊക്കിനെയും വെടിവച്ചു കൊന്നിട്ടുണ്ടു്. അണ്ണാനും കീരിയും മരപ്പട്ടിയും എന്നെക്കണ്ടാൽ മിഴിച്ചിരുന്നു ചത്തുപോകാറുണ്ടു്. കുരങ്ങും ഉപ്പൻകാക്കയും കോഴിയും ഒന്നും വർഗ്ഗീസിൻെറ വഴിക്കു വരില്ല.

ഇങ്ങനെ വെടിപ്രിയനായി, മാംസഭുക്കായി രസിച്ചു. വണ്ണിച്ചു് പെമ്പിള്ളേംപിള്ളേരുമൊക്കെയായി ഞാനങ്ങു് സുഖിച്ചു പാർക്കുമ്പോഴാണൊരു തുലാം 3-ാംനു-ബുധനാഴ്ച പകലഞ്ചുമണിക്കിങ്ങനെ സംഭവിച്ചതു്. ഞങ്ങളുടെ വടക്കേ മാവിലിരുന്ന ഒരു മഞ്ഞക്കിളിയെ ഞാനുന്നംവെച്ചു തോക്കുചൂണ്ടി ഒരു കണ്ണടച്ചു് അവൻെറ പള്ളയ്ക്കു പൊട്ടിക്കാനൊരുച്ചു. ഞാൻ കാഞ്ചി വലിച്ചതും തോക്കുകുഴൽ പൊളിഞ്ഞതും ഒപ്പം കഴിഞ്ഞു. എൻെറ വലംകൈ മുഴുവൻ ചോര തോക്കു താഴെയിട്ടിട്ടു് ഞാൻ നിലവിളിച്ചു. പെമ്പിള്ള ഓടിവന്നു. അവർ ചോര കണ്ടു് മൂർച്ഛിച്ചു വീണുപോയി. മൂത്തമോൻ നിലവിളിച്ചു. അങ്ങേലെ അന്തോണിച്ചേട്ടനും രാമൻനായരും ഉമ്മുകാക്കയും രാമസ്വാമിയുമൊക്കെ ഓടിക്കിതച്ചുവന്നു. തോർത്തെടുത്തെൻെറ കൈ കൂട്ടിക്കെട്ടി കസേരയ ലെടുത്താശുപത്രിക്കു കൊണ്ടുപോയി.

ഒന്നരമാസം ഞാനവിടെക്കിടന്നു. ഡോക്ടർ അവസാനം കെട്ടിയ കെട്ടഴിച്ചപ്പോഴാണു് എൻെറ തള്ളവിരൽ എന്നെ എന്നന്നേക്കുമായി പിരിഞ്ഞുപോയെന്നു് ഞാനറിഞ്ഞതു്. ഞാൻ കഠിനമായി നിലവിളിച്ചു. എൻെറ കൂട്ടത്തിൽ കെട്ടിയവളും പിള്ളേരുമൊക്കെക്കരഞ്ഞു. എന്തുഫലം! ഞാനിന്നും വലിയ ഒരു കുറവോടുകൂടി ഒരു മഹത്തായ പാഠം പഠിച്ചുകൊണ്ടു് ജീവിക്കയാണു്.

ഇത്രയും പറഞ്ഞപ്പോഴേക്കും വണ്ടി നിന്നു. വർഗ്ഗീസ് താഴെയിറങ്ങി എനിക്കു് സലാം പറഞ്ഞിട്ടു് വടക്കോട്ടു് നടന്നുമറയുകയും ചെയ്തു.

വെടിക്കാരൻ വർഗ്ഗീസിൻെറ കഥ മറക്കയില്ലെന്നു വിശ്വസിക്കുന്നു. അപകടങ്ങൾ താനേ വരുന്നില്ലെന്നും അവ വരുത്തിവെക്കുന്നവരാണെന്നും ഒന്നുകൂടി ഓർമ്മിക്കുക.

"സുരക്ഷിതമല്ലാത്ത യാതൊന്നും ശരിയായ വഴിയല്ല" എന്ന തത്വം ശക്തിയായി മനസ്സിൽ പതിക്കേണ്ടുന്നു. വീട്ടമ്മമാരും, സഹോദരികളും വീട്ടപകടങ്ങൾ ഒഴിവാക്കാൻ കിണഞ്ഞു പരിശ്രമിക്കുമെന്നു വിശ്വസിക്കുന്നു.



തോക്കു താഴെയിട്ടിട്ടു് ഞാൻ നിലവിളിച്ചു.

# എൻെറ പുനരൈക്യത്തിൻെറ പശ്ചാത്തലം

(എസ്സ്. കുന്നന്താനം)

ഒരു മോഹനസുദിനം. അതിൻെറ മധുരസ്മരണാകിരണങ്ങൾ മറയ്ക്കുവാൻ എന്നാൽ അസാദ്ധ്യം. ആ സുദിനത്തിലാണു്, ജീവരസംവററി നശ്വരപ്രായമായിരുന്ന ഞാൻ വീണ്ടും അതിനെ കണ്ടെത്തിയതു്. ഹാ! മനോമോഹനസുദിനത്തിലെ ആ സുപ്രഭാതമേ, നിന്നെ വിസ്മരിക്കുകയോ!

പലപ്പോഴും ഞാൻ ചിന്തിക്കാറുണ്ടായിരുന്നു എൻെറ നിർഭാഗ്യത്തെക്കുറിച്ചു്. കത്തോലിക്കാന്തരീക്ഷത്തിൽ അഥവാ കത്തോലിക്കാ വിദ്യാലയത്തിൽ വിദ്യാഭ്യാസം നടത്തുവാൻ സാധിക്കാഞ്ഞതിനെയാണു് നിർഭാഗ്യമെന്നു ഞാൻ വിവക്ഷിക്കുന്നതു്. മിഡിൽസ്കൂൾ വിദ്യാഭ്യാസം ഒരു എൻ. എസ്സ്. എസ്സ്. സ്കൂളിൽ പൂർത്തിയാക്കുവാനാണു് സാധിച്ചതു്. എൻെറ സമീപസ്ഥനും തികഞ്ഞ മതതീക്ഷ്ണതയുള്ളവനുമായ അവിടത്തെ ഒരു കത്തോലിക്കാദ്ധ്യാപകൻ എൻെറ ശ്രദ്ധയെ ഹഠാദാകർഷിച്ചുവെന്നു പറയുന്നതിൽ അതിശയോക്തിസ്പർശമേയില്ല. പ്രേഷിതചൈതന്യം ചിറമുറിഞ്ഞു പ്രവഹിക്കുന്ന് ഇത്തരം അദ്ധ്യാപകന്മാരുടെ അഭാവം ലോകമിന്നു മനസ്സിലാക്കുന്നുണ്ടു്. തങ്ങളുടെ നില ഇന്നത്തെ അദ്ധ്യാപകന്മാർ മനസ്സിലാക്കിയിരുന്നെങ്കിൽ! ഹൈസ്കൂൾ വിദ്യാഭ്യാസം പ്രോട്ടസ്റ്റൻറുസ്കൂളിലാകുവാനാണു് എനിക്കു ഭാഗ്യം സിദ്ധിച്ചതു്. ഒരു മാർത്തോമ്മാ മെത്രാൻെറ അധീനതയിലിരിക്കുന്ന സ്കൂളിൽ പഠിക്കുവാനിടയായതു് ഭാഗ്യമായിക്കരുതുന്നതു് എന്താണെന്നു ഒരുപക്ഷേ അനുവാചകർ ചോദിച്ചേക്കാം. അതു് വെറും ഭാഗ്യമായിട്ടല്ല; മഹാ ഭാഗ്യമായിട്ടാണു് ഞാൻ കരുതുന്നതെന്നുതന്നെ പറയട്ടെ.

രാവിലെ 9-30 മുതൽ 10 വരെയുള്ള വേദപാഠക്ലാസു് (Scripture class) ആ സ്കൂളിലെ വിഷയപരിപാടിയിൽ അതിപ്രധാനഘടകമായിരുന്നു. വേദപാഠത്തിനു മണിയടിച്ചാലുടൻ പള്ളിയിൽപ്പോയി ഏററം പിന്നിലുള്ള ബെഞ്ചിൽ സ്ഥലംപിടിക്കുവാനാണു് എവരുടേയും ശ്രമം. അതിൽനിന്നു ഞാനും വ്യത്യസ്തനല്ലായിരുന്നു. അദ്ധ്യാപകന്മാരിൽ ഒരാളോ ഒരുപദേശിയോ പള്ളിയിൽ "വിശുദ്ധസ്ഥല"ത്തിനടുത്തുള്ള വായനമേശയോടു ചേർന്നുനിന്നു് ഒരു പാട്ടിനു് ആദിയിടുകയായി. ബാക്കിയുള്ളവർ തങ്ങൾക്കറിയാവുന്ന രീതിയിലും വിധത്തിലും ശർക്കരത്തോണിയിലെ വീണയെപ്പോലെ അതിനെ വലിച്ചുനീട്ടുകയാണു പതിവു്. വേദപുസ്തകത്തിൽനിന്നു ഏതെങ്കിലും ഒരു വാക്യമെടുത്തു്—അതു മുന്നമേ തിരഞ്ഞെടുത്തിട്ടുള്ളതായിരിക്കും—ഹിതാനുസരണം വ്യാഖ്യാനംനൽകി അതിനെ അധികരിച്ചു് ഒരു പ്രസംഗവും കഴിയുമ്പോൾ വേദപാഠക്ലാസു് അങ്ങനെ അവസാനിക്കുന്നു. യാക്കോബായക്കാരനായി ജനിച്ചുവെന്ന കാരണത്താൽ ഞാൻ അതിൽനിന്നു് ഒഴിവാക്കപ്പെട്ടില്ല. എൻെറ ഉററമിത്രങ്ങളും സഹപാഠികളുമായിരുന്ന കത്തോലിക്കാവിദ്യാർത്ഥികൾ അവിടെ വേദപാഠക്ലാസ്സിൽ പങ്കെടുത്തിരുന്നില്ല. അവർ അതിനു വിസമ്മതിക്കയുംചെയ്തു. സമ്മാനം കരസ്ഥമാക്കുന്നതിനു മാത്രമാണെങ്കിലും ചില ഹിന്ദുസഹോദരങ്ങളും അവിടെ വേദപാഠം പഠിച്ചിരുന്നു. അവരിൽ ചിലർ സമ്മാനാർഹരായിട്ടുമുണ്ടു്. ഹിന്ദുവിദ്യാർത്ഥികൾക്കു പോലും പ്രവേശനം അനുവദിച്ചിരുന്ന വേദപാഠക്ലാസ്സിൽ കത്തോലിക്കാവിദ്യാർത്ഥികൾക്കു പ്രവേശനമില്ല. അവർ പുറന്തള്ളപ്പെട്ടവരായി പരിഗണിക്കപ്പെട്ടിരുന്നു. ഈ സംഗതിയെക്കുറിച്ചു് ഞാൻ ആഴമായി ചിന്തിക്കുവാനും അവിശ്രാന്തം ആരായുവാനും തുടങ്ങി. ഈ അകൽച്ചയുടെ പശ്ചാത്തലം അജ്ഞാതമായിരുന്നിടത്തോളംകാലം എങ്ങനെ അതിൻെറ കാര്യകാരണങ്ങൾ ലഭിക്കുവാനാണു്?

ചാട്ടത്തിൽ തെററിയ കുരങ്ങിനെപ്പോലെ കൂട്ടത്തിൽ കൂട്ടാത്ത ഇക്കൂട്ടരോടു്—റോമ്മാക്കാരോടു്—എനിക്കു് അനല്പമായ വെറുപ്പും അത്യധികമായ അവജ്ഞയും ഉളവായി. ചുരുക്കത്തിൽ, ഇവരെ കാണുന്നതുതന്നെ ഏതാണ്ടൊരു "ഇതു്"പോലെയായി. കുറുക്കനെ കണ്ടിരുന്നാലും ദോഷമില്ല; ഇവരെ കാണുക അസഹ്യമായി. ഈവിധം ദൈവവും ഇവരെ ഉപേക്ഷിച്ചിരിക്കുമോ എന്നായി പിന്നീടുള്ള എൻെറ ചിന്ത.

ഇന്നത്തെപ്പോലെ അന്നും പഠനവിഷയത്തിൽ പിന്നോക്കമായിരുന്നതുകൊണ്ടു് സമീപസ്ഥരായ സഹപാഠികളോടുകൂടി "പ്രായോഗികപഠനം" നടത്തുവാൻ അടുത്തുള്ള കത്തോലിക്കാ പള്ളിമുറിയിൽ ഞാൻ പോയിരുന്നു. പഠനത്തിനിടയിൽ ഉല്ലാസത്തിനെന്നവണ്ണം സാമുദായികവിഷയങ്ങളെക്കുറിച്ചു് ചില വാദപ്രതിവാദങ്ങൾ നടത്തിയിരുന്നു. നല്ല "കീറാമുട്ടി"കൾകൊണ്ടു് കത്തോലിക്കനായ സഹപാഠിയുടെ വാദമുഖങ്ങളെ തടയുന്നതിലായിരുന്നു ഞങ്ങളുടെ "വിജയം." ഞങ്ങളുടെ വാദകോലാഹലങ്ങളെ സശ്രദ്ധം ശ്രവിച്ചുകൊണ്ടിരുന്ന അവിടത്തെ ബ. വൈദികൻ ചിലപ്പോൾ പ്രത്യക്ഷനായി ഞങ്ങൾക്കു സംശയനിവാരണവും സത്യവെളിച്ചവും നൽകിയിട്ടുണ്ടു്. ഇന്നും അദ്ദേഹം വലപ്പച്ചനായി ജനാനരകളെ അതിജീവിക്കുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാകുന്നതിനുമുമ്പുതന്നെ, ഇതര ക്രൈസ്തവവിദ്യാർത്ഥികളിൽനിന്നു കത്തോലിക്കാവിദ്യാർത്ഥികളെ വേർതിരിക്കുന്ന ഈ പിളർപ്പിൻെറ, ഉത്തരദക്ഷിണധ്രുവങ്ങൾ തമ്മിലുള്ള ഈ അകൽച്ചയുടെ കാരണം ഏതാണ്ടു് എനിക്കു ബോധപ്പെട്ടുതുടങ്ങി. എന്നിൽ തിങ്ങിവിങ്ങിയിരുന്ന വിദ്വേഷം സ്നേഹമായിപ്പകർന്നു. മുമ്പിലത്തേതിൽ അധികമായി അവരെ സ്നേഹിക്കുവാനാണു് എൻെറ അടുത്ത ശ്രമം. പുറന്തള്ളിയിരുന്ന സഹോദരന്മാരെ ഞാൻ ആത്മാർത്ഥമായി സ്വീകരിച്ചു; പോരെങ്കിൽ അവരിൽ വിശ്വാസാർപ്പണവും നടത്തി. ചുരുക്കത്തിൽ ഏകോദരസഹോദരങ്ങളെപ്പോലെ ഞങ്ങൾ വർത്തിക്കുകയായി. കത്തോലിക്കാ സഭാംഗങ്ങളെയല്ല ഇതര ക്രൈസ്തവസഭക്കാർ വേർതിരിക്കുന്നതെന്നും മറിച്ചു് ഇതര ക്രൈസ്തവസഭാംഗങ്ങളെ കത്തോലിക്കാസഭയാണു് വേർതിരിക്കുന്നതെന്നും വാസ്തവത്തിൽ ഞാൻ മനസ്സിലാക്കിത്തുടങ്ങി. അതായതു് കത്തോലിക്കാവിദ്യാർത്ഥികൾ പ്രോട്ടസ്റ്റൻറുസ്കൂളിൽ വേദപാഠത്തിനു ചേരായ്കയാണു്; അവരെ ചേർക്കായ്കയല്ലെന്നു എനിക്കു മനസ്സിലായി.

ഹൈസ്കൂൾ വിദ്യാഭ്യാസം ഒരുവിധം അവസാനിച്ചു എന്നെ വൈദികനായി കാണുവാനുള്ള ആഗ്രഹം എൻെറ മാതാപിതാക്കന്മാരിൽ രൂഢമൂലമായി. എൻെറ ദൈവവിളിയോടു് മറുതലിക്കുവാൻ ഞാൻ ഉദ്ദേശിച്ചിരുന്നുമില്ല. തങ്ങളുടെ ആഗ്രഹം അവർ എന്നെ അറിയിക്കുന്നതിനുമുമ്പായി വൈദികനാകുവാനുള്ള എൻെറ ആഗ്രഹം ഞാൻ അറിയിച്ചുകഴിഞ്ഞിരുന്നു. "വൈദ്യൻ കല്പിച്ചതും രോഗി ഇച്ഛിച്ചതും പാലു്"തന്നെയായ സ്ഥിതിക്കു് വൈദികപഠനത്തിനു് അവരുടെ അനുവാദം പാർത്തിരിക്കേണ്ടതില്ലല്ലോ. എന്നാൽ ഒരു കാര്യം. നല്ല പാലു കുടിക്കുവാൻ രോഗിക്കു താല്പര്യം; ഏതെങ്കിലും വിധത്തിൽ അതു പിരിച്ചുകൊടുക്കണമെന്നു് വൈദ്യനു നിർബന്ധവും. പാലു് അതിൻെറ തനിരൂപത്തിൽ ഉപയോഗിക്കുവാൻ, അതേ ഒരു കത്തോലിക്കാ പുരോഹിതനാകുവാൻ എനിക്കു താല്പര്യം വർദ്ധിച്ചു. ലക്ഷ്യം പ്രാപിക്കുവാൻ അഥവാ വൈദികനാകുവാൻ ഇരുവർക്കും സർവ്വസമ്മതമാണു്, എന്നാൽ ലക്ഷ്യത്തിലെത്തുവാനുള്ള മാർഗ്ഗനിർദ്ദേശത്തിൽ ഭിന്നാഭിപ്രായമാണു് പ്രത്യക്ഷപ്പെടുക. "ഭിന്നരുചിർഹി ലോകഃ" പിന്നെ എന്തു ചെയ്യുവാനാണു്? ദൈവവിളിയുടെ പരിപാലനത്തിനു വിലങ്ങടിക്കുന്ന ഏതു സാഹചര്യത്തെയും ക്രിസ്തുവിനുവേണ്ടി ഉപേക്ഷിക്കുവാൻ ഞാൻ തീരുമാനിച്ചുറച്ചു; താമസംവിനാ അപ്രകാരം ചെയ്യുകയുംചെയ്തു. മധു ഇററിററുവീഴുന്ന അതിൻെറ സുന്ദരഫലങ്ങൾ കായ്ച്ചുനിറഞ്ഞ ആ കാസായെ മധുരാത്മകമാക്കിച്ചെയ്തു.

ഇന്നെന്നപോലെ ഞാനോർക്കുന്നുണ്ടു് ആ ദിവസം. ഒരു ജൂലൈ മൂന്നാംതീയതി ഭാരതാപ്പസ്തോലനായ വി. തോമ്മാശ്ലീഹായുടെ ദുക്റാനാ തിരുനാളിൽ, അദ്ദേഹം ഭാരതത്തിൽ നട്ടു്, സ്വന്തരക്തംകൊണ്ടു് നനച്ചുവളർത്തിയ സഭാതരുവിൻെറ ഒരു ഉപപത്രമാകുവാൻ എനിക്കു ഭാഗ്യംലഭിച്ചു. ക്രിസ്തുവിൻെറ മൗതികശരീരത്തിലെ ഒരു അപ്രധാന അംഗമായി—വെറും ഒരു മുടിനാരായി—അന്നു നിമിഷംമുതൽ അനന്ദച്ചുഴിയിൽ ഞാൻ മുങ്ങിപ്പൊങ്ങുവാൻ തുടങ്ങി. സത്യപ്രഭാകരൻെറ ധാമങ്ങൾ എന്നിലേക്കു് തിരിഞ്ഞു. ഉത്തരമസ്സിൽ തപ്പിത്തടയുന്ന അജ്ഞാനികൾക്കു വഴിവിളക്കും നാട്ടുവെളിച്ചമായിനിന്നു

(ശേഷം 7-ാംപേജിൽ)

വിമർശനവീഥി

# ക്ഷേമരാഷ്ട്രം— ചില എതിർന്യായങ്ങൾ

ക്ഷേമരാഷ്ട്രത്തിനെതിരായി പുറപ്പെടുവിക്കാവുന്ന ന്യായങ്ങളെ "സോഷ്യൽ ആക്ഷൻ" മാസിക ഇങ്ങനെ പരാമർശിക്കുന്നു:

അവയെ രണ്ടു പ്രധാന ഗണങ്ങളായി തരംതിരിക്കാം. ധാർമ്മികമണ്ഡലത്തിലുൾപ്പെട്ടതും മാനസികമണ്ഡലത്തിലുൾപ്പെട്ടതും. ധാർമ്മികമണ്ഡലത്തിലുൾപ്പെട്ടഎതിർന്യായങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:- ക്ഷേമരാഷ്ട്രം വ്യക്തിസ്വാതന്ത്ര്യത്തെ കുറയ്ക്കുകയും സർവ്വാധിപത്യഭരണത്തിലേക്കു ആനയിക്കുകയും ചെയ്യുന്നു. അതിൽ മൂന്നു പ്രശ്നങ്ങളാണു് പരാമർശിക്കപ്പെടേണ്ടതു്. (1) സർവ്വാധിപത്യഭരണം ക്ഷേമരാഷ്ട്രത്തോടു അഭേദ്യമായി ബന്ധപ്പെട്ടതാണോ? (2) സ്വാതന്ത്ര്യത്തിൻെറ ശരിയായ ആശയം എന്തു്? (3) സ്വാതന്ത്ര്യം ക്ഷേമരാഷ്ട്രത്തിൽ കുറയുമെന്നുപറയുന്നതു് യഥാർത്ഥമാണോ?

## സർവ്വാധിപത്യഭരണം ക്ഷേമരാഷ്ട്രത്തോടു അഭേദ്യമായി ബന്ധപ്പെടുന്നുണ്ടോ?

ക്ഷേമരാഷ്ട്രം സ്ഥാപിക്കുവാൻ ഇടതുപക്ഷഗവമ്മെൻറിനോ യാഥാസ്ഥിതിക ഗവമ്മെൻറിനോ കഴിയുന്നതാണു്; പ്രജായത്തപരമോ സ്വേച്ഛാധിപത്യപരമോ സർവ്വാധിപത്യപരമോ ആയ രാഷ്ട്രത്തിനു് കഴിയുന്നതാണു്. ആകയാൽ ഭരണാധികാരം കൈയേററിരിക്കുന്ന പാർട്ടിയുടെ പ്രത്യേക തരത്തോടോ, രാജ്യഭരണം നടത്തുന്ന ഗവമ്മെൻറിൻെറ പ്രത്യേക രൂപത്തോടോ ക്ഷേമരാഷ്ട്രത്തിനു് ബന്ധമൊന്നുമില്ല. സോഷ്യൽ സർവ്വീസുകൾ നടത്തുകയും, അവയെ വിജയകരങ്ങളാക്കാൻ തക്കവണ്ണം സാമ്പത്തികവ്യവസ്ഥിതി മിതമായ രീതിയിൽ ആസൂത്രണം ചെയ്യുകയും മാത്രമാണു് ക്ഷേമരാഷ്ട്രത്തിൻെറ ചുമതലയിൽപ്പെടുന്നതു്.

പ്രജായത്തഗവമ്മെൻറിൻെറ ആധുനികകാലത്തുള്ള സാധാരണമായ രൂപം എടുക്കുക. ജനഹിതമനുസരിച്ചു് പാർലമെൻറു് സാമാജികന്മാരെ തിരഞ്ഞെടുക്കുന്നു. ആ നിലയിൽ രാജ്യം ഭരിക്കുവാനുള്ള അധികാരികളെ നിയമിക്കുന്നതു് രാജ്യത്തിലെ ജനങ്ങൾതന്നെയാണു്. ഈ പാർലമെൻററിസമ്പ്രദായത്തിലാണു് ഏററവും മെച്ചമായ പ്രജായത്തഭരണം അടങ്ങിയിരിക്കുന്നതു്. അക്കാരണത്താൽ മിക്കവാറും എല്ലാ സ്വതന്ത്രരാജ്യങ്ങളും ആ സമ്പ്രദായത്തെ വളരെയധികം അഭിലഷിക്കുന്നു. ജനങ്ങളുടെ സ്വതന്ത്രമായ ഹിതമനുസരിച്ചു് തിരഞ്ഞെടുക്കപ്പെട്ട സാമാജികന്മാരാണു് സകല നിയമങ്ങളും പാസ്സാക്കേണ്ടിയിരിക്കുന്നതു്. തന്മൂലം ക്ഷേമരാഷ്ട്രത്തെ സംബന്ധിക്കുന്ന നിയമങ്ങൾ അവർതന്നെ പാസ്സാക്കുന്നു. ഏതെങ്കിലും നിയമം സർവ്വാധിപത്യഭരണത്തിലേക്കു് ആനയിക്കുന്നതാണെങ്കിൽ അതു പാസ്സാകാതിരിക്കാൻ സാമാജികന്മാർ വളരെ ശ്രദ്ധയുള്ളവരായിരിക്കും. ആകയാൽ രാജ്യത്തിലെ നിയമനിർമ്മാണം യഥാർത്ഥത്തിൽ ജനങ്ങളുടെ നിയന്ത്രണത്തിലിരിക്കും.

പ്രജായത്തഭരണത്തിൽനിന്നു് സർവ്വാധിപത്യ ഭരണത്തിലേക്കു് ഒരു രാജ്യം ക്രമേണ തിരിഞ്ഞു പോയേക്കാം. അവിടെ ക്ഷേമരാഷ്ട്രമുണ്ടെങ്കിലും ഇല്ലെങ്കിലും അങ്ങനെ സംഭവിക്കാം. കുറെക്കാലം കഴിഞ്ഞു് ഭരണം സർവ്വാധിപത്യപരമായേക്കാമെന്നുള്ള ഭീതി ഉണ്ടെന്നുള്ള കാരണത്താൽ അവിടെ ക്ഷേമരാഷ്ട്രത്തെ വിരോധിക്കുവാൻ ന്യായപൂർവ്വം പാടില്ലാത്തതാണു്, പ്രത്യേകിച്ചും ക്ഷേമരാഷ്ട്രം വഴിയായി തൊഴിലാളികൾക്കു വലിയ പ്രയോജനങ്ങൾ സിദ്ധിക്കുമെന്നു കാണുമ്പോൾ. സർവ്വാധിപത്യഭരണം ആസന്നമായ ആപത്തായിത്തീർന്നാൽ അവിടെ എതിർക്കേണ്ടതു് ആ ഭരണം സ്വീകരിക്കുവാൻ പോകുന്ന ഗവമ്മെൻറിനെയാണു്, അല്ലാതെ ക്ഷേമരാഷ്ട്രത്തെയല്ല. വിദ്യാഭ്യാസം ഒരു രാജ്യത്തു നിർബന്ധിതമാക്കിയാൽ നാം അതിനെപ്പററി ആക്ഷേപിക്കുന്നില്ല. നേരെമറിച്ചു് നിർബന്ധിതവിദ്യാഭ്യാസം സ്വതവേ വളരെ ഗുണകരമാണെന്നു് നമുക്കറിയാം. എന്നുവരികിലും ഒരു സർവ്വാധിപത്യഗവമ്മെൻറിൻെറ കൈയിൽ അതു് ദോഷകരമായേക്കാം; തങ്ങൾക്കിഷ്ടമുള്ള വിദ്യാഭ്യാസം സ്വന്തമക്കൾക്കു കൊടുക്കുവാൻ മാതാപിതാക്കന്മാർക്കുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുവാനുള്ള ആയുധമാക്കിത്തീർത്തേക്കാം. വർദ്ധമാനമായതോതിൽ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തെ, കൂടുതൽ ശക്തിപ്രാപിക്കുമ്പോൾ മററു രാജ്യങ്ങളെ ആക്രമിക്കാൻ ഒരുമ്പെട്ടേക്കാം എന്ന കാരണത്താൽ, വിരോധിക്കുന്നതും എതിർക്കുന്നതും ന്യായമല്ലല്ലോ. അപ്രകാരംതന്നെ ക്ഷേമരാഷ്ട്രത്തിൽ സർവ്വാധിപത്യഭരണത്തിൻെറ ഭാവിയായ സാദ്ധ്യത ചിലപ്പോൾ വർദ്ധിച്ചേക്കാമെന്നു കണ്ടാൽത്തന്നേയും ക്ഷേമരാഷ്ട്രത്തെ എതിർക്കുന്നതു് ന്യായമായിരിക്കുകയില്ല; പ്രത്യേകിച്ചും ആ രാഷ്ട്രം വഴിയായി രാജ്യവാസികൾക്കു ലഭിക്കാവുന്ന ഗുണങ്ങൾ ആലോചിക്കുമ്പോൾ.

## സ്വാതന്ത്ര്യത്തിൻെറ ശരിയായ ആശയം

വ്യക്തികൾക്കു് തോന്നുന്നതുപോലെ പ്രവർത്തിക്കാനുള്ള അനുവാദത്തിലല്ല ശരിയായ വ്യക്തിസ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതു്. മനുഷ്യപ്രകൃതി അനുശാസിക്കുന്ന നിയമത്തിൻെറ നിർവ്വഹണം ഉള്ളിടത്തേ സ്വാതന്ത്ര്യമുള്ളു. സകല മനുഷ്യരുടേയും സമത്വത്തിലാണു് സ്വാതന്ത്ര്യം അടിയുറച്ചിരിക്കുന്നതു്. സമത്വത്തിൻെറ അവസാനത്തെ അടിസ്ഥാനമാകട്ടെ, മനുഷ്യരെല്ലാം ദൈവത്തിൻെറ മക്കളാണെന്നുള്ള വസ്തുതയാണു്. ഈ തത്വം സാമുദായികജീവിതത്തിനു് ബാധകമാക്കിക്കൊണ്ടു് ലെക്ലേർക്ക് (Leclerg) എന്ന പണ്ഡിതൻ പറയുന്നു: "എല്ലാവരും സമന്മാരാണെന്നുള്ള കാരണത്താൽ എല്ലാ മനുഷ്യർക്കും സാമുദായികജീവിതത്തിൽ ഏററവും അധികം സ്വാതന്ത്ര്യം ലഭിക്കുമെന്നു് ഉറപ്പുണ്ടായിരിക്കേണ്ടതു് ആവശ്യകമാണു്. ആകയാൽ ചിലർ മററുള്ളവരുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കാൻവേണ്ടി പ്രയോഗിക്കുന്ന സ്വാതന്ത്ര്യത്തിൻെറ രൂപങ്ങളെ നാം എതിർക്കേണ്ടിയിരിക്കുന്നു. ചൂഷണം ചെയ്യുവാനുള്ള സ്വാതന്ത്ര്യം, ബലഹീനന്മാരുടെ സ്വാതന്ത്ര്യത്തെ കുറയ്ക്കുവാൻ ബലവാന്മാരെ അനുവദിക്കുന്ന സ്വാതന്ത്ര്യം നിഷിദ്ധമായ സ്വാതന്ത്ര്യമാകുന്നു. സുബദ്ധമായ സ്വാതന്ത്ര്യം സകലർക്കും സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുന്ന പ്രജായത്തപരമായ സ്വാതന്ത്ര്യമാണു്. സ്വാതന്ത്ര്യം ചില പരിമിതികളോടുകൂടി മാത്രമേ സ്വയം വികസിക്കുന്നുള്ളു. സ്വാതന്ത്ര്യവും ശിക്ഷണവും തമ്മിലുള്ള സമീകരണത്തിൻെറ പ്രശ്നങ്ങളിൽ മിക്കവാറും എല്ലാ സാമുദായികപ്രശ്നങ്ങളും ഒതുക്കിനിറുത്താവുന്നതാണു്."

## ക്ഷേമരാഷ്ട്രത്തിൽ സ്വാതന്ത്ര്യം ചുരുക്കുന്നുണ്ടോ?

ക്ഷേമരാഷ്ട്രത്തിൽ സ്വാതന്ത്ര്യത്തെപ്പററി സംസാരിക്കുമ്പോൾ മുകളിൽ കൊടുത്ത ആശയങ്ങളാണു് നാം വിവക്ഷിക്കുന്നതു്. സാമുദായിക ധർമ്മശാസ്ത്രം (Social Ethics) എന്ന വിഷയം പ്രതിപാദിക്കുന്ന എൻസൈക്ലോപീഡിയായിൽ ക്ഷേമരാഷ്ട്രത്തിൻെറ നിർവ്വചനം അടങ്ങിയിരിക്കുന്നതിങ്ങനെയാണു്. "ഒരു വ്യക്തിക്കു് അവൻെറ സമസൃഷ്ടികളുടെ തുല്യമായ അവകാശങ്ങളോടു് ഒത്തിണങ്ങിപ്പോകാവുന്ന ഏററവും ഉയർന്ന തോതിലുള്ള സ്വാതന്ത്ര്യത്തേയും പ്രവർത്തനത്തേയും പ്രദാനം ചെയ്യാൻ ലക്ഷ്യം വയ്ക്കുന്ന സോഷ്യൽ സർവ്വീസ് സമ്പ്രദായം." ആകയാൽ രാഷ്ട്രം രാജ്യത്തിലെ സാമ്പത്തികവ്യവസ്ഥിതിയിൽ മേലന്വേഷണം നടത്തുന്നുണ്ടെങ്കിൽ, കുറഞ്ഞ കൂലികൾ ഇത്രയെന്നു് ക്ലിപ്തം ചെയ്യുന്നെങ്കിൽ, ചില വിഭവങ്ങളുടെ വിലയും ക്രയവിക്രയവും നിയന്ത്രിക്കുന്നെങ്കിൽ, കുത്തകഏർപ്പാടുകളും ചുരുക്കംപേരുടെ കൈയിൽ ധനം കുന്നുകൂടുന്നതിനെയും എതിർക്കുന്നുവെങ്കിൽ, അതെല്ലാം രാജ്യത്തിൻെറ അഭിവൃദ്ധി കരുവേണ്ടിയാകുന്നു; സാമ്പത്തികവ്യവസ്ഥിതി മുഴുവൻ ചുരുക്കം ചില ഫാക്ടറിയുടമസ്ഥന്മാരുടെ ഹിതാഹിതങ്ങൾക്കു് വിട്ടുകൊടുക്കുകയും, ഏററവും അത്യാവശ്യഘട്ടങ്ങളിലൊഴിച്ചു് രാഷ്ട്രം ഒരിക്കലും ഇടപെടാതിരിക്കുകയും ചെയ്തിരുന്ന കാലത്തു് നടന്നിരുന്ന മുതലാളിത്തസമ്പ്രദായത്തിൻെറ അഴിമതികളെ ഇല്ലായ്മ ചെയ്യുവാൻവേണ്ടി മാത്രമാണു്. യൂറോപ്പിലേയും അമേരിക്കയിലേയും ചില മുതലാളിത്തരാജ്യങ്ങളിൽ തൊഴിലാളികളുടെ സാമുദായികവും സാമ്പത്തികവുമായ സ്ഥിതിഗതികൾ വളരെയധികം ഭേദപ്പെട്ടിട്ടുണ്ടെങ്കിൽ അതിൻെറകാരണം മുതലാളിമാർ സ്വയംചെയ്തതൊന്നുമല്ല, പ്രത്യുത ട്രെയിഡ് യൂണിയനുകളുടെ വർദ്ധിച്ചുകൊണ്ടിരുന്ന പ്രാബല്യവും രാഷ്ട്രത്തിൻെറ ഇടപെടലുകളുമാണു്.

ക്യാപ്പിററലിസത്തെപ്പററി മി. സ്റ്റാല്ലി എഴുതിയതിങ്ങനെയാണു്: "ഒസ്സെർവതോരെ റൊമാനോ" എന്ന വത്തിക്കാൻ പത്രത്തിൻെറ അധിപരായ തൊറെപ്രൂള അതിൻെറ 1949 മേയ് 8-ാംനുയിലെ ലക്കത്തിൽ എഴുതുവാൻ ധൈര്യം പൂണ്ടതു്, ക്യാപ്പിററലിസം പൊതുഗുണം നടപ്പിൽ വരുത്തുവാൻ മാറ്റം ഉണ്ടാക്കിയേക്കാമെന്നു് തിരുസഭ തത്വത്തിൽ സമ്മതിച്ചിട്ടുണ്ടെങ്കിലും, പ്രയോഗത്തിൽ അതു് കമ്മ്യൂണിസത്തെക്കാൾ പലപ്പോഴും ക്രിസ്തുമതത്തിനു് വിപരീതമാണെന്നാകുന്നു; കാരണം, അതിൻെറ ദൈവം പണമാണു്." കത്തോലിക്കസാമുദായികശാസ്ത്രത്തിൻെറ ചരിത്രത്തിൽനിന്നു കാണാം അതു് മുതലാളിത്തത്തിനു് കൂട്ടുനിന്നിട്ടില്ലെന്നു്; എന്നുകൂടി അദ്ദേഹം പറഞ്ഞിട്ടുണ്ടു്.

ക്ഷേമരാഷ്ട്രത്തിലെ സാമ്പത്തികവ്യവസ്ഥിതിയിൽ ഓരോ തൊഴിലാളിക്കും മുതലാളിയിൽനിന്നു് പൂർണ്ണജീവനക്കൂലി ലഭിക്കുന്നു. അതു് ഏററവും കുറഞ്ഞതു് ഇത്രയെന്നു് നിയമം ക്ലിപ്തപ്പെടുത്തുകയും ചെയ്യുന്നു. ആകയാൽ അയാൾക്കു് മിതമായ തോതിൽ സ്വതന്ത്രമായി ജീവിതം അനുഭവിക്കുവാൻ കഴിവുണ്ടാകുന്നു. അയാൾക്കു് കുടുംബവേതനങ്ങളുടെ സഹായം രാഷ്ട്രത്തിൽനിന്നു ലഭിക്കുകയും ചെയ്യും. രോഗം പിടിപെട്ടാൽ അയാൾക്കിഷ്ടമുള്ള ഡോക്ടരുടെ അടുക്കൽ ചെന്നു് ഇഷ്ടമുള്ള ചികിത്സ സ്വീകരിക്കാം, അതിനുള്ള ചിലവുകൾ വഹിക്കാൻ തയ്യാറാണെങ്കിൽ. അല്ലാത്തപക്ഷം അയാൾക്കു് ഗവമ്മെൻറാസ്പത്രികളിൽ പോകാം; അവിടെ സൗജന്യമായി ചികിത്സ ലഭിക്കും. സൗകര്യമുണ്ടെങ്കിൽ ആഴ്ചതോറും നിശ്ചിതദിവസങ്ങളിൽ വിദഗ്ദ്ധഡോക്ടറന്മാരെ പട്ടണത്തിൽ ചെന്നു കാണാൻ അയാൾക്കു കഴിയും. അതിനു് അയാൾ ഒന്നും ചിലവാക്കേണ്ടതുമില്ല.

രാഷ്ട്രത്തിൻെറ ദുർവഹമായ അധികാരത്തിൻെറ ഭാരത്തിൽനിന്നു് സ്വയം രക്ഷിക്കുന്നതിനു തൊഴിലാളികളുള്ള ഉത്തമമാർഗ്ഗങ്ങളിലൊന്നു് ട്രെയിഡ് യൂണിയനുകളാണു്. ക്ഷേമരാഷ്ട്രത്തിൽ ട്രെയിഡ്യൂണിയനുകൾക്കു് അവയുടെ അധികാരം പൂർണ്ണമായിതന്നെ ഉണ്ടായിരിക്കും. രാഷ്ട്രത്തിൻെറയോ മുതലാളിമാരുടെയോ അന്യായമായ കൈകടത്തലിനെതിരായി തൊഴിലാളിയുടെ അവകാശങ്ങൾ പരിരക്ഷിക്കുവാൻ അവയ്ക്കു് പണിമുടക്കു നടത്താനും നിയമാനുസൃതമായ മറേറതു മാർഗ്ഗവും വിനിയോഗിക്കുവാനും തടസ്സമുണ്ടായിരിക്കുകയില്ല. ഇംഗ്ലണ്ടിലെ അനുഭവം ഇതിനു ദൃഷ്ടാന്തമാണു്. അവിടത്തെ ട്രെയിഡ്യൂണിയനുകൾക്കു വളരെയധികം ശക്തിയുണ്ടു്. ഇഷ്ടമുള്ളതെല്ലാം മിക്കവാറും മുഴുവനായി സാധിക്കാൻ അവയ്ക്കു കഴിവുണ്ടു്.

## സ്വകാര്യപരിശ്രമങ്ങൾ പോരയോ?

മാനസികമണ്ഡലത്തിൽനിന്നുള്ള എതിർന്യായങ്ങൾ സ്വകാര്യപരിശ്രമങ്ങളെ സംബന്ധിച്ചുള്ളതാകുന്നു. ക്ഷേമരാഷ്ട്രത്തിൽ സ്വകാര്യപരിശ്രമങ്ങൾക്കു് കുറവുവരുത്തുന്നു എന്നാണു പലരുടേയും വിചാരം. "ഇത്രയധികം സോഷ്യൽസർവ്വീസുകൾ രാഷ്ട്രം ഏറെറടുക്കുന്നതെന്തിനാണു്? അവയെ സ്വകാര്യപരിശ്രമങ്ങൾക്കു വിട്ടുകൊടുക്കരുതോ?" എന്നു വീണ്ടും വീണ്ടും ചോദിക്കുന്നുണ്ടു്. ഇതിനു മറുപടി മുൻപേ പറഞ്ഞുകഴിഞ്ഞു: സ്വകാര്യപരിശ്രമങ്ങൾ മതിയാകയില്ല.

ക്ഷേമരാഷ്ട്രത്തിൽ സ്വകാര്യപരിശ്രമങ്ങൾക്കു തടസ്സമുണ്ടായിരിക്കുകയില്ല. ക്ഷേമരാഷ്ട്രത്തിൽ ഗവമ്മെൻറു് ചെറിയ സ്ഥാപനങ്ങളേയും സംഘങ്ങളേയും പിടിച്ചെടുത്തു് തന്നിൽ ലയിപ്പിക്കുന്നില്ല. നേരെ മറിച്ചു് പ്രത്യേകഗ്രാൻറുകൾ നൽകിയും മററും അവയെ സഹായിക്കുകയാണു്. അവയുടെ കൈയെത്താത്ത ഏർപ്പാടുകളിൽ രാഷ്ട്രം അതിൻെറ സ്വന്തം സ്ഥാപനങ്ങൾ ഉണ്ടാക്കുന്നുവെന്നുമാത്രം.

ക്ഷേമരാഷ്ട്രത്തിൽ തൊഴിലാളികൾക്കു് അലസത കൂടിയിരിക്കുമോ? സോഷ്യലിസ്റ്റു് രാജ്യത്തിൽ അങ്ങനെ സംഭവിക്കുന്നതു നമുക്കു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ക്ഷേമരാഷ്ട്രത്തിൽ മറേറതു രാജ്യത്തുനിന്നും വ്യത്യസ്തമായി അങ്ങനെ സംഭവിക്കുകയില്ല. എന്തുകൊണ്ടെന്നാൽ മററു എവിടേയുംപോലെ അവിടെ വ്യവസായങ്ങൾ സ്വകാര്യ ഏർപ്പാടുകളായി നടക്കുന്നു. മാത്രമല്ല, സോഷ്യൽ സർവ്വീസുകൾ തൊഴിലാളികൾക്കു ഭാവിയെ സംബന്ധിച്ചു് സുരക്ഷിതത്വത്തിൻെറയും ആത്മവിശ്വാസത്തിൻെറയും ബോധം പ്രദാനം ചെയ്യുന്നു. കഷ്ടകാലം നേരിട്ടേക്കാമെന്നുള്ള ആപത്ശങ്ക വാർദ്ധക്യകാലവേതനങ്ങളും രോഗത്തിനുള്ള ഇൻഷ്വറൻസുകളുംവഴിയായി നീങ്ങുന്നു. തന്മൂലം തൊഴിലാളികളുടെ ഇടയിൽ കൂടുതൽ സംതൃപ്തിയും വേലചെയ്യാൻ കൂടുതൽ ഉത്സാഹവും ഉണ്ടാകുന്നു. ഇംഗ്ലണ്ടിൽ കത്തോലിക്കരുൾപ്പടെ തൊഴിലാളിവർഗ്ഗം ബഹുഭൂരിപക്ഷവും ക്ഷേമരാഷ്ട്രത്തിനനുകൂലികളാണു്. ഇംഗ്ലണ്ടിലെ ക്ഷേമരാഷ്ട്രത്തിൽ ദേശീയഉൽപ്പാദനത്തേയും ഓരോ തൊഴിലാളിയുടെ ഉല്പാദനത്തേയും സംബന്ധിച്ചുള്ള കണക്കു കാണുന്നതു ഇങ്ങനെയാണു്. "1949-ൽ ഗ്രേറ്റ് ബ്രിട്ടനിലെ ഉല്പാദനം 1938-ലേക്കാൾ 47 ശതമാനം കൂടുതൽ ആയിരുന്നു; ഡെന്മാർക്കും സ്വീഡനും ഒഴിച്ചാൽ യൂറോപ്പിലെ പ്രമുഖവ്യവസായരാജ്യങ്ങളിൽ വച്ചു് ഏററവും കൂടുതൽ ഉല്പാദനമാണിതു്. ഓരോ തൊഴിലാളിയുടേയും ഉല്പാദനം 8 ശതമാനം കൂടുതലായിരുന്നു. ഇതിൽ ബ്രിട്ടനെ കവച്ചുവച്ചതു് മഹായുദ്ധത്തിൽ നിഷ്പക്ഷരാജ്യമായിരുന്ന സ്വീഡൻമാത്രമാണു്." ഇതിൻെറ കാരണം കഴിഞ്ഞ യുദ്ധത്തിനുശേഷം യു. എസ്. എ. യിൽനിന്നു ഇംഗ്ലണ്ടിനു ലഭിച്ച സഹായവുംകൂടിയാണെന്നു് ചിലർ പറയുന്നതു ശരിയാണു്. എന്നാൽ മററു രാജ്യങ്ങൾക്കും, ഉദാഹരണമായി ഫ്രാൻസിനും, ഇററലിക്കും, ഇംഗ്ലണ്ടിൽനിന്നു വളരെ സഹായം ലഭിച്ചെന്നു് വിസ്മരിച്ചുകൂടാ. ക്ഷേമരാഷ്ട്രത്തിൽ ഉല്പാദനം കുറയുവാനും അലസതയും അഴിമതിയും വർദ്ധിക്കുവാനും എളുപ്പമുണ്ടെന്നു് ആക്ഷേപിക്കുന്നവർ, കഴിഞ്ഞ യുദ്ധത്തിനു ശേഷം ഇംഗ്ലണ്ടിലുണ്ടായ ഉല്പാദനവർദ്ധനവിനു കാരണം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

## ഇൻഡ്യയിലും ക്ഷേമരാഷ്ട്രം ആവശ്യം

ഇൻഡ്യയിൽ ക്ഷേമരാഷ്ട്രത്തിൻെറ ആവശ്യകതയെ ഫാദർ ഡിസൂസ സമ്മതിച്ചു പറഞ്ഞിട്ടുള്ളതിങ്ങനെയാണു്:

"ഇൻഡ്യയിൽ ക്ഷേമരാഷ്ട്രത്തിൻെറ യുക്തിപൂർവ്വകമായ ആശയത്തെ എതിർക്കുന്നതും, ആ ക്ഷേമപരിപാടി പ്രാവർത്തികമാക്കുവാനുള്ള ഗവമ്മെൻറിൻെറ നടപടികൾക്കു് പരിപൂർണ്ണസഹകരണം നൽകാതിരിക്കുന്നതും തെററാകുന്നു." ക്ഷേമരാഷ്ട്രത്തിൻെറ ലക്ഷ്യം രണ്ടുമൂന്നു കൊല്ലങ്ങൾക്കുള്ളിൽ സാധിക്കുമെന്നു് ആരും പ്രതീക്ഷിക്കുന്നില്ല. ആ ലക്ഷ്യത്തിലെത്തുവാൻ കോൺഗ്രസ് ചെയ്യുന്ന ജോലിക്കു് വേഗത പോരെന്നുള്ള വിമർശനത്തിനു് പണ്ഡിററു് നെഹ്റു പറഞ്ഞ മറുപടി ഇതാണെന്നാണു് റിപ്പോർട്ടു്: "ഇത്തരം പ്രസ്താവ

തിരുസഭാചരിത്രം 26

# ഭൂഗർഭശ്മശാനങ്ങൾ (Catacombs)

(പ്രഫസർ പി. ററി. തോമസ് എം. എ.)

A. D. 1578-ാമാണ്ടു് റോമാനഗരത്തിൽ വിയാ സലേറിയ (Via Salaria) എന്ന സ്ഥലത്തു് വിസ്തൃതമായ കുറേ ഭൂഗർഭശ്മശാനങ്ങൾ യാദൃശ്ചികമായി കണ്ടുപിടിക്കപ്പെടുകയുണ്ടായി. പുരാതനവസ്തുശാസ്ത്രവിദഗ്ദ്ധന്മാരുടെ ഗവേഷണഫലമായി ഈ ശ്മശാനങ്ങളുടെ പൂർവ്വചരിത്രവും അവയെ സംബന്ധിക്കുന്ന പല നൂതനവസ്തുതകളും ലോകത്തിനു് ലഭിച്ചിട്ടുണ്ടു്. പ്രസിദ്ധ റോമൻ ശാസ്ത്രജ്ഞനായ ജെ. ബി. ദെ റോസി (J B. de Rossi) 19-ാം നൂററാണ്ടിൽ നടത്തിയ ഗവേഷണങ്ങൾ മുഖേനയാണു് ഈ ശ്മശാനങ്ങളെ സംബന്ധിച്ചു് ഏററം വിലയേറിയ വിവരങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതു്. റോമാനഗരത്തിൻെറ നാലു വിഭിന്നഭാഗങ്ങളിലായിട്ടാണു് ഈ ശ്മശാനങ്ങൾ സ്ഥിതിചെയ്യുന്നതു്. ഇവ കാററക്കൂംസ് (Catacombs) എന്ന പേരിൽ അറിയപ്പെടുന്നു.

ഇവ പുരാതന ക്രിസ്തീയശ്മശാനങ്ങളാണെന്നുള്ളതിനു് ധാരാളം തെളിവുകളുണ്ടു്. മൃതശരീരങ്ങളെ ദഹിപ്പിക്കയായിരുന്നു പുരാതന റോമാക്കാരുടെ പതിവു്. എന്നാൽ യഹൂദന്മാർ മരിച്ചവരെ ഭൂമിയിൽ മറവുചെയ്തിരുന്നു. യഹൂദന്മാരിൽനിന്നും ഈ ആചാരം ക്രിസ്ത്യാനികൾ സ്വീകരിച്ചു. അങ്ങനെ പുരാതന റോമൻക്രിസ്ത്യാനികൾ മരിച്ചവരെ സംസ്കരിക്കുന്നതിനുവേണ്ടി നിർമ്മിച്ച ഭൂഗർഭശ്മശാനങ്ങളാണു് മേൽ പറയപ്പെട്ട കാററക്കൂംസ്.

ഇവയുടെ ചരിത്രം വളരെ രസാവഹമാണു്. മൂന്നാംശതാബ്ദം വരെയും ഈ ശ്മശാനസ്ഥലങ്ങൾ റോമയിലെ ചില ക്രിസ്തീയ പ്രഭുകുടുംബങ്ങളുടെ വകയായിരുന്നു. അവരുടെ വകയായി നഗരപ്രാന്തങ്ങളിലുണ്ടായിരുന്ന വസ്തുക്കളിൽ അവർ കുഴിമാടങ്ങൾ നിർമ്മിച്ചു. സാധുക്കളായ ക്രിസ്ത്യാനികളെയും ഈ സ്വകാര്യശ്മശാനങ്ങളിൽ സംസ്കരിക്കുന്നതിനു് അവയുടെ ഉടമസ്ഥരായ പ്രഭുക്കൾ സമ്മതിച്ചിരുന്നു.

മൂന്നാംശതാബ്ദമായപ്പോഴേക്കും റോമാനഗരത്തിലെ ക്രിസ്ത്യാനികളുടെ സംഖ്യ വളരെ വർദ്ധിക്കുകയും പല ശ്മശാനസ്ഥലങ്ങളും ക്രൈസ്തവസമൂഹത്തിൻെറ പൊതുവകയായിത്തീരുകയും അവയുടെ നിയന്ത്രണം സഭാധികാരികളിൽ നിക്ഷിപ്തമാകയുംചെയ്തു. ഇങ്ങനെ സഭയുടെ വകയായിത്തീർന്ന ശ്മശാനങ്ങളിൽ ആദ്യത്തേതും ഏററവും പ്രസിദ്ധമായിട്ടുള്ളതും വി. കാലിസ്ററസിൻെറ ശ്മശാനമാണു്. സെപ്ററിമിയസു് സെവെറസു് ചക്രവർത്തിയുടെ ഭരണകാലത്താണു് ഈ ശ്മശാനം സഭയുടെ നിയന്ത്രണത്തിൽ വന്നുചേർന്നതു്. സെഫിറീനസു് മാർപ്പാപ്പാ ഈ ശ്മശാനത്തിൻെറ മേൽനോട്ടം വഹിക്കുവാൻ കാലിസ്ററസു് ശെമ്മാശനെ നിയോഗിച്ചതുകൊണ്ടാണു് മേൽപ്രസ്താവിച്ച പേരു് അതിനുലഭിച്ചതു്. കാലിക്സ്റ്റസു് പിന്നീടു് മാർപ്പാപ്പാസ്ഥാനം അലങ്കരിക്കയുണ്ടായി. ആപ്പിയൻ മാർഗ്ഗത്തിനു വളരെ അടുത്താണു് ഈ ശ്മശാനം സ്ഥിതിചെയ്യുന്നതു്.

ഈ കാലഘട്ടത്തിനുശേഷം സ്വകാര്യശ്മശാനങ്ങൾ നിർമ്മിക്കുന്ന ഏർപ്പാടു് അവസാനിച്ചു സമൂഹം വകയായുള്ള പൊതുശ്മശാനങ്ങളിൽ സംസ്കരിക്കപ്പെടണമെന്നായിരുന്നു എല്ലാ ക്രിസ്ത്യാനികളുടെയും ആഗ്രഹം. ധനവാനും ദരിദ്രനും, പ്രഭുവും അടിമയും ഒരേ സ്ഥലത്തു്, അവസ്ഥാഭേദം കൂടാതെ നിത്യവിശ്രമം കൊള്ളേണ്ടതാണെന്നുള്ള ക്രിസ്തീയമായ ആശയം അക്കാലത്തു് വിശ്വാസികളുടെ ഇടയ്ക്കു് പ്രാബല്യത്തിൽ എത്തി. ഈ ഭൂഗർഭശ്മശാനങ്ങൾ പല തട്ടുകളും അറകളും നിരകളും, വിസ്തൃതമായ മുറികളും അവയെ തമ്മിൽ ബന്ധിക്കുന്ന കോവണിപ്പടികളും ഉള്ളവയായിരുന്നു. ചില ഭാഗങ്ങളിൽ ഒന്നിനുമീതെ ഒന്നായി അഞ്ചു നിരയിൽ ശവകുടീരങ്ങൾ കാണ്മാനുണ്ടു്. ആദ്യത്തെനിര ഭൂനിരപ്പിൽനിന്നും 2 അടി താഴെയും അവസാനനിര 80 അടി താഴെയും കാണപ്പെടുന്നു. അവയെ തമ്മിൽ ബന്ധിക്കുന്ന കോവണികളും ദൃശ്യമാണു്. ഈ പ്രേതലോകത്തിൻെറ വിവിധഭാഗങ്ങളെ വലക്കണ്ണികൾപോലുള്ള അനവധി വഴികൾകൊണ്ടു് പരസ്പരം ബന്ധിച്ചിരിക്കുന്നു. ഈ അന്തർഭൗമമാർഗ്ഗങ്ങളുടെ പാർശ്വങ്ങളിലുള്ള ഭിത്തികളിൽ മൃതദേഹങ്ങളെ സംസ്കരിച്ചു് മാർബിൾ പലകകൾകൊണ്ടു് ഭദ്രമായി അടച്ചിട്ടുള്ള അറകൾ കാണാം. ചിലയിടങ്ങളിൽ ഒന്നിനുമീതെ ഒന്നായി മുമ്മൂന്നു ശവകുടീരങ്ങൾ വീതം കാണാനുണ്ടു്. ചില ഭാഗങ്ങളിൽ ആർച്ചുകളുടെ രൂപത്തിൽ പണിതിട്ടുള്ള ശവകുടീരങ്ങളും ഉണ്ടു്.

ആദ്യശതകങ്ങളിൽ ആപ്പിയൻ മാർഗ്ഗത്തിനു (Appian Way) സമീപത്തു് സിസിലിയാ മെറെറല്ലായുടെ (Cecilia Metella) ശവകുടീരത്തിനു ചുററും കിടന്നിരുന്ന താഴ്ചയുള്ള പ്രദേശത്തെയാണു് Catacombs എന്നു് വിളിച്ചുപോന്നിരുന്നതു്. മദ്ധ്യയുഗങ്ങളിൽ ഈ പ്രദേശത്തു് പണിയപ്പെട്ടിരുന്ന വി. സെബസ്ത്യാനോസിൻെറ ബസ്ലിക്കായുടെ തൊട്ടടുത്തു സ്ഥിതിചെയ്തിരുന്ന ഭൂഗർഭശ്മശാനം മാത്രമാണു് ad Catacumbas എന്ന പേരിൽ അറിയപ്പെട്ടിരുന്നതു്. 16-ാം നൂററാണ്ടിൽ മററനവധി അന്തർഭൗമശ്മശാനങ്ങൾ റോമയിൽ കണ്ടുപിടിക്കപ്പെട്ടതോടുകൂടി അവയ്ക്കെല്ലാംകൂടി Catacombs എന്ന പൊതുനാമം നൽകപ്പെടുകയുണ്ടായി.

ഈ ശ്മശാനങ്ങൾ ക്രിസ്ത്യാനികൾക്കു് ഒളിച്ചിരിക്കുവാനുള്ള രഹസ്യസങ്കേതങ്ങളായി ഉദ്ദേശിക്കപ്പെട്ടിരുന്നവയല്ല. ശ്മശാനങ്ങളുടെ അഭേദ്യതയും അവിടെ സമ്മേളിക്കുവാനുള്ള അവകാശവും റോമൻ രാജ്യനിയമങ്ങളാൽ സുരക്ഷിതമാക്കപ്പെട്ടിരുന്നു. അതുകൊണ്ടു മതപീഡനകാലങ്ങളിൽപ്പോലും വിശ്വാസികൾക്കു് അവിടെ സമ്മേളിക്കുന്നതിനും രക്തസാക്ഷികളുടെ തിരുനാളുകൾ ആഘോഷിക്കുന്നതിനും സാധിച്ചിരുന്നു. എന്നാൽ വലേരിയൻ ചക്രവർത്തിയുടെ കാലത്തു് ഇത്തരം ശ്മശാനസമ്മേളനങ്ങൾ കർശനമായി നിരോധിക്കുകയും അതു ലംഘിക്കുന്നതു് വധയോഗ്യമായ ഒരു കുററമാക്കപ്പെടുകയും ചെയ്തു. അപ്പോൾമാത്രമാണു് ഈ ശ്മശാനങ്ങളിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങൾ പൊതുജനദൃഷ്ടിയിൽനിന്നു മറയ്ക്കുവാനും, അവിടത്തെ സമ്മേളനങ്ങളിൽ നിഗൂഢത പാലിക്കുവാനും ക്രിസ്ത്യാനികൾ ശ്രമിച്ചതു്. അവർ കോവണിപ്പടികൾ നശിപ്പിക്കയും പഴയ പ്രവേശനമാർഗ്ഗങ്ങൾ അടച്ചു് പുതിയ ഗൂഢമാർഗ്ഗങ്ങൾ നിർമ്മിക്കയും ചെയ്തു.

മതപീഡനകാലങ്ങളിൽ അനവധി രക്തസാക്ഷികളെ ഈ ഭൂഗർഭശ്മശാനങ്ങളിൽ സംസ്കരിച്ചിട്ടുണ്ടു്. അവരുടെ ശവകുടീരങ്ങളെ അത്യധികമായ ഭക്തിതീക്ഷ്ണതയോടുകൂടി വിശ്വാസികൾ കാത്തുസൂക്ഷിച്ചുപോന്നു. കെടാവിളക്കുകൾ അവിടെ നിത്യവും പ്രകാശിച്ചുകൊണ്ടിരുന്നു. മതപീഡനങ്ങൾ അവസാനിച്ചതോടുകൂടി അനവധി രക്തസാക്ഷികളുടെ വധരംഗവും നിത്യവിശ്രമസ്ഥാനവുമായ ഈ ഭൂഗർഭശ്മശാനങ്ങൾ തീക്ഷ്ണമായ ക്രിസ്തീയഭക്തിയുടെ ഒരു പ്രകടനരംഗമായി മാറി. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും തീർത്ഥകസംഘങ്ങൾ ഈ പൂജ്യസ്ഥാനങ്ങളെ ലക്ഷ്യമാക്കി പ്രവഹിക്കുവാൻ തുടങ്ങി. കോൺസ്റ്റൻറയിൻ ചക്രവർത്തി പ്രമുഖ രക്തസാക്ഷികളുടെ ശവകുടീരങ്ങളുടെ മീതെ ബ്രഹ്മാണ്ഡങ്ങളായ ദൈവാലയങ്ങൾ നിർമ്മിച്ചു് അവരുടെ സ്മരണയ്ക്കു് ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നൽകി. വി. ദമാസൂസു് മാർപ്പാപ്പാ (St. Damasus 366-384) ഭൂഗർഭശ്മശാനങ്ങളിൽ സംസ്കരിക്കപ്പെട്ടിരുന്ന വേദസാക്ഷികളുടെ ശവകുടീരങ്ങൾ അന്വേഷിച്ചു് കണ്ടുപിടിച്ചശേഷം, വിചിത്രാലങ്കാരങ്ങളോടും, ഓരോരുത്തരേയും സംബന്ധിച്ചുള്ള ലിഖിതങ്ങളോടും കൂടിയ മാർബിൾ പലകകൾ അവയിൽ സ്ഥാപിക്കുവാൻ കല്പനനൽകി. പ്രസ്തുത ലിഖിതങ്ങൾ രക്തസാക്ഷികളുടെ ശവകുടീരങ്ങളെ തിരിച്ചറിയുന്നതിനു് നമ്മെ സഹായിക്കുന്നു. യേശുക്രിസ്തുവിലും, പരിശുദ്ധ ത്രിത്വത്തിലും പുണ്യവാന്മാരുടെ ആത്മീയ സംസർഗ്ഗാനുഭവത്തിലും (Communion of Saints) ആദിമക്രിസ്ത്യാനികൾക്കുണ്ടായിരുന്ന ദൃഢമായവിശ്വാസത്തിനു് ഈ ലിഖിതങ്ങൾ സാക്ഷ്യം വഹിക്കുന്നു. നാലാം ശതാബ്ദത്തിൽ തിരുസ്സഭയെ ഭരിച്ചിരുന്ന പല മാർപ്പാപ്പാമാരും ഈ ശ്മശാനങ്ങളെ അലങ്കരിക്കുന്നതിലും, അവയിലേക്കുള്ള പ്രവേശനം കൂടുതൽ സുഗമമാക്കുന്നതിലും, ഈ ഭൂഗർഭാലയങ്ങളിലേക്കു് കൂടുതൽ വായുവും വെളിച്ചവും കടക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർമ്മിക്കുന്നതിലും ബദ്ധശ്രദ്ധരായിരുന്നു. A. D. 410-ൽ ആലറിക്കു് (Alaric) റോമാനഗരത്തെ ആക്രമിച്ചതോടുകൂടി കാററക്കൂംബുകളിൽ ശവസംസ്കാരം നടത്തുന്ന പതിവു് നിലച്ചു. അനന്തരകാലങ്ങളിൽ ഗോത്സു്, വാൻഡൽഡ്, ലെംബാർഡ്സു് തുടങ്ങിയ കിരാതവർഗ്ഗക്കാർ റോമായെ തുടരെത്തുടരെ ആക്രമിക്കുകയും ഭൂഗർഭശ്മശാനങ്ങളെ കൊള്ളചെയ്യുകയും ഭാഗികമായി നശിപ്പിക്കയുംചെയ്തു. അതിനാൽ ഏഴും എട്ടും ശതാബ്ദങ്ങളിലെ മാർപ്പാപ്പാമാർ പ്രധാനപ്പെട്ട രക്തസാക്ഷികളുടെ ശരീരാവശിഷ്ടങ്ങളെ ഭൂഗർഭശ്മശാനങ്ങളിൽനിന്നും മാററി റോമാനഗരത്തിലെ ദൈവാലയങ്ങളിൽ കൂടുതൽ സുരക്ഷിതമായി നിക്ഷേപിച്ചു. അതിനുശേഷം ഈ ശ്മശാനങ്ങൾ അധികവും അടയ്ക്കപ്പെടുകയും കാലാന്തരത്തിൽ പാടെ വിസ്മരിക്കപ്പെടുകയുംചെയ്തു. പിന്നീടു് അവയെപ്പററി ലോകം അറിയുന്നതു് പതിനാറാം നൂററാണ്ടിലെ യാദൃശ്ചികമായ കണ്ടുപിടുത്തത്തോടുകൂടിയാണു്.

ഭൂഗർഭശ്മശാനങ്ങളെ സംബന്ധിച്ചുള്ള ഏററം പഴയ വിവരണം വി. ജറോം നൽകുന്നതാണു്. A. D. 354 നോടു് അടുത്തു് അവയെ സന്ദർശിച്ച വിശുദ്ധൻ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "എൻെറ ബാല്യദശയിൽ റോമയിൽ വിദ്യാഭ്യാസം ചെയ്യുന്ന കാലത്തു് ഞാൻ കൂട്ടുകാരൊരുമിച്ചു് പലപ്രാവശ്യം കാററക്കൂംബുകളിലേക്കു് ഇറങ്ങിയിട്ടുണ്ടു്. ഭൂമിയിൽ വളരെ ആഴത്തിൽ കുഴിച്ചാണു് അവ നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. അതിലേക്കു പ്രവേശിക്കുമ്പോൾ ഇരുവശങ്ങളിലുമുള്ള ഭിത്തികളിൽ ശവങ്ങൾ മറവുചെയ്തിരിക്കുന്ന അറകൾ കാണാം. അവിടെ നാലുപാടും കൂരിരുട്ടാണു്. ചില സ്ഥാനങ്ങളിൽ മേൽത്തട്ടിലുള്ള ചെറിയ ദ്വാരങ്ങളിൽക്കൂടി സൂര്യപ്രകാശം ഉള്ളിലേക്കു കടന്നു് അന്ധകാരത്തിൻെറ ഭയങ്കരതയെ അല്പം കുറയ്ക്കുന്നുണ്ടു്. ഇരുട്ടിൽക്കൂടി ഓരോ കാലടിയും വളരെ സൂക്ഷിച്ചുവേണം വയ്ക്കുവാൻ. "എങ്ങും ഭയാനകത തന്നെ. നിശ്ശബ്ദത തന്നെയും മനസ്സിനെ ഭയനിർഭരമാക്കുന്നു" എന്നു് മഹാകവി വേർജിൽ (Virgil) പാടിയിട്ടുള്ളതു് ഈ ഭൂഗർഭശ്മശാനങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു."

—o—


അനുകരണങ്ങളെ സൂക്ഷിക്കണം

"കാളൻ'സ് ബുള്ളററി'ൻെറ സാമ്പിൾ കോപ്പി സൗജന്യം. താഴെ കാണുന്ന വിലാസത്തിൽ മാത്രം എഴുതുക.

കാളൻ, നെല്ലായി


ങ്ങൾ ആളുകൾ ചെയ്യുന്നതു് എനിക്കു മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ഇപ്പോഴത്തെ പരിതസ്ഥിതികളിൽ ഒരു ക്ഷേമരാഷ്ട്രം സ്ഥാപിക്കുവാൻ നമുക്കു കഴിവില്ലെന്നാണു് എൻെറ ദൃഢമായ വിശ്വാസം. ഒരു രാപകൽകൊണ്ടു് സൃഷ്ടിക്കാവുന്ന ഒന്നല്ല ക്ഷേമരാഷ്ട്രം. കഠിനവും അക്ഷീണവുമായ പ്രയത്നത്തിൻെറ ഫലമായിട്ടേ ഈ ലക്ഷ്യം സാധിതമാകയുള്ളു."

സകല തൊഴിലാളികൾക്കും ജീവനക്കൂലി ലഭിക്കുകയും, രോഗവും, വാർദ്ധക്യവും, തൊഴിലില്ലായ്മയും പിടിപെടുമ്പോൾ ഉപയോഗിക്കുവാൻ വേണ്ടതു് അതിൽനിന്നു മിച്ചംവയ്ക്കുവാൻ സാധിക്കുകയും, അനിതരസാധാരണങ്ങളായ വിഷമതകൾ നേരിടുമ്പോൾ രാഷ്ട്രത്തിൽനിന്നു സഹായം നൽകുകയും ചെയ്യുന്ന ഒരു സാമ്പത്തികവ്യവസ്ഥിതിയാണു് ഏററവും നല്ലതു്. എന്നാൽ അതിനു ആവശ്യകമായ സ്ഥിതിഗതികളിൽനിന്നു വളരെ അകലെയാണു് നാം ഇനിയും നില്ക്കുന്നതു്. തന്മൂലം ഇപ്പോഴത്തെ സാഹചര്യങ്ങളിൽ ഏററം നല്ല നയം ക്ഷേമരാഷ്ട്രത്തിനുവേണ്ടി പരിശ്രമിക്കുകയാണു്. ദേശീയമായ വരുമാനത്തിൻേറയും ധനത്തിൻേറയും വിതരണം കൂടുതൽ നീതിപൂർവ്വകമാക്കുകയാണല്ലോ ക്ഷേമരാഷ്ട്രത്തിൻെറ പ്രധാനോദ്ദേശം. ഭൂമിയിലുള്ള സമ്പത്തിൽ സകല മനുഷ്യർക്കും പ്രയാസംകൂടാതെ പങ്കു ലഭിക്കണമെന്നുള്ള സ്രഷ്ടാവായ ദൈവത്തിൻെറ നിശ്ചയത്തോടു് പ്രസ്തുതോദ്ദേശം ഏററവും യോജിച്ചിരിക്കുന്നുണ്ടു്.

—o—

## ചോദ്യോത്തരപംക്തി

ചോ: ഞാൻ യാക്കോബായ സഭയിൽനിന്നു പുനരൈക്യപ്പെട്ട ഒരു യുവതിയാണു്. പുനരൈക്യപ്പെടാൻ സമ്മതമില്ലാത്ത ഒരു യാക്കോബായ യുവാവിനെ വിവാഹം ചെയ്യണമെന്നു മാതാപിതാക്കന്മാർ എന്നെ നിർബന്ധിക്കുന്നു. ഞാൻ വിവാഹം ചെയ്യാൻ സമ്മതിക്കുന്നപക്ഷം കത്തോലിക്കനായിക്കൊള്ളാമെന്നു് സമ്മതമുള്ള വേറൊരു ക്രിസ്ത്യൻ യുവാവുമുണ്ടു്. ഇവരിലാരെയാണു് ഞാൻ സ്വീകരിക്കേണ്ടതു്?

ഉ: ഇവർ രണ്ടുപേരേയും ഉപേക്ഷിച്ചിട്ടു്, കഴിയുമെങ്കിൽ ഉത്തമകത്തോലിക്കാജീവിതം നയിക്കുന്ന വേറൊരു യുവാവിനെ വിവാഹം ചെയ്യുകയായിരിക്കും നല്ലതു്.

നിത്യരക്ഷ പ്രാപിക്കുന്നതിനു് ഒരു കത്തോലിക്കയായി ജീവിക്കുന്നതാവശ്യമാണെന്നുള്ള ബോദ്ധ്യത്തോടുകൂടിയായിരിക്കുമല്ലോ നിങ്ങൾ പുനരൈക്യപ്പെട്ടതു്. ഒരു കത്തോലിക്കേതരനായ ഭർത്താവിനോടുകൂടിയുള്ള വാസം നിങ്ങളുടെ മതാത്മകമായ ജീവിതത്തിനു വലിയ വിഘാതമായിരിക്കുമെന്നു അനുഭവം സാക്ഷിക്കുന്നുണ്ടു്. നിങ്ങളെപ്പോലെതന്നെ രക്ഷപെടണമെന്നു നിങ്ങൾ ആഗ്രഹിക്കുന്ന കുട്ടികളുടെ കാര്യവും അപകടത്തിലാകുവാനാണെളുപ്പം. അതിനാൽ കത്തോലിക്കേതരരുമായുള്ള മിശ്രവിവാഹം തിരുസഭ പൊതുവെ മുടക്കിയിരിക്കയാണു്.

തിരുസഭയുടെ പ്രസ്തുത നിർദ്ദേശത്തിനു് വിരുദ്ധമായി നിങ്ങളുടെ ആത്മാവിനു് നാശകരമാകാവുന്ന ഒരു വിവാഹത്തിൽ ഏർപ്പെടുന്നതിനു് നിർബന്ധിക്കുവാൻ മാതാപിതാക്കന്മാർക്കു് അധികാരമില്ല. അധികാരത്തിൽ കവിഞ്ഞുള്ള കല്പന അനുസരിക്കുന്നതിനു് കടമയുമില്ലല്ലോ. മാത്രമല്ല പാപകരമായ കല്പന അനുസരിക്കാതിരിക്കുന്നതിനുതന്നെ ചുമതലയുമുണ്ടു്.

രണ്ടാമത്തെയാളെ സംബന്ധിച്ചു പറഞ്ഞാൽ വിവാഹംമാത്രം ഉദ്ദേശിച്ചുള്ള പുനരൈക്യത്തെ സംബന്ധിച്ചു് സംശയിക്കണം. തല്ക്കാലം കാര്യം കാണാനായി കുറെ നാളത്തേക്കെല്ലാം പള്ളിയിൽ വരുകയും മററും ചെയ്യുമെങ്കിലും പിന്നീടു് ഒന്നുമില്ലാതാകാൻ എളുപ്പമുണ്ടു്. അങ്ങനെ വന്നാൽ മുൻപറഞ്ഞ വൈഷമ്യങ്ങളെല്ലാം ഉണ്ടാകും. അതുകൊണ്ടാണു് കഴിയുമെങ്കിൽ ആയാളേയും ഉപേക്ഷിക്കുകയായിരിക്കും നല്ലതെന്നു പറഞ്ഞതു്.

എന്നാൽ അതിനു നിവൃത്തിയില്ലാത്തപക്ഷം, വിവാഹത്തിനു ധൃതിവയ്ക്കാതെ, അയാൾ കത്തോലിക്കാ മതതത്വങ്ങൾ വേണ്ടവണ്ണം പഠിച്ചു് അതാണു് ഏകസത്യസഭയെന്ന ബോദ്ധ്യത്തോടുകൂടി പുനരൈക്യപ്പെടുകയും, ആ വിശ്വാസമനുസരിച്ചു് ജീവിക്കുന്നുണ്ടെന്നു നിങ്ങൾക്കു ബോദ്ധ്യപ്പെടുകയും ചെയ്തതിനുശേഷമേ അയാളെ സ്വീകരിക്കാവൂ. സഭയെക്കുറിച്ചു പഠിക്കുന്നതിനും ബോദ്ധ്യം വന്നതിനുശേഷം അതിൽ ചേരുന്നതിനും വിവാഹം ഒരവസരമാകുന്നതിൽ അബദ്ധമൊന്നുമില്ല.

ഏതായാലും ഇതുസംബന്ധിച്ചുള്ള ദൈവഹിതം അറിയുന്നതിനും അബദ്ധത്തിലെങ്ങും ചാടാതിരിക്കുന്നതിനും നിരന്തരം പ്രാർത്ഥിക്കുന്നതു കൂടാതെ കുമ്പസാരക്കാരൻെറ അഭിപ്രായംകൂടി ആരായേണ്ടതാണു്.

# —വിവിധവൃത്താന്തങ്ങൾ—

### ഇടത്തോട്ടമല്ല വലത്തോട്ടമല്ല, മുന്നോട്ട മുന്നോട്ട്!

ട്രിനിഡാഡ് ദ്വീപിൽ തൊഴിലാളികളേയും യുവജനസമാജങ്ങളേയും പാട്ടിലാക്കുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റുകാർ ഈയിടെ ഒരു ഐക്യമുന്നണിപ്രസ്ഥാനം ആരംഭിച്ചു. എന്നാൽ അവിടത്തെ മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം കത്തോലിക്കർ ഒന്നുചേർന്നു് സജ്ജീകരിച്ച വിരുദ്ധമുന്നണിമൂലം ആ പ്ലാനെല്ലാം തകർന്നുപോയിരിക്കുന്നു. കത്തോലിക്കരും അനുഭാവികളുംചേർന്നു് പൊളിററിക്കൽ പ്രോഗ്രസ്സ് ഗ്രൂപ്പ് എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിച്ച് ഒരു പ്രകടനപത്രികയും പ്രസിദ്ധീകരിച്ചു. ക്രിസ്തീയതത്വങ്ങളെ ആസ്പദമാക്കിയുള്ള പ്രസ്തുത മാനിഫെസ്റ്റോ ഏവരുടെയും പ്രശംസയ്ക്കു് പാത്രീഭവിച്ചു. അവരുടെ മുദ്രാവാക്യംതന്നെ ഇതാണു്: "ഇടത്തോട്ടമല്ല, വലത്തോട്ടമല്ല, മുന്നോട്ട മുന്നോട്ട്" കഴിഞ്ഞ നഗരസഭാ തിരഞ്ഞെടുപ്പിൽ തലസ്ഥാനപട്ടണത്തിലെ മേയർസ്ഥാനവും ഡെപ്യൂട്ടി മേയർസ്ഥാനവും അവക്കാരു് ലഭിച്ചിരിക്കുന്നതു്. ഇടവകൾതോറും സെൽ സമ്പ്രദായത്തിലുള്ള പഠനക്കളരികൾ ആരംഭിച്ചു്, ക്രിസ്തീയസാമുദായിക തത്വങ്ങൾ പരിശീലിപ്പിച്ചുവരുന്നു. ഇങ്ങനെ പുതിയ സംഘടനയ്ക്കു് സർവ്വത്ര പ്രചാരം സിദ്ധിച്ചതിനോടെ ഐക്യമുന്നണിയുടെ പരിപാടികളെല്ലാം നിഷ്പ്രയോജനങ്ങളായിത്തീരുകയാണു് ചെയ്തതു്.

### സിഗററുപയോഗവും കവിൾവാർപ്പുരോഗവും

കാൻസർ അഥവാ കവിൾവാപ്പു് ഒരു മഹാരോഗമാണു്. ശ്വാസകോശത്തിലുള്ള കാൻസർ ഒരു തീരാവ്യാധിയുമാണു്. ഒരു മുപ്പതു കൊല്ലമായി ശ്വാസകോശത്തിലെ ഈ മഹാവ്യാധി നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായി ഭിഷഗ്വരന്മാർ കണ്ടുപിടിച്ചു. എന്നാൽ അതിൻെറ കാരണമെന്താണെന്നു തീർത്തുപറയുന്നതിനു് അവർ ധൈര്യപ്പെട്ടില്ല. ന്യൂഓർലിയൻസിലെ സുപ്രസിദ്ധ സർജനായ ഡോക്ടർ ഓക്ക്സ്നർ ദീർഘകാലത്തെ പരിശോധനയുടെ ഫലമായി ഒരു സംഗതി രേഖപ്പെടുത്തി. ഈ രോഗത്തിനായി താൻ ശസ്ത്രക്രിയ നടത്തിയിട്ടുള്ള രോഗികളിൽ ബഹുഭൂരിപക്ഷവും 40 വയസ്സു കഴിഞ്ഞിട്ടുള്ളവരും, സിഗററുവലിക്കാരുമാണെന്നു് അദ്ദേഹം കണ്ടുപിടിച്ചു. ഇതേത്തുടർന്നു് മററു പല വിദഗ്ദ്ധന്മാരും പര്യവേഷണങ്ങൾ നടത്തി. അമേരിക്കനായ ഡോക്ടർ ഗ്രഹാം എന്ന പ്രസിദ്ധ ശാസ്ത്രജ്ഞൻ തൻെറ നിരീക്ഷണഫലങ്ങൾ രേഖപ്പെടുത്തിയതിൽ പറയുന്നു: 200 ശ്വാസകോശ കാൻസർ കെയിസുകൾക്കു് താൻ ശസ്ത്രക്രിയ നടത്തിയതിൽ തൊണ്ണൂററഞ്ചു ശതമാനവും കടുത്ത പുകവലിക്കാരാണെന്നു തെളിഞ്ഞു. ഇങ്ങനെ പലവിധം പരീക്ഷണങ്ങളുടെ ഫലമായി പുകവലി കാൻസർ രോഗത്തിനു് ഹേതുവാകുന്നുവെന്നുള്ള അഭിപ്രായം ഇപ്പോൾ മിക്കവാറും തീർച്ചപ്പെട്ടിരിക്കയാണു്. എന്നാൽ പുകയിലയിലുള്ള ഏതു സാധനമാണു് ഈ രോഗത്തിനു് നിദാനമാകുന്നതെന്നു് ശാസ്ത്രജ്ഞന്മാർ ഇതേവരെ മുഴുവനായി കണ്ടെത്തിയിട്ടില്ല.

### റഷ്യൻതടി ബോയിക്കോട്ടു ചെയ്യുന്നു

അയർലണ്ടിലെ ചില കച്ചവടക്കാർ റഷ്യയിൽനിന്നു് വില്പനയ്ക്കായി കുറെ തടികൾ ഇറക്കുമതിചെയ്തു. ജനങ്ങൾ അതേപ്പററി പ്രതിഷേധം പുറപ്പെടുവിച്ചു. മറുപടിയൊന്നുമുണ്ടായില്ല. അതിനാൽ ജനുവരി ഒന്നുമുതൽ റഷ്യൻ തടികൾ അയർലണ്ടിൽ യാതൊരു പണിക്കും ഉപയോഗപ്പെടുത്തരുതെന്നും സർവ്വത്ര അതിനെ ബോയിക്കോട്ടു് ചെയ്തുകൊള്ളണമെന്നും അഭ്യർത്ഥിക്കുന്ന പ്രമേയങ്ങൾ നഗരസഭകളിലെല്ലാം പാസ്സാക്കിയിരിക്കുന്നു. മേലിൽ ഈ ഇറക്കുമതിയെ നിശ്ശേഷം നിരോധിക്കുന്നതിനു് ഗവർമ്മെൻറിലേക്കും അപേക്ഷകൾ അയച്ചിട്ടുണ്ടു്.

### ഗൃഹവിദ്യാലയങ്ങൾ

കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിൽ കത്തോലിക്കാ വിദ്യാലയങ്ങൾ നടത്തുന്നതിനുള്ള അനുമതി സാവധാനത്തിൽ നിശ്ശേഷം പിൻവലിക്കപ്പെടുകയാണല്ലോ ചെയ്തുപോന്നിട്ടുള്ളതു്. എന്നാൽ കത്തോലിക്കാ പൊതുവിദ്യാലയങ്ങളുടെ സ്ഥാനത്തു് ഇപ്പോൾ ഗൃഹവിദ്യാലയങ്ങൾ അവിടെ ധാരാളമായി പ്രവർത്തനം നടത്തി ആ കുറവിനെ പരിഹരിക്കുന്നു. കത്തോലിക്കാമാതാപിതാക്കന്മാർ ഒന്നിച്ചുചേർന്നു് പത്തുകുട്ടികളിൽ കൂടാത്ത ഓരോ ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവക്കു് ഒരദ്ധ്യാപകനെ നിയമിച്ച് അവരുടെ വിദ്യാഭ്യാസം നിർവ്വഹിക്കുകയും ചെയ്യുന്നു. സ്റ്റേററുവക സ്കൂളുകളിൽ ബാലമനസ്സുകളിൽ കുത്തിവയ്ക്കപ്പെടുന്ന നിരീശ്വരപരമായ ആശയങ്ങളുടെ നശീകരപ്രവർത്തനങ്ങളെ ഈ മാർഗ്ഗത്തിൽക്കൂടിയാണു് അവർ എതിരിടുന്നതു്. കമ്മ്യൂണിസ്റ്റുകാരാൽ പുറംതള്ളപ്പെട്ട കത്തോലിക്കാ അദ്ധ്യാപകന്മാരും വക്കീലന്മാരും മററുദ്യോഗങ്ങൾ വഹിച്ചിരുന്നവരും ഈ ഗൃഹവിദ്യാലയങ്ങളിൽ നിയമിക്കപ്പെടുന്നു. കമ്മ്യൂണിസ്റ്റു പോലീസുകാർ ഈ പ്രസ്ഥാനത്തെ തേടിപ്പിടിച്ച് നാമാവശേഷമാക്കുന്നതിനു സകല യത്നങ്ങളും ചെയ്യുന്നുണ്ടു്. പലപ്പോഴും ഈ ക്ലാസ്സുകളെ അവർ ആക്രമിക്കുകയും കുട്ടികളേയും അതോടു ബന്ധപ്പെട്ടവരേയും ഉപദ്രവിക്കുകയും ചെയ്യുന്നുണ്ടു്. എങ്കിലും പ്രസ്ഥാനം ഉത്തരോത്തരം അഭിവൃദ്ധിപ്പെടുകയാണു്.

ഇരുമ്പുമറയ്ക്കു പുറകിൽനിന്നു് വിയന്നായിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകളിൽനിന്നു അറിവായിട്ടുള്ള കണക്കുകൾ ഇതിനു തെളിവാണു്. സ്റ്റേററുസ്കൂളുകളിലെ വിദ്യാർത്ഥികളുടെ ശതമാനം അടിക്കടി കുറഞ്ഞുവരുന്നു. പോളണ്ടിൽ കമ്മ്യൂണിസ്റ്റു വിദ്യാലയങ്ങളിലെ കുട്ടികളുടെ സംഖ്യ 65 ശതമാനമായി കുറഞ്ഞു. സ്ലോവാക്കിയായിൽ 40 ശതമാനത്തിൽ കുറവാരേ ഹാജരാകുന്നുള്ളു. ഹംഗറിയിലെ ചില ഭാഗങ്ങളിൽ ഉണ്ടായിട്ടുള്ള കുറവു് 40 മുതൽ 60 വരെ ശതമാനമാണു്. റുമേനിയായിൽ ഒരു സ്ഥലത്തു് വെറും 35 ശതമാനം മാത്രമേ സ്കൂളുകളിൽ പോകുന്നുള്ളു.

### കമ്മ്യൂണിസ്റ്റുകാർക്കു തലവേദനയുണ്ടാക്കുന്നു

യങ്ങ് കമ്മ്യൂണിസ്റ്റ് ലീഗിൻെറ സിക്രട്ടറി മി. എ. എൻ ഷെൽപിൻ ക്രെംലിനിൽ നടന്ന സോവ്യററുദ്യോഗസ്ഥന്മാരുടെ ഒരു മീററിംഗിൽ ഇപ്രകാരം പ്രസ്താവിച്ചു: "യങ്ങ് കമ്മ്യൂണിസ്റ്റ് ലീഗിലെ മതവിരുദ്ധമായ പ്രചാരണപരിപാടികൾ ആശങ്കാജനകമായ വിധത്തിൽ മന്ദീഭവിച്ചിരിക്കുന്നു. ചില സ്ഥലങ്ങളിൽ അതു നിശ്ശേഷം നിന്നുപോകുകയും ചെയ്തിട്ടുണ്ടു്." യുവജനങ്ങളിൽ മതത്തിനുള്ള സ്വാധീനതയെ ചില നേതാക്കന്മാർ അവമതിക്കുന്നതാണു് ഇതിനു കാരണമെന്നും തൻമൂലം ഒട്ടുവളരെപ്പേർ മതത്തിൻെറ തത്വസംഹിതകൾക്കു വിധേയരായിപ്പോരുന്നു എന്നും അദ്ദേഹം വിലപിച്ചു. 2 കോടിയോളം വരുന്ന ലീഗംഗങ്ങൾ ഓരോരുത്തരും മതത്തിനെതിരായ പ്രചാരണപ്രവർത്തനങ്ങൾ അവരുടെ അവശ്യകർത്തവ്യമാണെന്നു ധരിക്കണമെന്നും അതൊരു ഐച്ഛികവിഷയമായി ഒരിക്കലും പരിഗണിക്കരുതെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു.

### നിരീശ്വരനായ ശാസ്ത്രകാരൻ ഒരു വെറും മെക്കാനിക്കുമാത്രം

നോട്ടിംഗ്ഹാമിലുള്ള ബെക്കെററു് സ്കൂളിനോടനുബന്ധിച്ചു പണികഴിച്ചിട്ടുള്ള ഫിസിക്സ് ലാബറട്ടറി ഉൽഘാടനം ചെയ്തുകൊണ്ടു പ്രസംഗിച്ച നോട്ടിംഗ്ഹാം ബിഷപ്പു് റൈററു് റവ. ഡോക്ടർ എല്ലിസ് തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചതു് മതവിശ്വാസമില്ലാത്തവരും യഥാർത്ഥമായ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവരുമായ ശാസ്ത്രപടുക്കൾ ഒരു മെക്കാനിക്കിൻെറ നിലവാരത്തിൽനിന്നും അധികം ഉയരുന്നില്ല എന്നാണു്. അവരെ അനുകരിക്കരുതെന്നു വിദ്യാർത്ഥികളെ തിരുമേനി ഉൽബോധിപ്പിച്ചു. തിരുമേനി ഇപ്രകാരം തുടർന്നു:-"ഇന്നു നമ്മുടെ പല സ്കൂളുകളിലും പ്രത്യേകിച്ചു കോളെജുകളിലും ശാസ്ത്രീയവും ഗവേഷണപരവുമായ ഭാഗത്തിനുമാത്രം പരിഗണന നൽകിക്കൊണ്ടു് യാതൊരു മതവിശ്വാസവുമില്ലാത്ത പ്രഫസരന്മാരെ നിയമിക്കുന്നു. തൻമൂലം ഭൗതികമായ കാര്യങ്ങളിൽമാത്രം ശ്രദ്ധചെലുത്തുന്നതായ ഒരു പരിശീലനംമാത്രം യുവാക്കന്മാർക്കു ലഭിക്കുന്നതിനിടയാകുന്നു. ഒരാൾക്കു ഒരു ബി. എസ്സ് സി. ബിരുദം കൈക്കലാക്കാൻ സാധിക്കും. പക്ഷെ അതേസമയത്തു എഴുത്തും വായനയും അറിഞ്ഞുകൂടാത്ത ഒരു ഗ്രാമീണനുള്ളത്ര യഥാർത്ഥമായ വിദ്യാഭ്യാസം അയാൾക്കുണ്ടാകയില്ല എന്നുള്ളതാണു് വാസ്തവം."

### പണ്ഡിററു് നെഹ്റുവിൻെറ പ്രശംസ

പ്രധാനമന്ത്രി പണ്ഡിററു്നെഹ്റു ഏപ്രിൽ 24-ാംനു കേന്ദ്രജനസഭയിൽ ഇൻഡോചൈനാകാര്യത്തെപ്പററി പ്രസ്താവിക്കുകയിൽ പരിശുദ്ധപിതാവു് 12-ാം പീയൂസ് തിരുമനസ്സിലെ ഒരു പ്രസ്താവനയെ അഭിനന്ദിക്കുകയുണ്ടായി. പരസ്പരം ഭീഷണിപ്പെടുത്തുന്ന വൈരാഗ്യജനകവും ഭീമവ്യയഹേതുകവുമായ പരസ്പരബന്ധത്തിൽനിന്നു സമാധാനം സാദ്ധ്യമല്ല എന്നു മാർപ്പാപ്പാ തിരുമേനി പ്രസ്താവിച്ചതിനോടു് എന്തെങ്കിലും കൂട്ടിച്ചേർക്കേണ്ടതില്ല എന്നു മി. നെഹ്റു പ്രസ്താവിച്ചു.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1



തേവര സേക്രഡ്ഹാർട്ട്സ് കോളേജിലെ മരിയസഖ്യാംഗങ്ങൾ (1953—54)

Vol. 27, No. 35. SATHYADEEPAM Reg. No. M. 2293
Ernakulam, May 5, 1954

## കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ ആവശ്യകതയെപ്പററി

# പരിശുദ്ധ മാർപ്പാപ്പാമാരുടെ ഉൽബോധനങ്ങൾ



12-ാം പീയൂസ് മാർപ്പാപ്പാ



10-ാം പീയൂസ് മാർപ്പാപ്പാ



11-ാം പീയൂസ് മാർപ്പാപ്പാ

"ഒരു കത്തോലിക്കാപത്രം ഇടവകയിലെ നിരന്തരമായ ഒരു ധ്യാനമാകുന്നു."
(12-ാം പീയൂസ് മാർപ്പാപ്പാ)

"കാലോചിതമായ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം പ്രയോജനപ്രദമായ ഒരു സേവനമാകുന്നു."
(12-ാം പീയൂസ് മാർപ്പാപ്പാ)

"നല്ല പ്രസിദ്ധീകരണങ്ങൾക്കായി നിങ്ങൾ ചെയ്യുന്നതെന്തും നമുക്കു നേരിട്ടു ചെയ്യുന്നതായി നാം പരിഗണിക്കും. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ നമ്മുടെ ഹൃദയത്തോട് ഏററം സമീപിച്ചിരിക്കുന്നു. അവയിൽനിന്നു നാം പലേ സൽഗ്ഗുണങ്ങളും പ്രതീക്ഷിക്കുകയും ചെയ്യുന്നു."
(11-ാം പീയൂസ് മാർപ്പാപ്പാ)

"കത്തോലിക്കാപത്രങ്ങളെ പ്രസിദ്ധീകരിക്കുകയും അവയെ സൽസ്വഭാവികളായ മനുഷ്യർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടുകൂടാ. എല്ലാവർക്കും വായിക്കുവാൻ ഇടവരത്തക്കവണ്ണം അവയെ കഴിയുന്നിടത്തോളം അധികം പ്രചരിപ്പിക്കേണ്ടതു് ആവശ്യംതന്നെ. ദോഷകരങ്ങളായ പ്രസിദ്ധീകരണങ്ങളുടെ വിഷവായു ഏല്പിക്കാതെ ക്രിസ്തീയ പരസ്നേഹത്താൽ നമ്മൾ കാത്തുകൊള്ളേണ്ടവർ അവയെ പ്രത്യേകിച്ചും വായിക്കാൻ ഇടവരുത്തേണ്ടതാണ്."
(11-ാം പീയൂസ് മാർപ്പാപ്പാ)

"ഇക്കാലത്തു പ്രത്യേകിച്ചും കത്തോലിക്കാപ്രസിദ്ധീകരണങ്ങളോളം തിരുസഭയ്ക്കു ഗുണംചെയ്യുന്നതായി മററൊരു ഉപകരണവുമില്ല."
(11-ാം പീയൂസ് മാർപ്പാപ്പാ)

"കത്തോലിക്കാപ്രസിദ്ധീകരണങ്ങൾക്കു വേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ, എന്നല്ല നമ്മുടെ മോതിരവും കുരിശും ഉടുപ്പുകളും പണയം വയ്ക്കുവാൻപോലും നാം തയാറാണ്."
(11-ാം പീയൂസ് മാർപ്പാപ്പാ)

"ദേവാലയങ്ങൾ, സ്കൂളുകൾ മുതലായി എത്ര സ്ഥാപനങ്ങൾ ഏർപ്പെടുത്തിയാലും ശരിയായി നടത്തപ്പെടുന്ന കത്തോലിക്കാ പത്രങ്ങളില്ലെങ്കിൽ അവകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകയില്ല."
(10-ാം പീയൂസ് മാർപ്പാപ്പാ)

"നല്ല പ്രസിദ്ധീകരണങ്ങളെ എല്ലാവരും എല്ലാദിവസവും വായിക്കാൻ ഇടവരത്തക്കവണ്ണം കത്തോലിക്കാ പത്രങ്ങളേയും കത്തോലിക്കാ ഗ്രന്ഥങ്ങളെയും ധാരാളം പ്രചരിപ്പിക്കുന്നതിനോളം ആഗ്രഹിക്കത്തക്ക കാര്യം മററൊന്നുമില്ലെന്നാണ് നമ്മുടെ അഭിപ്രായം."
(15-ാം ബെനദിക്തോസ് മാർപ്പാപ്പാ)

"വൈദികർ [കത്തോലിക്കാ] പ്രസിദ്ധീകരണങ്ങളെ സർവ്വശുഷ്കാന്തിയോടുകൂടി ആദരിക്കുകയും അവരുടെ സമസ്ത വിദ്യാസമ്പത്തുകൊണ്ടു സഹായിക്കുകയും ചെയ്യേണ്ടതാണ്; [പ്രസിദ്ധീകരണ] പരിശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന യഥാർത്ഥകത്തോലിക്കർക്കെല്ലാം അവർ ഏററവും ഔദാര്യപൂർവ്വം സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്."
(13-ാം ലെയോ മാർപ്പാപ്പാ)

### ലേഖകന്മാരുടെ ശ്രദ്ധയ്ക്ക്:—

പത്രത്തിന്റെ പ്രഖ്യാപിതമായ ആദർശങ്ങൾക്കും സാഹിത്യപരമായ സാമാന്യ നിലവാരത്തിനും അനുയോജ്യമായ ലേഖനങ്ങൾ, ചെറുകഥകൾ മുതലായവ സാദരം ക്ഷണിച്ചുകൊള്ളുന്നു. പത്രസ്ഥലമനുവദിക്കുന്നിടത്തോളം ഉത്തമങ്ങളായവ പ്രസിദ്ധീകരിക്കുന്നതാണ്. യുവസാഹിത്യകാരന്മാരെ കഴിവുപോലെ പ്രോത്സാഹിപ്പിക്കുന്നതാണ്. പ്രസിദ്ധപ്പെടുത്താത്ത ലേഖനങ്ങൾ മടക്കിക്കിട്ടണമെന്നുള്ളവർ ആവശ്യമുള്ള സ്റ്റാമ്പുസഹിതം അപേക്ഷിക്കേണ്ടതാണ്. അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ രണ്ടു പ്രതിവീതം അയയ്ക്കണം. പത്രത്തിന്റെ വിജയകരമായ നടത്തിപ്പിനു മാന്യ മഹാജനങ്ങളുടേയും പ്രത്യേകം സാഹിത്യരസികന്മാരായ മാന്യ ലേഖകന്മാരുടേയും ഉള്ളഴിഞ്ഞ സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

എഡിററർ




പരിഷ്കരിച്ച ഒന്നാം ലക്കം

### സൗജന്യവിതരണഫണ്ട്:—

നാമമാത്രമായ ഒരു വരിസംഖ്യയ്ക്കു പത്രം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നതു് അതിന്റെ ലക്ഷ്യമായ സേവനാദർശം ഒന്നുമാത്രം അടിസ്ഥാനമാക്കിയാണെന്നു വിശദമാണല്ലോ. വരിസംഖ്യ കൊടുത്തു പത്രം വരുത്താൻ സാധിക്കാത്തവരെ സഹായിക്കുവാൻ ഞങ്ങൾ ഒരു സൗജന്യ വിതരണപദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടു്. അവശ്യാവശ്യവും വളരെ ഫലപ്രദവുമായ ആ പ്രവർത്തനത്തിന്റെ വിജയം ഉദാരമതികളായ ഞങ്ങളുടെ ഉപകാരികളെയാണാശ്രയിച്ചിരിക്കുന്നതു്. നിങ്ങളുടെ സംഭാവനകൾ ഇടയ്ക്കിടെ ആപ്പീസിലെത്തിച്ചുതന്നു നിങ്ങളുടെതായ സത്യദീപത്തിന്റെ പ്രകാശം ഇരുളടഞ്ഞ രംഗങ്ങളിലേക്കു കടത്തിവിടുക.

സൗജന്യമായി പത്രം കിട്ടുന്നതിനു ആഗ്രഹിക്കുന്നവർ സാധാരണമായി അടുത്തുള്ള ഒരു കത്തോലിക്കാ വൈദികന്റെയോ പ്രമുഖനായ ഒരു വ്യക്തിയുടേയോ സാക്ഷ്യംകൂടി വാങ്ങിച്ചയയ്ക്കണമെന്നു അനുസ്മരിപ്പിച്ചുകൊള്ളുന്നു.

മാനേജർ